No. 231

NOVEMBER 2011

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



## സർവ്വകലാശാലകളെ സംരക്ഷിക്കുവാൻ അണിചേരുക...

AKPCTA

KERALA PRIVATE
COLLEGE TEACHER

a monthly journal of
the all kerala private college teachers' association

No. 231 NOVEMBER 2011

EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar

*Managing Editor*
Dr. G. S. Suresh

*Assistant Editor*
Dr. M.S.Vasanthakumar

*Members*
P. Mammed
Dr. V. Rajendran Nair
Dr. K. P. Sukumaran Nair
Dr. Lekha Narendran
Dr. K. Sreevalsan
Dr. Mathew J. Muttath
A.G. Oleena
Dr. K.Biju kumar
Promod Vallachal
Dr. J. S. Sudheer
M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Dr. Soju

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org




# inside 231

**A Decade of Aggressive Commodification of Higher Education in India**
*Vijender Sharma*

**ക്യാമ്പസ്സിലെ സമൂഹവും സമൂഹത്തിലെ ക്യാമ്പസ്സും**
*സി. പത്മനാഭൻ*

**വികസിത രാജ്യങ്ങളിലെ അനിവാര്യമായ പ്രക്ഷോഭങ്ങൾ**
*നിഷാന്ത്. എ*

**രാമായണങ്ങളും സംഘപരിവാർ രാഷ്ട്രീയവും**
*ഡോ. യു. ഹേമന്ത്കുമാർ*

**മനുഷ്യനെന്ന മതം**
*ഡോ. മാത്യു ജെ. മുട്ടത്ത്*

**Disguise**
*Vinod kumar Edacherry*

**Income Tax**
*Tomichan Joseph*

- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- സമരപഥങ്ങൾ

*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

Chief Editor's Desk

# പുതിയ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തീരുമാനങ്ങൾ

യു.ഡി.എഫ് സർക്കാർ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പുനഃസംഘടിപ്പിച്ചിരിക്കുകയാണ്. പ്രശസ്ത നയതന്ത്രജ്ഞൻ ശ്രീ. ടി.പി. ശ്രീനിവാസനാണ് കൗൺസിലിൻെറ പുതിയ വൈസ് ചെയർമാൻ. ഒരു നയതന്ത്രജ്ഞൻ എന്ന നിലയിൽ ശ്രീ. ടി. പി. ശ്രീനിവാസൻെറ സേവനങ്ങളെ വിലകുറച്ച് കാണുന്നില്ല. എന്നാൽ അദ്ദേഹത്തിന് ഉന്നതവിദ്യാഭ്യാസ രംഗത്തുള്ള പരിചയവും പ്രാവീണ്യവും ഇനിയും തെളിയിക്കപ്പെടേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറ ഉപാദ്ധ്യക്ഷനായി നിയമിക്കപ്പെടുന്നയാൾ സർവകലാശാലാ തലത്തിൽ പ്രവർത്തിച്ച് പ്രാവിണ്യമുള്ള വൈസ് ചാൻസിലർ പദവിയിലുള്ളയാളായിരിക്കണമെന്നവ്യവസ്ഥയെ യു.ഡി.എഫ് സർക്കാർ തിരസ്കരിച്ചിരിക്കുകയാണ്. കൗൺസിൽ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ കാര്യത്തിലാകട്ടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ കേരളത്തിൻെറ പ്രത്യേക സാഹചര്യങ്ങളെ ജനപക്ഷത്തു നിന്ന് നോക്കിക്കാണുന്നതിനും അവയെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുന്നതിനും ശ്രമിച്ചിട്ടുള്ളവരോ ശ്രദ്ധേയമായ സംഭാവനകൾ ഈ രംഗത്ത് നല്കിയിട്ടുള്ളവരോ ആണെന്ന് പറയാനാവില്ല.

ശാസ്ത്രീയമായ പഠനങ്ങളിലൂടെയും വിപുലമായ ജനകീയ ചർച്ചകളിലൂടെയും കേരളത്തിൻെറ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കും സാമൂഹ്യനീതിയിലധിഷ്ഠിതമായ വികാസത്തിനും ഉതകുന്ന തരത്തിലുള്ള പരിഷ്ക്കാരങ്ങൾക്ക് രൂപം നല്കുവാനും യോജ്യമായ തീരുമാനങ്ങളെടുക്കുന്നതിൽ സർക്കാരിന് വേണ്ട നിർദ്ദേശങ്ങൾ നല്കുവാനും ഉത്തരവാദപ്പെട്ട ഉപദേശക സമിതി എന്ന നിലയിലാണ് മുൻ സർക്കാർ ഉന്നതവിദ്യാഭ്യാസ കൗൺസിലിന് രൂപം നല്കിയത്. ഈ ഉത്തരവാദിത്തം ഏറെറടുത്ത് നടത്തുന്നതിന് എൽ.ഡി.എഫ് സർക്കാർ കണ്ടെത്തിയത് പ്രാഗത്ഭ്യവും പരിചയവുമുള്ള ശ്രദ്ധേയനായ വിദ്യാഭ്യാസ വിചക്ഷണനും മുൻ വൈസ്ചാൻലിറുമായ ഡോ.കെ.എൻ.പണിക്കരെയാണ്. അദ്ദേഹത്തോടൊപ്പം ഈ മേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള ഒരു വിദഗ്ദ്ധ ടീമിനെ അംഗങ്ങളായി നിയമിക്കുകയും ചെയ്തു. ഡോ. കെ. എൻ. പണിക്കരും അദ്ദേഹത്തിൻെറ കമ്മിററി അംഗങ്ങളും അവരുടെ കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. ഡോ. കെ എൻ പണിക്കരുടെ നേതൃത്വത്തിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറ പ്രവർത്തനങ്ങൾ നാം ഏറെ ചർച്ച ചെയ്തിട്ടുതാണ്. ദേശീയ തലത്തിൽ പ്രശംസ നേടിയ പ്രസ്തുത കൗൺസിൽ രാജ്യത്തിനാകെ മാതൃകയായിരുന്നു. സി.ബി.സി.എസ് പരിഷ്കാരം, പാവപ്പെട്ട കുട്ടികൾക്കുള്ള ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, കോളജുകളുടെ ഭൗതികവും അക്കാദമികളുമായ സൗകര്യങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനുള്ള ക്ലസ്റ്റർ സമ്പ്രദായം, ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും മികവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള എറുഡിററ്, ആസ്പെയർ, സാധന, ഇൻകൾക്കേററ്, അക്വയർ, നർചർ തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ എൽ.ഡി.എഫ് സർക്കാരിന് വഴികാട്ടിയായി നിന്നു. ഈ പദ്ധതികളെല്ലാം ദേശവ്യാപകമായ പ്രശംസ പിടിച്ചു പററുകയും ചെയ്തിരുന്നു. കേരളത്തിൻെറ ഉന്നതവിദ്യാഭ്യാസ കൗൺസിലിൻെറ മാതൃക അനുകരണീയമാണെന്ന് കേന്ദ്ര മാനവശേഷി വകുപ്പും യു.ജി.സിയും അക്കാഡമിക് സമൂഹത്തിൻെറ മുമ്പിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

എന്നാൽ പുതിയ കൗൺസിൽ നിലവിൽ വന്നശേഷം കൗൺസിലിൻെറ പുതിയ മെംബർ സെക്രട്ടറി നടത്തിയ അഭിപ്രായ പ്രകടനം പത്രങ്ങളിലൂടെ വന്നത് തികച്ചും നിരാശാജനകവും പ്രകോപനപരവുമായിരുന്നു.

കേരളത്തിലെ ഡിഗ്രിതല പഠന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിഭാവനം ചെയ്ത് എൽ.ഡി.എഫ് സർക്കാർ നടപ്പാക്കിയ ഗ്രേഡിംഗ് ആൻറ് ക്രെഡിററ് സെമസ്റ്റർ സമ്പ്രദായത്തിലെ ഗ്രേഡിംഗ് നിലനിർത്തിയ ശേഷം ക്രെഡിററ് ആൻറ് സെമസ്ററർ സമ്പ്രദായം നിർത്തലാക്കുമെന്നും ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സർക്കാരിൻെറ നോഡൽ ഏജൻസിയാക്കി മാററുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും മെംബർ സെക്രട്ടറി സൂചിപ്പിച്ചിരുന്നു. പുതിയ കൗൺസിലിൻെറ ആദ്യയോഗം നടക്കുന്നതിന് മുമ്പാണ് സെക്രട്ടറി പ്രസ്തുത പ്രസ്താവന നടത്തിയത് എന്നത് ഏറെ ശ്രദ്ധേയമാണ്.

ദേശീയ വിദ്യാഭ്യാസ നയത്തിൻെറ ഭാഗമായി അംഗീകരിക്കപ്പെട്ടതും യശ്പാൽ കമ്മിററിയുൾപ്പെടെയുള്ള കമ്മീഷൻ പഠനങ്ങൾ ശുപാർശ ചെയ്തതുമായ ക്രെഡിററ് സെമസ്ററർ സമ്പ്രദായവും ഗ്രേഡിങ്ങും രാജ്യത്താകെ നടപ്പാക്കേണ്ടതാണെന്ന് യു.ജി.സിയുടെ വിദ്യാഭ്യാസ നയരേഖയിലും നിർദ്ദേശിക്കപ്പെട്ടിരുന്നു. അതിൻെറ ഭാഗമായിട്ടാണ് കേരളത്തിൽ ഈ പരിഷ്ക്കാരം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകളും പഠനങ്ങളും നടന്നത്. നിരവധിയായ ചർച്ചകൾക്കൊടുവിൽ സർവകലാശാലകളിൽ അത് നടപ്പിലാക്കാൻ എൽ.ഡി.എഫ് സർക്കാർ ശുപാർശ ചെയ്യുകയുമുണ്ടായി. പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിയശേഷം ആദ്യ ബാച്ച് പുറത്തു വന്നിട്ടില്ല. അതിന് മുമ്പുതന്നെ പ്രസ്തുത പരിഷ്ക്കാരം അവസാനിപ്പിക്കുമെന്ന മെംബർ സെക്രട്ടറിയുടെ അഭിപ്രായപ്രകടനം അങ്ങേയററം ബാലിശവും അനവസരത്തിലുള്ളതുമായിരുന്നു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഒരുപദേശക സമിതിയാണ്. അതിനെ സർക്കാരിൻെറ ചില പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയുടെ സ്വഭാവത്തിലേക്ക് മാററുമെന്ന സെക്രട്ടറിയുടെ പ്രസ്താവനയും തെററിദ്ധാരണാജനമാണ്. ഇത്തരത്തിൽ പ്രതികരിച്ച മെംബർ സെക്രട്ടറി തൽസ്ഥാനത്തു തുടരാൻ അർഹനാണോ എന്നത് പരിശോധിക്കേണ്ടതാണ്. ഈ സാഹചര്യത്തിലാണ് ഇത്തരം പരമാർശങ്ങൾ ഉന്നതവിദ്യാഭ്യാസ കൗൺസിലിൻെറ ഔദ്യോഗിക നയമാണോ എന്ന് വ്യക്തമകണമെന്ന് വൈസ് ചെയർമാനോടും യു.ഡി.എഫ് സർക്കാരിനോടും എ.കെ.പി.സി.ടി.എ ആവശ്യപ്പെട്ടത്. തത്ഫലമായിട്ടാവാം ഉന്നതവിദ്യാഭ്യാസ കൗൺസിലിൻെറ പ്രഥമ യോഗം ഈ വിഷയത്തിൽ കുറെക്കൂടി യുക്തിസഹമായ സമീപനമാണ് സ്വീകരിച്ചതായി കാണുന്നത്.

കൗൺസിൽ യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് വൈസ് ചെയർമാൻ ശ്രീ.ടി.പി. ശ്രീനിവാസൻ മാധ്യമങ്ങളോട് സംസാരിച്ചത് ഡോ. കെ. എം പണിക്കരുടെ നേതൃത്വത്തിൽ തുടങ്ങിവച്ച നല്ല പരിഷ്കാരങ്ങൾ മുന്നോട്ടു കൊണ്ടുപോകുമെന്നും എന്നാൽ അവയുടെ പ്രവർത്തനങ്ങളിലുള്ള പോരായ്മകൾ പരിശോധിച്ച് പരിഹാരം കണ്ടെത്തി മെച്ചപ്പെട്ട നിലയിലാക്കുവാനാണ് കൗൺസിൽ ഉദ്ദേശിക്കുന്നതെന്നുമാണ്. മുൻ കൗൺസിൽ ആവിഷ്കരിച്ച പദ്ധതികളുടെ നന്മ ഉൾക്കൊണ്ടു കൊണ്ട് അവയുടെ പരിമിതികളും അപാകതകളും തിരുത്തുവാൻ ശ്രമിക്കുമെന്നും അവയെ വഴിയിൽ വച്ച് ഉപേക്ഷിക്കുന്ന നയം സ്വീകരിക്കില്ല എന്നുമുള്ള അദ്ദേഹത്തിൻെറ അഭിപ്രായപ്രകടനം സ്വാഗതാർഹമാണ്.

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസമേഖലയുടെ സമകാലീന പ്രതിസന്ധി ആഗോളതലത്തിൽ മത്സരിച്ചു നില്കുവാനുള്ള അതിൻെറ ദൗർബല്യമാണെന്നും അതിനാൽ ആഗോളതലത്തിലുള്ള തൊഴിലവസരങ്ങളെ കണ്ടുകൊണ്ട് അനുയോജ്യമായ കോഴ്സുകൾ ഹ്രസ്വമായ കാലയളവിനുള്ളിൽ ആരംഭിക്കുന്നതിനുതകുന്ന തരത്തിലുള്ള *ഫ്ളക്സിബിലിററി* ഉണ്ടാക്കുകയാണ് വേണ്ടതെന്നും വൈസ് ചെയർമാൻ അഭിപ്രായപ്പെടുന്നു. ഒരു രാഷ്ട്ര തന്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തിനുണ്ടായ ഈ അഭിപ്രായം സ്വാഭാവികം മാത്രമാണ്. എന്നാൽ വിദേശ രാജ്യങ്ങളിലെ തൊഴിലവസരങ്ങൾക്ക് അനുയോജ്യമായ രീതിയിലുള്ള കോഴ്സുകൾ ക്ഷണത്തിൽ ആരംഭിക്കുന്നതിനുതകുന്നതിനാവശ്യമായ അയവ് ഉണ്ടാക്കിയെടുക്കുകയാണ് മുഖ്യമായും വേണ്ടതെന്ന പരാമർശം നാം ഗൗരവത്തോടെ കാണണം. വിദേശ തൊഴിൽ ലഭ്യമാകാൻ ഇംഗ്ളീഷിലുള്ള പരിജ്ഞാനവും ആശയ വിനിമയ ശേഷിയും അനിവാര്യമാണെന്നതിൽ തർക്കമില്ല. എന്നാൽ വിദേശ തൊഴിലിനെ ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടതെന്ന അഭിപ്രായം അംഗീകരിക്കാനാവില്ല. ഉന്നതവിദ്യാഭ്യാസത്തിൻെറ ലക്ഷ്യം മുഖ്യമായും വിവര-വിജ്ഞാനങ്ങളുടെ വ്യാപനവും അതിൻെറ കൈമാററം ചെയ്യലുമാണ്. അതിനനുസരിച്ചാണ് പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത്. ഓരോ മേഖലയിലെയും തൊഴിലടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തുക എന്നത് ഉന്നത വിദ്യാഭ്യാസത്തിൻെറ മുഖ്യമായ ലക്ഷ്യത്തിൽ നിന്നുമുള്ള വ്യതിചലനമായിരിക്കും. തൊഴിലടിസ്ഥാനത്തിലുള്ള പഠനവും പരിശീലനവും പ്രധാനപ്പെട്ടതാണെന്നതിൽ സംശയമില്ല. എന്നാൽ അതിന് അനുയോജ്യമായ പ്രത്യേക സംവിധാനം വിവിധതലങ്ങളിൽ രൂപപ്പെടുത്തുകയാണ് വേണ്ടത്.

ക്ലസ്ററർ സമ്പ്രദായം ശക്തിപ്പെടുത്തുവാനുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിൻെറ തീരുമാനം സ്വാഗതാർഹമാണ്. വ്യത്യസ്ത അക്കാദമിക് മേന്മകളുള്ള കോളജുകളെ ആ

രോഗ്യകരമായ പാരസ്പര്യത്തിലൂടെ ബന്ധപ്പെടുത്തിക്കൊണ്ട് അവരുടെ മികവിന്റെ നേട്ടങ്ങൾ പങ്കു വെയ്ക്കുന്നതിനും വിജ്ഞാനവ്യാപനം ത്വരിതപ്പെടുത്തുന്നതിനുമുള്ള പദ്ധതിയായിട്ടാണ് മുൻസർക്കാർ ക്ലസ്റ്റർ സമ്പ്രദായത്തെ കണ്ടതും നടപ്പിലാക്കാൻ ശ്രമിച്ചതും. എന്നാൽ സങ്കുചിതവും തെറ്റിദ്ധാരണാപരവുമായ കാഴ്ചപ്പാടോടെ ചില പ്രമുഖ മാനേജുമെന്റുകൾ ഈ പദ്ധതിയോട് നിസ്സഹരിക്കുയാണുണ്ടായത്. വരും നാളുകളിൽ ക്ലസ്റ്റർ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എയ്ഡഡ് കോളജുകളെയും അതിൽ ഉൾപ്പെടുത്തുവാനുള്ള ശ്രമമുണ്ടാകേണ്ടതാണ്. അല്ലെങ്കിൽ ഈ പദ്ധതിയുടെ പ്രയോജനം മഹാഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾക്കും നിഷേധിക്കപ്പെടും. തികച്ചും സുതാര്യവും ജനാധിപത്യപരവുമായി അക്കാദമിക നേട്ടങ്ങൾ വിദ്യാർത്ഥി സമൂഹത്തിനും കോളജുകൾക്കും സ്വായത്തമാക്കുക എന്നത് മാത്രമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് മാനേജ്മെന്റുകളെ ബോധ്യപടുത്തുവാനാകണം. അതേസമയം ക്ലസ്റ്റർ കോളജുകളെ ക്രമേണ കല്പിത സർവകലാശാലകളാക്കി മാററാനാകുമെന്ന കൗൺസിൽ വൈസ് ചെയർമാന്റെ അഭിപ്രായ പ്രകടനം ക്ലസ്റ്റർ സമ്പ്രദായത്തിന്റെ ലക്ഷ്യത്തെത്തന്നെ ചെറുതാക്കിക്കാണുന്ന തരത്തിലുള്ളതാണ്. കല്പിത സർവകലാശാല സങ്കല്പം തന്നെ ഇന്ന് അക്കാദമിക സമൂഹത്തിൽ ദേശീയ തലത്തിൽ ശക്തമായി വിമർശിക്കപ്പെട്ടിരിക്കയാണ്. യശ്പാൽ കമ്മിററി ഉൾപ്പെടെയുള്ള വിദഗ്ധ പഠനങ്ങൾ കല്പിത സർവകലാശാലകളുടെ പ്രവർത്തനത്തെ നിരുൽസാഹപ്പെടുത്തണമെന്നാവശ്യപ്പെടുകയും അതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടന്നു വരുകയുമാണെന്നത് ഈ സന്ദർത്തിൽ ഓർക്കേണ്ടതാണ്. ക്ലസ്റ്റർ കോളജുകൾ വളർന്ന് വികസിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അവയെ കല്പിത സർവകലാശാലകളാക്കി മാററുകയല്ല വേണ്ടത്, മറിച്ച് പ്രാദേശിക തനിമയുൾക്കൊള്ളുന്ന സർവകലാശാല പദവിയിലേക്ക് അവയെ ഉയർത്തിക്കൊണ്ടു വരികയാണ് വേണ്ടത്. എന്തായാലും ഈ വിഷയത്തിൽ വിശദമായ ചർച്ചയ്ക്ക് അക്കാദമിക് സമൂഹത്തിന് അവസരമുണ്ടാകേണ്ടതാണ്.

കോജുകളെ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവയുടെ പ്രവർത്തന ക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത റേററിംഗിലൂടെ അവയെ *പ്രതിഭാ കേന്ദ്രങ്ങളാക്കാൻ* വേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കുമെന്ന് വൈസ് ചെയർമാൻ അഭിപ്രായപ്പെടുകയുണ്ടായി. ഈ വിഷയവും വിശദമായ ചർച്ച അനിവാര്യമാക്കുന്ന ഒന്നാണ്. പ്രതിഭാ കേന്ദ്രങ്ങൾ ഉയർന്നു വരുന്നത് അഭികാമ്യമാണെങ്കിലും അതിലേയ്ക്കുള്ള ശ്രമത്തിൽ മാനദണ്ഡങ്ങളും റേററിംഗും നിശ്ചയിക്കുന്നത് കരുതലോടെയായിരിക്കണം. അല്ലെങ്കിൽ അവ വ്യത്യസ്ത അക്കാദമിക സാഹചര്യത്തിലും ഭൗതിക ചുററുപാടിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയിടയിൽ അവസര നിഷേധത്തിനും അസമത്വത്തിനും ഇടയാക്കും. ഉദാഹരണത്തിന് നഗരങ്ങളിൽ പ്രവർത്തിക്കുന്ന കോളജുകൾക്കുള്ള അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തതമാണ് ഗ്രാമതലത്തിലുള്ള കോളജുകളിലെ സാഹചര്യം. ഈ വ്യത്യസ്ത കണക്കിലെടുക്കാതെയുള്ള റേററിംഗ് -മാനദണ്ഡങ്ങൾ അവലംബിച്ചാൽ തീർച്ചയായും ഏതാനും വരേണ്യ സ്ഥാപനങ്ങൾക്ക് മാത്രമാകും ഇത്തരത്തിലുള്ളപ്രതിഭാ കേന്ദ്രങ്ങളായി ഉയരാൻ കഴിയുക. ബഹുഭൂരിപക്ഷം വരുന്ന സർക്കാർ സ്ഥാപനങ്ങളും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളും ഈ മത്സരത്തിൽ പിന്തള്ളപ്പെടുകയും പ്രാന്തവല്ക്കരിക്കപ്പെടുകയും ചെയ്യും. അതുകൊണ്ടുതന്നെ ഈ പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് ബന്ധപ്പെട്ട മേഖലകളിൽ വിശദമായ ചർച്ച നടത്തേണ്ടതുണ്ട്. അവസരസമത്വത്തിനുള്ള സാദ്ധ്യതയും വ്യത്യസ്ത പ്രവർത്തന സാഹചര്യങ്ങളുടെ പരിഗണയും പഠനവിധേയമാക്കേണ്ടതാണ്.

കോളജുകളുടെ അക്രഡിറേറഷനുമായി ബന്ധപ്പെട്ട് സംസ്ഥാനാടിസ്ഥാനത്തിലുള്ള അക്രഡിറേറഷൻ ഏജൻസി രൂപീകരിക്കുമെന്ന കൗൺസിൽ വൈസ്ചെയർമാൻ സൂചിപ്പിക്കുകയുണ്ടായി. അത്തരമൊരു സംവിധാനം സംസ്ഥാത്ത് ഉണ്ടാകേണ്ടതിന്റെ ആവശ്യകത സംഘടന മുമ്പേ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. അത്തരമൊരു സംവിധാനം രൂപപ്പെട്ടു വരുന്നതും സ്വാഗതാർഹമായ കാര്യമാണ്. പ്രസ്തുത ഏജൻസി രൂപീകരിക്കുന്നതിനു മുമ്പ് അതിന്റെ ഘടനയും പ്രവർത്തനശൈലിയും സംബന്ധിച്ച് ബന്ധപ്പെട്ടമേഖലയിലുള്ളവരുടെ അഭിപ്രായമറിയാൻ ശ്രമിക്കേണ്ടതാണ്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്ന് ആഭ്യന്തരമായി ലഭ്യമായിട്ടുള്ള ഭൗതിക സൗകര്യങ്ങളും മാനവശേഷിയും വൈദഗ്ധ്യവും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം കൂടുതൽപേർക്ക് ലഭ്യമാക്കുക എന്നതാണ് സംഘടനയുടെ കാഴ്ചപ്പാട്. മാറിയ കാലഘട്ടത്തിന്റെ ആവശ്യകതകൾക്കനുസൃതമായി സാമൂഹ്യനീതിയിലധിഷ്ഠിതവും ജനാധിപത്യമൂല്യങ്ങൾ പരിരക്ഷിക്കുന്നതുമായ ഏതൊരു വികസന ശ്രമത്തെയും സർവാത്മനാ സ്വാഗതംചെയ്യുവാൻ എന്നും നാം തയ്യാറാണ്. എന്നാൽ, വരേണ്യ താല്പര്യങ്ങൾ സംരക്ഷിക്കുന്നതും പൊതു വിദ്യാലയങ്ങളെ പ്രാന്തവല്ക്കരിക്കുന്നതും ദേശീയവും അന്തർദേശീയവുമായ കച്ചവടശക്തികളുടെ താല്പര്യങ്ങളെ പരിപോഷിക്കുന്നതുമായ ഏത് നടപടിയേയും പ്രതിരോധിക്കാൻ സംഘടന പ്രതിജ്ഞാബദ്ധമാണ്.



# സർവ്വകലാശാലകളെ സംരക്ഷിക്കുവാൻ അണിചേരുക

ഡോ.വി.രാജേന്ദ്രൻനായർ
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ



കേരളത്തിലെ സർവകലാശാലകളുടെ ഭരണം ഓരോന്നായി യുഡി എഫ് സർക്കാർ പിടിച്ചെടുത്തു കൊണ്ടിരിക്കുകയാണ്. സർവകലാശാലകളുടെ നിയന്ത്രണം തങ്ങളുടെ കൈപ്പിടിയിലൊതുക്കുവാനായി അവർ ജനാധിപത്യ മര്യാദകളെല്ലാം ലംഘിച്ചുകൊണ്ടിരിക്കയാണ്. കേരള സർവകലാശാലയിൽ തങ്ങൾക്ക് ഭൂരിപക്ഷമുണ്ടാക്കുവാനായി ഓർഡിനൻസ് കൊണ്ടു വരികയാണുണ്ടായതെങ്കിൽ കാലിക്കററ് സർവകലാശാലയിലെ തെരഞ്ഞെടുക്കപ്പെട്ട സമിതിയംഗങ്ങളെ പിരിച്ചു വിടുവാനായി സർവകലാശാല നിയമത്തിലെ നാളിതുവരെ ഉപയോഗിക്കപ്പെട്ടിട്ടില്ലാത്ത വകുപ്പ് ദുരുപയോഗം ചെയ്തുകൊണ്ട് ഗവർണ്ണറെക്കൊണ്ട് ഉത്തരവിറക്കിപ്പിക്കുകയായിരുന്നു. കേരള സർവ്വകലാശാലയിൽ മുൻ സർക്കാർ നാമനിർദ്ദേശം ചെയ്ത വിവിര സാങ്കേതിക ജൈവ സാങ്കേതിക മേഖലകളിൽ നിന്നുമുള്ള നാലുപേരെ പിരിച്ചു വിട്ട് പകരം ഉന്നത വിദ്യാഭ്യാസ രംഗത്തു നിന്നുള്ളവരെന്നു പറഞ്ഞു കൊണ്ട് തങ്ങളുടെ ആജ്ഞാനുവർത്തികളായ 5 പേരെ പുതിയതായി നാമനിർദ്ദേശം ചെയ്യുകയാണുണ്ടായത്. നിലവിലുള്ളവരുടെ കാലാവധി കഴിയുകയോ അവർക്കെതിരെ ഏതെങ്കിലും വിധത്തിലുള്ള അയോഗ്യത ആരോപിക്കുകയോ ചെയ്യാതെയാണ് ഈ പിരിച്ചു വിടൽ നടന്നത്. അവർക്ക് പകരം നിയമിക്കപ്പെട്ടവരിൽ പലരും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ യാതൊരു സംഭാവനയും നല്കിയവരല്ലെന്നു മാത്രമല്ല റഗുലറായ ഉന്നത വിദ്യാഭ്യാസ ഡിഗ്രി പോലും ഇല്ലാത്ത വ്യക്തിയും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. വെറും രാഷ്ട്രീയമായ ഏറാൻ മൂളികൾ മാത്രമാണ് അവരിൽ പലരും.

കാലിക്കററ് സർവകലാശാലയിൽ നിലവിലുണ്ടായിരുന്ന സിൻറിക്കേററ് കൈക്കൊണ്ട പല നടപടികളും തങ്ങളുടെ വിദ്യാഭ്യാസ കച്ചവട നയത്തിന് വിരുദ്ധമായതിനാലാണ് കാലാവധി തീരുന്നതിന് മുമ്പേ സിൻറിക്കേററ് പിരിച്ചു വിട്ടു കൊണ്ട് തങ്ങളുടെ ആശ്രിതരെ തൽസ്ഥാനത്ത് നാമനിർദ്ദേശം ചെയ്തത്. അതിനായി സർവകലാശാലാ സിൻൻറിക്കേിനെതിരെ ദുരാരോപണങ്ങളുന്നയിച്ചു കൊണ്ടും കെട്ടിച്ചമച്ച ചാർജ് ഷീററ് തയ്യാറാക്കിയും ഗവർണറെ തെററിധരിപ്പിച്ചാണ് പിരിച്ചു വിടൽ നടപടി പ്രാവത്തികമാക്കിയത്. അതിന് മുമ്പേ തന്നെ സെനററിലേക്കും സിൻറിക്കേററിലേക്കുമുള്ള തെരഞ്ഞെപ്പ് നിയമാനുസൃതം നടത്തുന്നതിനുള്ള നടപടികൾ സർവകലാശാല ആരംഭിച്ചിരുന്നതാണ്. അതിനെ മരവിപ്പിച്ചുകൊണ്ടും മുൻസിൻറിക്കേററ് കൈക്കൊണ്ട ജനോപകാരപ്രദങ്ങളായ പല നടപടികളും റദ്ദുചെയ്തു കൊണ്ടും വി. സിയുടെ ചുമതല വഹിച്ചിരുന്ന പ്രിൻസിപ്പൽ സെക്രട്ടറിയെക്കൊണ്ട് സർക്കാർ തീരുമാനമെടുപ്പിക്കുയായിരുന്നു. യഥാവിധി തെരഞ്ഞെടുപ്പ് നടന്നാൽ തങ്ങൾക്ക് വിജയിക്കാനാവില്ല എന്ന ഭയപ്പാടുകൊണ്ടാണ് ജനാധിപത്യ മര്യാദകളെ കാററിൽപ്പറത്തിക്കൊണ്ട് ഈ പിരിച്ചുവിടൽ നടത്തിയിരിക്കുന്നത്.

തുടർന്ന് കണ്ണൂർ സർവകലാശാല ഭരണം സ്തംഭിപ്പിക്കുവാനുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങുകയാണ്. ഗ്രേഡിംഗ് സംബന്ധിച്ച ദുഷ്പ്രചരണങ്ങൾക്ക് തങ്ങൾക്ക് സ്വാധീനമുള്ള കുത്തകപത്രങ്ങളിലൂടെ ശ്രമം ആരംഭിച്ചിരുന്നു. അതിനെതിരെ കണ്ണൂർ സർവ്വകലാശാലാ മേഖലയിൽ നമ്മുടെ സംഘടന സഹോദരപ്രസ്ഥാനങ്ങളോടൊപ്പം നടത്തിയ ബോധവല്ക്കരണ പ്രചരണ പരിപാടികൾ ഫലപ്രദമായതിനെ തുടർന്ന് ആ മേഖലയിലെ യു.ഡി.എഫ് തല്പര കക്ഷികൾ പുതിയ അടവും തന്ത്രവുമായി രംഗത്തെത്തിയിരിക്കയാണ്. സിൻറി

ക്കേററിൽ അംഗത്വമുള്ള സർക്കാർ ഉദ്യോഗസ്ഥനെക്കൊണ്ടു തന്നെ താൻകൂടി ഉൾപ്പെട്ട സിൻറിക്കേററിൻെറമേൽകെട്ടിച്ചമച്ച ആരോപണങ്ങളിൽ അന്വേഷണ ചുമതലയേല്പിച്ച് അഭ്യൂഹങ്ങൾക്ക് അവസരമൊരുക്കുകയുണ്ടായി. ഏതുവിധേനയും കണ്ണൂർ സർവകലാശാലയിൽ തങ്ങളുടെ സ്വാധീനമുറപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയിട്ടുള്ള ചിലർ തല്പര കക്ഷികളുടെ ഇച്ഛാനുസരണം ഏത് ഹീനമാർഗ്ഗവും അവലംബിക്കാൻ സർക്കാരിന് മടിയില്ല.

മഹാത്മാഗാന്ധി സർവകലാശാലയുടെ മേലും ഈ ജനാധിപത്യ ധ്വംസകരുടെ കരാള ഹസ്തങ്ങൾ നീളുകയാണ്. സർവവകലാശാലാ സിൻറിക്കേററിനെ ഉടൻ തന്നെ പിരിച്ചു വിട്ട് പുതിയ സമിതിയെ സർക്കാർ നാമനിർദ്ദേശം ചെയ്യുമെന്നും അതിനുള്ള നടപടികളെല്ലാം പൂർത്തിയായിട്ടുണ്ടെന്നും യു.ഡി.എഫിൻെറ താല്പര്യ സംരക്ഷകരായ ചില ഏറാൻമൂളി അക്കാദമിഷ്യൻമാർ പ്രചരണം നടത്തുകയാണ്.

എന്ത് പറഞ്ഞിട്ടാണ് എം.ജി സർവ്വകലാശാലാ ഭരണസമിതിയെ അവർ പിരിച്ചു വിടുക? അഴിമതിയുടെ പേരിലോ? അതോ ഭരണപരമായ പോരായ്മയുടെ പേരിലോ? ഡിഗ്രിതലത്തിൽ നടപ്പിലാക്കിയ പുതിയ പാഠ്യപദ്ധതിയുൾപ്പെടെ പഠനഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലും പരീക്ഷകളും മൂല്യനിർണ്ണയവും കുററമററ രീതിയിൽ നടത്തുന്നതിലും അങ്ങേയററം ആത്മാർത്ഥതയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എം. ജി സർവകലാശാലയിലെ നിലവിലുള്ള ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും മേൽ ഒരാരോപണവും കെട്ടിവയ്ക്കാൻ വിമർശകർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചു വരുന്ന എം. ജി സർവ്വകലാശാലാ ഭരണ സമിതിയെ പിരിച്ചു വിട്ടാൽ ജനാഭിപ്രായം തങ്ങൾക്ക് പ്രതികൂലമാകുമെന്ന് അവർ ഭയപ്പെടുന്നു. എങ്കിലും തങ്ങളുടെ പ്രഖ്യാപിതമായ രാഷ്ട്രീയ അജണ്ട നടപ്പിലാക്കാൻ ഏത് കുത്സിത മാർഗ്ഗവും അവർ ഉപയോഗിച്ചേക്കും. അതിനെതിരെ ശക്തമായ ജനകീയ മുന്നേററം രൂപപ്പെട്ടു വരേണ്ടതുണ്ട്.

എന്തിനു വേണ്ടിയാണ് ഈ സർക്കാർ നിലവിലുള്ള സിൻറിക്കേററുകളുടെ മേൽ ഈ കടന്നാക്രമണങ്ങൾ നടത്തുന്നത്? തങ്ങളുടെ ഏതാനും രാഷ്ട്രീയ അനുചരന്മാരെ തിരുകിക്കയററുക എന്നതുമാത്രമാണോ യു.ഡി.എഫിൻെറ ലക്ഷ്യം? യു.ഡി.എഫ് അധികാരത്തിലേറിയയുടനെ തന്നെ കാലിക്കററ് സർവകലാശാലയിൽ എയ്ഡഡ് കോളജുകളിൽ അൺഎയ്ഡഡ് കോഴ്സുകൾ യാതൊരു നിയന്ത്രണവുമില്ലാതെ അനുവദിക്കാനുള്ള ശ്രമം അവർ നടത്തുകയുണ്ടായി. ഇത്തരം കച്ചവട നടപടികൾക്കും സ്വജനപക്ഷപാദത്തിനും തങ്ങളുടെ ഏത് അഴിമതിയ്ക്കും കൂട്ടുനില്ക്കുന്നവരായ രാഷ്ട്രീയ ഭൃത്യന്മാരെകൊണ്ട് നിറച്ച് സർവകലാശാലയുടെ സ്വാധീനം തങ്ങൾക്കനുകൂലമാക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം.

ദീർഘനാളത്തെ സമര പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത ജനാധിപത്യ അവകാശങ്ങളും വിദ്യാഭ്യാസ രംഗത്തെ മൂല്യങ്ങളും തച്ചുടയ്ക്കാൻ അവർ മുന്നോട്ടു വരും. സെൽഫ്ഫിനാൻസിംഗ് സ്ഥാപനങ്ങളുടെയും ഓഫ് ക്യാമ്പസ് സെൻററുകളുടെയും പ്രവാഹം തന്നെയുണ്ടാകും. വിദ്യാർത്ഥികളുടെ അഡ്മിഷനിലും നിയമനങ്ങളിലും മാനദണ്ഡങ്ങളെല്ലാം കാററിൽ പറത്തപ്പെടും. പൊതു വിദ്യാലയങ്ങൾ തകർക്കപ്പെടും. ഡിഗ്രി -പിജി തലത്തിൽ ഏകജാലക സംവിധാനത്തിലൂടെ എൽ.ഡി.എഫ് സർക്കാർ തുടങ്ങി വച്ച അഡ്മിഷനിലെ സുതാര്യതയും കാര്യക്ഷമതയും തകർക്കപ്പെടും. ഈ വിപത്തുകൾക്കെതിരെ നമ്മുടെ സംഘടനയുൾപ്പെടെ അധ്യാപക അനധ്യാപക സംഘടനകളും വിദ്യാർത്ഥികളും




ചേർന്ന് കൂട്ടായ പ്രക്ഷോഭത്തിന് രൂപം നല്കേണ്ടതാണ്. അത്തരത്തിലുള്ള ഒരു കൂട്ടായ്മയ്ക്ക് സേവ് എം ജി സർവകലാശാല എന്ന പേരിൽ എ.കെ.പി.സി.ടി.എ- എ.കെ.ജി.സി.ടി- യൂണിവേഴ്സിററി ജീവനക്കാർ, കെ.ജി.ഒ.എ വിദ്യാർത്ഥികൾ രക്ഷിതാക്കൾ എല്ലാം ചേർന്ന് രൂപം നല്കിയിരിക്കയാണ്. പ്രസ്തുത കൂട്ടായ്മയുടെ നേതൃത്വത്തിൽ നവംബർ 3-ാം തിയതി എം. ജി സർവകലാശാല കാമ്പസിൽ ഗംഭീരമായ മാർച്ചും ധർണ്ണയും സംഘടിപ്പിക്കുകയുണ്ടായി. ഈ മാതൃകയിൽ സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും ജനകീയ സംരക്ഷണ സമിതി രൂപപ്പെട്ടുവരേണ്ടതാണ്. കേരളത്തിലെ സർവകലാശാലകളുടെ ജനാധിപത്യവും സ്വയംഭരണാവകാശവും സംരക്ഷിക്കുവാനും അഴിമതി വിമുക്തവും സാമൂഹ്യനീതിയിലധിഷ്ടിതവുമായ ഉന്നത വിദ്യാഭ്യാസം സംജാതമാക്കുവാനുമായി ഏവരും ഒന്നിച്ചണിചേരേണ്ടതാണ്.

# A Decade of Aggressive Commodifiction of Higher Education in India

## No Balance Between Access. Equity and Quality

**Vijender Sharma**
*Delhi University*



Twenty-first century witnessed unprecedented demand for higher education in India: general as well as professional. Instead of meeting this demand and ensuring further growth of the country, the successive central governments, since 1990s - the beginning of the era of globalization, liberalization and privatization, started withdrawal from higher education. There are several reasons responsible for it which includes socio-economic policies adopted by the successive central governments, particularly since mid-eighties, the ideological commitments of the ruling classes, role of the judiciary, and vested interests of the business houses.

Since the beginning of this century, the country has witnessed three governments - led by NDA, UPA-1 and UPA-2. The neo-liberal policies adopted by these governments posed new challenges, economic, social, political and cultural, at a time when more and more private institutions of higher education are being established. Such challenges include issues of access, equity, funding, quality, cultural diversity, poverty and sustainable development. Recent policy decisions taken by the UPA-2 government in view of the recommendations of the CABE Committees, National Knowledge Commission and Yashpal Committee will also severely affect access and equity and put the issue of social justice in higher education in jeopardy. The policy decisions of these governments have led to aggressive commoacaticnof highereducation in the countty

### Privatisation of Higher Education under NDA Regime

The BJP led NDA government at the centre (1998-2004) and the UGC resorted to several measures with ever-faster speed under the dictates of the World Bank and as a part of ongoing negotiations with the WTO on trade in services. Raising of fees, autonomy to institutions with practically no control over managements, relaxation in norms for granting deemed to be university status and funding linked to mandatory assessment and accreditation, were some of their decisions taken in order to usher in massive privatisation and commercialisation of higher education.

"Major efforts have been mounted for mobilisation of resources and it has been recommended that while the government should make a firm commitment to higher education, institutions of higher education should make efforts to raise their own resources by raising the fee levels, encouraging private donations and by generating revenues through consultancy and other activities," said the then HRD minister, Murali Manohar Joshi in the Country Paper[1] presented in the UNESCO World Conference on Higher Education held at Paris, in 1998. Justifying privatisation of higher education, he added, "It is not only justifiable but desirable to raise money from private sources in order to ease pressure on public spending."

**Ambani-Birla Report**

Mukesh Ambani and Kumarmangalam Birla, in their Report[2] on "A Policy Framework for Reforms in Education" submitted to the prime minister's Council on Trade and Industry in April 2000 considered education as a very profitable market. These two industrialists made a case for full cost recovery from students and immediate privatisation of several segments of higher education. The Ambani-Birla Report sought to convert the entire system of higher education in the country into a market where profit making would be the only consideration. If this Report was implemented, only those who could pay exorbitant amount of fees could have enrolled in higher education. For Ambani and Birla, education was a very profitable market which the corporate sector must control. In view of this, they wanted a legislation "banning any form of political activity on campuses of universities and educational institutions". Even the normal trade union activities were not to be allowed. The Report was criticized by students, teachers, parents and people at large[3].

**Directions of the World Bank**

In the wake of strong resistance to WTO-GATS and bitter struggles against privatization and commercialization of higher education, the World Bank came out with its Report 'Constructing Knowledge Societies: New Challenges for Tertiary Education' published in 2002[4].

The World Bank noted that reform proposals have been met with "fierce resistance and opposition." In the formulation of a long-term vision for the country's tertiary education system as a whole, it will "play *a catalytic role* by encouraging and facilitating the policy dialogue on tertiary education reforms. This can often be accomplished through preemptive information sharing and analytical work in support of national dialogue and goal-setting efforts, as well as through project preparation activities aimed at building stakeholder *consensus* during the project concept and appraisal phases. *The Bank can bring to the same table stakeholders who would not normally converse and work together.*"

> In order to strengthen national intelligence, to increase contacts with the scientific and intellectual community of the world, and to increase capabilities and upgrade knowledge for further development, India has no option but to stren gthen its public higher education system. The Government must take care of public interests and act to protect public services like health and education from the predatory elements that preach the ideology of the marketplace as the solution to every issue.

With the *diminishing* State funding of tertiary education, a coherent policy framework, an enabling regulatory environment, and appropriate financial incentives, student mobility can be encouraged by developing open systems that offer

recognition of relevant prior experience, degree equivalencies, credit transfer, tuition exchange schemes, access to national scholarships and student loans, and a comprehensive qualifications and lifelong-learning framework. The regulatory environment should be one, the World Bank suggested, that encouraged the private sector to expand access to good-quality tertiary education. Rules for the establishment of new institutions, including private and virtual ones, should be restricted to outlining minimum quality requirements and should not constitute barriers to entry. In the public sector, revenue may be ' generated from institutional assets, students and their families, and donations from third party contributors.

Therefore, the World Bank directed the governments of these countries to "put in place ***an enabling framework*** that encourages tertiary education institutions to be more innovative and more responsive to the needs of a globally competitive knowledge economy and to the changing labor market requirements for advanced human capital."

The World Bank proposed to play a central role by facilitating policy dialogue and knowledge sharing, supporting reforms through *programme and project lending, and promoting an enabling framework* for the production of the global public goods crucial to the development of tertiary education[5].

Having crippled the higher education system in India and other developing and transition countries, the World Bank evolved a 'new role' for itself in the higher education sector. But the prescriptions for the reforms in the higher education system were the same that the World Bank[6] has been giving since 1986.

**The Model Act for All Universities**

The World Bank basically directed the governments of developing and transition countries to respond to the necessities of the globalisation, emerging new trends in the higher education sector mentioned above, and make an enabling framework common to the entire education system. In return, it promised to bring about consensus among the stakeholders so that new market-oriented policies are implemented and not opposed by anyone.

It is actually this background in which the then BJP led NDA Government responded to World Bank pressure through the University Grants Commission (UGC) which issued a Concept Paper[7] in October 2003 entitled "Towards Formulation of Model Act for Universities of the 21st Century in India" with a view *"to prepare the Indian University system for the future."*

The Concept Paper noted, "Indian Universities, like their counterparts elsewhere in the world, have been performing many additional functions now a days, e.g., undertaking sponsored R&D and continuing education, providing knowledge-based advice and consultancy, preparation / publication of educational material like books / study reports / research papers and extending services to society. Of late, the worldwide advances, particularly in new Information and Communication Technologies (ICT), are greatly influencing the University system in the country. However, major issues like size, access, equity, relevance, quality and resource constraints continue to dominate the working of Indian Universities." Since the "Universities are becoming complex institutions", an appropriate strategy needs to be adopted "for their governance, organization and management."

Therefore, the *Acts* of Indian Universities should be changed "to bring in some uniformity in the working of Universities" through a *Model Act framework,* so that the Universities accept *"the challenges of globalization to offer high quality education and other services in a competitive manner"*. The new *Acts* of Universities would be "flexible and responsive to rapid changes taking place in the society (*Read: market*)." According to the Paper, the new common *Act* for all the universities would help the universities to benefit from ICT revolution and to "become competitive nationally and internationally" and help "India to become a *Knowledge Super Power* by the year 2020."

The UGC expected that "early adoption of this *Model Act* by Universities in the country will enable them to meet the X-Plan *Vision and Strategy* of UGC and to keep

pace with the world wide changes taking place so rapidly in higher education and research." This *Vision and Strategy* of the UGC was to prepare the Universities and institutions of higher educa tion for privatization and commercialization, and to make them financially self-sufficient and respond to the market. This X-Plan docum ent[8] clearly stated, *"In a way, India has partially privatized the higher education by initiating non-grantable teaching program mes and dual fees structure for professional subjects."*

By the exercise of formulating the *Model Act*, common for all the unive rsities, the Central Gover nment wanted to completely withdraw from the funding of the universities, colleges and institutions of higher education, to prepare them to be part of globalisation and face the consequences in the event of India becoming part of GATS and throw open its higher education sector to the transnational providers of education for profit-making, and become part of the business. As a result, a vast majority of students who come from the disadv antaged and weaker sections and the lower middle class would have been excluded from the benefits of higher education because these sections cannot bear the exorbitant cost of education [9,10].

In order to create an environment for these purposes, the then BJP led NDA Government and UGC were working overtime for several years by reducing state funding of and limiting access to higher education, heavy cost recovery, loans to students, terming higher education as a non-merit good, forcing assessment and accreditation of institutions, autonomous status to colle ges, starting self-financing courses and by promoting self-financing institutions, increased workload of teachers and non-teaching employees, contractual appointments and privatiz ation and commercialisation of higher education, etc. It was clearly understood by all stakeholders that if the *Model Act* was allowed to be adopted an orderly develop ment of higher education in India in the 21st century would not take place.

The attempt to introduce a *Model Act* was a desperate attempt of the BJP-led NDA government towards all round commercialization of higher education in the country. All stakeholders, students, teachers, parents and people at large fought all over the country against such a draconian proposal.

### The UPA Agenda: 'Reform' or 'Deform'

The congress led UPA government came into power in 2004. It had the outside support of the left parties. This government continued the drive of privatization and commercia lization of higher education launched by the previous NDA government. A large number of private institu tions were given deemed university status. It had to withdraw Foreign Educati onal Institutions Bill in May 2007 due to the strong opposition of CPI(M)[11]. The Model Act was also not pursued by it and was abandoned. The enabling framework common to the entire education system could not be made.

### Initiative under GATS

The UPA government gave initial offers in August 2005 to WTO under GATS which was protested by all stakeholders[12]. However, the commerce ministry circula ted in 2006 a consultation paper on trade in education services[13]. Titled "Higher Education in India and GATS: An Opportunity/' itwasinpreparationforthethen ongoing services negotia tions at the WTO.

The commerce ministry recommended "services negotiations (in WTO) could be used as an opportunity to invite foreign universities to set up campuses in India, thereby saving billions of dollars for the students travelling abroad." There fore, the consultation paper recommended striking "a balance" between "domestic regulation and providing adequate flexibility to such Universities in setting sylla bus, hiring teachers, screen ing students and setti ng fee levels".

The WTO had identified certain barriers to trade. These barriers/obstacles include the restrictions on free movement and natio nality requirements of stude nts and teachers, immig ration regulations, types of courses, movement of teach ers, modalities of payments or repatriation of money, conditions concerning use of resources, direct investment and equity ceilings, existence of public monopolies, subsidies to local institutions, economic need tests, exch

ange controls, non-recognition of equivalent qualifications, etc. The goal of 'free trade' regime under the WTO was to get these barriers removed in order to further liberalise the world economy. Therefore, the commerce ministry's recommendations about 'adequate flexibility', 'balance' between domestic regulations and 'removal of barriers' could prove disastrous for the Indian higher education system[14].

, The trade in education has adopted an alternative route outside the ambit of WTO-GATS. The developed countries and education providers now directly negotiate with sovereign states wanting to import higher education. Quite often they put pressure on developing and transition countries to open up their education sector to the foreign educational players. Such pressures were mounting on UPA government. It could not do much due to strong resistance of the left parties on whose support it depended.

**Alternative Framework: 100-Day Agenda**

The UPA-2 government came into power in May 2009. It knew that a Model Act like enabling framework, as directed by WTO, was not possible due to the resistance of all stakeholders. Therefore, its 100-day agenda[10] announced by the minister of human resource development included introduction of several bills in parliament and so called academic reforms. Accordingly, four bills regarding entry and operation of foreign educational providers, mandatory assessment and accreditation, prevention and prohibition of malpractices, and establishment of a tribunal to fast-track adjudication have been introduced in the budget session of parliament on 3 May 2010. Academic reforms agenda included introduction of semester system and choice based credit system in all institutions of higher education as recommended by the World Bank.

In addition a draft bill was issued for the constitution of an overarching authority National Commission for Higher Education and Research (NCHER)[16] based on the recommendations of Yashpai Committee and National Knowledge Commission. In the wake of strong criticism, this draft was revised[17] and selectively circulated. Another draft bill for starting innovation universities[18] has been circulated.

The UPA-2 government is changing the entire frame work of higher education system in the country without required consultation and debate. The minister is pushing this so called "reform agenda" with tremendous haste without any regard to opposition of academia and states. It is being questioned whether this agenda will 'reform' higher education system in India or 'deform' it. The compulsion of the minister and central government for pushing these "reforms" can be understood if we know the situation obtaining abroad in higher education sector after the recent economic meltdown particularly in USA and UK[19]. We should also know the initiatives and pressures built by these countries on Indian government in order to bail out the higher education sector of their own countries[20].

Through these bills, the UPA-2 government is creating a framework that would enable the implementation of its agenda of neo-liberal reforms in higher education system and for meeting the requirements of foreign educational institutions.

**Status Higher Education in India**

The increase in the number of universities since 1950-51 has been given in Table-1[21]. It is clear that the number of deemed to be universities shot up by 66 (228 percent rise) from 29 in 1990-91 to 95 in April 2005. Of the 66 new deemed to be universities, 57 came into being after 1999-00. This number rose to 101 with 38 aided deemed universities and 63 unaided deemed universities. As per UGC Annual Report[22], the number of private universities rose from 7 in 2005 to 21 as on 31.3.2009 and in one year alone (2009-10) 39 new private universities were started making its total to 60.

The increase of number of general higher education and professional colleges from 568 in 1950-51 to 16,865 in 2003-04 has been given in Table-2[21]. It is obvious from the Table that .while 5,180 new colleges were started in forty years from 1950-51 to 1990-91, more than this number, i.e. 5,398 new colleges were started in eleven years from 1990-91 to 2001-

## TABLE 1: NUMBER OF UNIVERSITIES

| Year | Central Universities | State Universities | Deemed to be Universities | Institutions of National Importance | Private Universities | Total |
|---|---|---|---|---|---|---|
| 1950-51 | 3 | 24 | - | - | - | 27 |
| 1960-61 | 4 | 41 | 2 | 2 | - | 49 |
| 1970-71 | 5 | 79 | 9 | 9 | - | 102 |
| 1980-81 | 7 | 105 | 11 | 9 | - | 132 |
| 1990-91 | 10 | 137 | 29 | 9 | - | 185 |
| As on 27-4-05 | 18 | 205 | 95 | 18 | 7 | 343 |

## According to UGC[22]

| Year | Central Universities | State Universities | Deemed to be Universities | Institutions of National Importance | Private Universities | Total |
|---|---|---|---|---|---|---|
| As on 31-3-09 | 40 | 231 | 128 | 5 | 21 | 425 |
| As on 31-3-10 | 42 | 256 | 130 | 5 | 60 | 493 |

## TABLE -2
### Number of General and Professional Colleges

| Year | General and Professional Colleges |
|---|---|
| 1950-51 | 568 |
| 1960-61 | 1,819 |
| 1970-71 | 3,277 |
| 1980-81 | 4,738 |
| 1990-91 | 5,748 |
| 2001-02 | 11,146 |
| 2003-04 | 16,865 |

### According to UGC[22]

| Year | General and Professional Colleges |
|---|---|
| 2005-06 | 19,327 |
| 2006-07 | 21,170 |
| 2007-08 | 23,206 |
| 2008-09 | 25,951 |
| 2009-10 | 31,324 |

02. A phenomenal number of new colleges, i.e. 5,719 were started in just two years from 2001-02 to 2003-04. Thus in thirteen years 11,117 new colleges were started. As per the UGC figures[22], in six years from 2003-04 to 2009-10 as many as 14,459 new colleges were started.

As against the total enrolm ent of 2 lakh students in 1950, the enrolment has risen to 146.25 lakh in 2010 including 60.80 lakh girl students constituting 41.6 percent of the total enrolment[22]. Prov isionally 86.55 percent of all students are studying at under-graduate level, 11.49 percent study at the Master's level, 0.89 percent are enrolled for research and 1.15 percent ae enrolled for diploma/ certificate course in colleges and universities. While 90.24 percent of all the under-graduate students and 70.83 percent of all postgraduate students are enrolled in colleges, only 17.23 percent of research students are

enrolled in the affiliated colleges while remaining had been in the universities and their constituent colleges. Of the total enrolment, 42.01 percent of the students are pursuing their degrees in Arts, 19.30 percent in Science, 17.83 percent in commerce and management. The remai ning 20.86 percent students are doing professional cours es in engineering and technol ogy (10.33 percent), medicine (3.48 percent), law, educat ion, etc. Approximately 22 percent of the students are covered under distance education programmes. About less than one-third of all students are enrolled in unaided institutions. Only 8,000 students are enrolled in 150 foreign education provi ders[23] with an average intake of little over 50 students.

The private professional colleges, opened for making quick money, outnumber public institutions several times over. For example, Andhra Pradesh has 240 engineering colleges of which 230 are private self-financing colleges[24] and merely 10 are public institutions. Likewise Karnataka has 122 engine ering colleges of which 102 are private self-financing colleges, one is a deemed to be university and 19 are either government or aided colleges. Both the quality and equity are the victims of this growth. Of these very few colleges have adequate infr astructure to impart quality education. The new AICTE web portal does not show these figures and its old web addresses are not available (as on 6 October 2011).

According to the AICTE statistics for 2004, there are 1,346 engineering colleges in India[25] in the government and private sector with the annual intake of 4,39,689 students which rose to 4,52,000 in 2005-06. However, estimated turn out of graduates from these institutions was only 2,51,716 in 2006 with more than half of these students passing out from institutes in Tamilnadu, Andhra Pradesh, Maharashtra and Karnataka.

While women students constitute about 40 percent of all students, enrolment of Scheduled Caste students is only 11.3 percent and that of Scheduled Tribe students is 3.6 percent. These ratios are far less than their corresp onding ratios in total popula tion. The women belonging to Scheduled Castes and Tribes living in rural areas are most disadvantaged and on the whole, both in rural and urban areas, scheduled populations are much behind the others. The current figures related to the enroll ment of SC, ST and OBC are not included in the Annual Report of the UGC for the year 2009-10.

There were 4,56,742 teachers in 2003-04, which meant the number of stude nts per teacher has risen from 12.6 in 1965-66 to 21.8 in 2003-04. But according to the Annual Report of the UGC[22] for the year 2009-10 the number of all teachers is 6.99 lakh out of which 86 percent are in colleges and 14 perc ent are in university departments and their constit uent colleges.

### Expenditure on Higher Education

At the inception of planning in the country, India was spending barely Rs. 17 crore on higher education, while the government expenditure alone was of the order of above Rs. 9,000 crore in early years of the present decade[26]. However, this growth was more than offset by increase in prices, and increase in population, more particularly student numbers in higher education.

The Union Government share in the total government expenditure on higher education in India fell from 20.57 percent in 1990-91 to 16.71 percent in 1996-97. It rose to over 26 percent in 1998-99 and 1999-2000 and again fell down to 19 percent in 2003-04. As a percentage of the GDP, the government expenditure on higher education was 0.46 in 1990-91 which decreased to 0.37 in 2003-04.

Public expenditure on technical education does not seem to have suffered major fluctuations during the 1990s. As a percentage of the GDP, the government expenditure on technical education was 0.15 in 1990-91 which decre ased to 0.13 in 2003-04.

It is shocking to note that expenditure per student has declined from Rs. 7,676 (in 1993-94 prices) in 1990-91 to Rs. 5,522 in 2002-03. This amounted to a decline by about 28 percent in just twelve years.

Public expenditure on scholarships in higher education decreased from Rs.15.35 crore (in 1993-94 prices) in 1990-91 to Rs.13.49 crore in 2003-04. This expenditure as a percentage of total expenditure on higher education was just 0.49 in 1990-91 and 0.32 in 2003-04. Similarly, public expenditure on scholarships in technical education decreased from Rs.2.72 crore (in 1993-94 prices) in 1990-91 to Rs.2.13 crore in 2003-04. This expenditure as a percentage of total expenditure on technical education was just 0.45 in 1990-91 and 0.23 in

2003-04.

However, after a long time, there was a substantial rise in the education budget of the Central Government for 2007-08. Increased budget was to mainly cater to the expansion of seats by 54 percent in centrally funded institutions of higher educa tion that was necessitated by reservation of 27 percent seats to Other Backward Classes without reducing the existing seats for general category. A further rise in education budget was made for 2008-09 which mainly catered to the opening up of more central universities and higher education institutions. Out of the total Department of higher Education alloca tion of Rs. 9,000 crore for the annual plan 2009-10, UGC was provided a grant of Rs. 4,375 crore and the actual expenditure as on 31 March 2010 was Rs. 3,589.85 crore, that is 82 percent[27].

**The Role of the Judiciary**

The Courts have played a proactive role in shaping the private higher education in the country. Since early nineties till date, the Supreme Court has been giving conflicting and confusing judgments shifting its position from suspecting private sector to the accept ance of the present reality. In Unnikrishnan case[28] in1993, the Supreme Court revisited the right of the State to interfere in the admission policy and fee structure of private professional instituti ons. The Court ruled that the capitation fee is patently unreasonable, unfair and unjust, and unconstitutional and thus it practically banned high fee charging private colleges, popularly known as capitation fee colleges. It held, among others, reserva tion of at least 50 percent of the seats in private colleges to be filled by the nominees of the government or the university as "free seats" on the basis of merit with a fee structure prescribed for government institutions. It called for a common entrance test and the appointment of a committee to fix the fee structure for the rest of the 50 percent that could meet all the expenditure, including that of the free seats, plus leave some profit to the management and the like. This judgment enabled the growth of capitation fee colleges in the name of 'self-financing' colleges[29]. Howe ver, the loot of the students continued unabated.

In 2002, a majority of an eleven-judge Constitution bench of the Supreme Court, in Pai Foundation case[30] while upholding the principle that there should not be capitation fee or profiteering, argued that "reasonable surplus to meet the cost of expansion and augmentation of facilities, does not however, amount to profite ering." It further said that the restrictions on fees and admission proposed In Unnikrishnan case prevented the accumulation of "reason able" surplus.

In 2005, the seven-judge bench of the Supreme Court in Inamdar case[31] held that States have no power to carve out for themselves seats in the unaided private profess ional educational institutions; nor can they compel them to implement the State's policy on reservation. It further held that every institution is free to devise its own fee structure; but profiteering and capitation fee are prohib ited. A committee headed by a retired judge was proposed to act as a regulatory measure aimed at protecting the interests of the students. However, the Court allowed up to a maximum of 15 percent of the seats for NRIs. This was a virtual endors ement of giving a legal license for converting education into a commodity that can be sold in the market to those who can afford it.

The Supreme Court in 2006 stayed the introduction of reservation for students belonging to other backw ard classes (OBC) in the centrally-funded educatio nal institutions and asked the government to justify the criteria it uses for identif ying particular categories as OBCs, as well as the quantum of 27 percent it has reserved for them[32]. The Central Government had made it clear that it would raise the number of seats by 54 percent so that the seats available for general category students were not affected. The expansion in the number of seats in centrally funded educatio nal institutions was taking place after a long time. But the Supreme Court stayed it. Later, the apex court allowed it on 10 April 2008 with a maximum of 10 percent relaxation to OBC students excluding creamy layer students.

എന്നാൽ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട കേരള അനുഭവ പാഠങ്ങൾ ഒട്ടേറെ പ്രതീക്ഷയ്ക്കു വക നൽകുന്നുണ്ട്. രണ്ടു സ്വാശ്രയ കോളജുകൾ = ഒരു സർക്കാർ കോളജ് എന്ന അബദ്ധജടിലമായ സമവാക്യത്തിൽ നിന്നാണല്ലോ കേരളത്തിലെ സ്വാശ്രയവിദ്യാ□്യാസരംഗം ഉദയം ചെയ്യുന്നത്. വിദ്യാർത്ഥികളുടെ എണ്ണത്തിനപ്പുറം വിദ്യാഭ്യാസത്തിന്റെ സാമൂഹ്യപരതയേക്കുറിച്ചോ നൈതികതയെക്കുറിച്ചോ യാതൊരു തരത്തിലുള്ള ആശങ്കകളും ഒരിക്കലും വച്ചു പുലർത്തിയിട്ടില്ലാത്ത കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി സംവിധാനത്തിന് ഇത്തരത്തിലുള്ള ഒരു സമവാക്യത്തിന് പുറകിൽ അണിനിരക്കാൻ പ്രത്യേകിച്ച് ഒരാലോചനയുടെയും ആവശ്യം ഉണ്ടായിരുന്നില്ല. ഉന്നതവിദ്യാ□്യാസ സ്ഥാപനം എന്നത് ഇത്ര എണ്ണം അദ്ധ്യാപകർ ജോലിചെയ്യുന്ന അല്ലെങ്കിൽ ഇത്ര എണ്ണം വിദ്യാർത്ഥികൾ പഠിക്കുന്ന ഇടം എന്നല്ലാതെ വിമർശനാത്മകമായ പ്രതിബോധത്തിന്റെയും അതുവഴി സമൂഹത്തെയാകെ മുന്നോട്ട് നയിക്കുന്നതിന് ചാലകശക്തിയായി വർത്തിക്കേണ്ടതിന്റെയും കൂടി ഇടമാണെന്ന വിമർശനാത്മക ബോധനശാസ്ത്രത്തിന്റെ ബാലപാഠം വലതുപക്ഷത്തിന് എന്നും വർജ്യമായിരുന്നല്ലോ. പക്ഷേ ഇവ്വിധം വിദ്യാഭ്യാസരംഗത്തെ അടിമുടി സ്വകാര്യവൽക്കരിക്കുന്നതിനെതിരായ അതിശക്തമായ സമരങ്ങൾ 90കളിൽ കേരളത്തിൽ നടന്നു. 90കളിലെ കാമ്പസ്സുകളുടെയും സമൂഹത്തിന്റെയും ജ്വലിക്കുന്ന ഓർമ്മകളായി ഈ സമരങ്ങൾ മാറുകയും ചെയ്തു. വ്യവസ്ഥകളില്ലാതെ നടപ്പിലാക്കിയ സ്വകാര്യവൽക്കരണ നയങ്ങളുടെ പരിണിതഫലങ്ങൾ ഇന്നും കേരളീയ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നിലുന്നാലും സ്വാശ്രയ സ്ഥാപനങ്ങൾക്ക് അതിശക്തമായ സാമൂഹ്യ നിയന്ത്രണങ്ങൾ ആവശ്യമാണ് എന്ന പൊതുബോധം സൃഷടിക്കുന്നതിന് ഇത്തരം സമരങ്ങൾ സഹായകരമായി.

എന്നാൽ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണത്തിനെതിരായി ഏറെ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു സമരവും കേരളത്തിലെ അക്കാദമിക്ക് സമൂഹം സംഘടിതമായി നടത്തിയെടുക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും വലിയമാറ്റങ്ങളേതും കൂടാതെ കൊളോണിയൽ കാലഘട്ടം മുതൽ നിലനിൽക്കുന്നതിനേക്കുറിച്ച് നേരത്തേ പരാമർശിക്കുകയുണ്ടായല്ലോ. 1990 കളിൽ തന്നെ കേരളത്തിലെ ഗവേഷകവിദ്യാർത്ഥികൾക്കിടയിൽ പാഠ്യപദ്ധതിയുടെ സമഗ്രമാറ്റം ആവശ്യപ്പെടുന്നരീതിയിലുള്ള. നീക്കങ്ങൾ ശക്തിപ്പെട്ടിരിക്കുന്നു. പിന്നീട് എ. കെ. പി. സി. ടി. എ. അടക്കമുള്ള അദ്ധ്യാപകസംഘടനകളുടെ നേതൃത്വത്തിൽ നടന്ന സർവ്വതലസ്പർശിയായ ചർച്ചകളുടെയും പഠനപ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കുകയും കേരളത്തിലെ കോളേജുകളിൽ സമഗ്രമാറ്റത്തിന് വഴിയൊരുക്കുന്ന മട്ടിൽ ഡിഗ്രി കോഴ്സുകൾ പുനഃസംഘാടനത്തിന് വിധേയമാവുകയും ചെയ്തു. ആഗോളവൽക്കരത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും കുത്തൊഴുക്കിൽ നിന്നും കേരളത്തിലെ കാമ്പസുകളെ രക്ഷിച്ചെടുക്കാനുള്ള വിശാലമായ സമരത്തിന്റെ ഭാഗമായി വേണം ഈ രംഗത്ത് സമീപകാലത്ത് നടന്ന പരിഷ്കാരങ്ങളെ കാണാൻ.

ഗുണമേൻമയുള്ളതും സാമൂഹ്യപ്രസക്തിയുള്ളതുമായ അറിവ് ഉൽപ്പാദിക്കപ്പെടുന്നതും അതിന് സഹായകരമായ ജനാധിപത്യ ബന്ധങ്ങൾ നിലനിൽക്കുന്നതുമായ ഇടം എന്നനിലയിലേക്കുള്ള കാമ്പസുകളുടെ വളർച്ചയേയാണ് ഉന്നതവിദ്യാഭ്യാസമേഖലയിലെ സ്വകാര്യവൽക്കരണം ഏറെക്കുറേ നടസ്സപ്പെടുത്തിയത്. അറിവ് സാമൂഹികമായി നിർമ്മിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യത്തിന് കടകവിരുദ്ധമാണ് അറിവ് സ്വകാര്യമായി ആർജ്ജിക്കേണ്ടതാണ് എന്ന നവലിബറൽ സാമ്പത്തിക ശാസ്ത്രത്തിന്റെ കണ്ടെത്തൽ. ഒരു സമൂഹത്തിലെ അറിവിന്റെ ഉൽപാദനവും ആ സമൂഹത്തിൽ നിലനിൽക്കുന്ന അധികാരഘടനയും തമ്മിൽ സ്ഥൂലതലത്തിലും സൂക്ഷ്മതലത്തിലും അതിശക്തമായ ബന്ധം നിലനിൽക്കുന്നുണ്ട്. ജനാധിപത്യരഹിതമായ ഒരു കാമ്പസിൽ ബാഹ്യശക്തികളാൽ സൃഷ്ടിക്കപ്പെട്ട അറിവ് വികലമായി മനസ്സിലാക്കുക എന്നതിനപ്പുറം യാതൊന്നും നടക്കാൻ സാധ്യതയില്ല. സമൂഹത്തിന്റെ അധികാര സമവാക്യങ്ങൾ മാറ്റിയെഴുതിക്കൊണ്ട് മാത്രമേ പുതിയ അറിവുകൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. അതേ സമയം തന്നെ പുതിയ അറിവുകൾ സൃഷ്ടിച്ചുകൊണ്ട് മാത്രമേ സമൂഹത്തിൽ നിലനിൽക്കുന്ന അധികാരസമവാക്യങ്ങൾ മാറ്റിയെഴുതാൻ സാധിക്കുകയുള്ളൂ. അതിസകീർണ്ണമായ ഈ പാരസ്പര്യത്തെ തകർക്കുന്ന എല്ലാ പരിഷ്കാരങ്ങളും മനുഷ്യപുരോഗതിക്കു വിഘാതം സൃഷ്ടിക്കുകയും അതുകൊണ്ട് തന്നെ ഒരു പുതിയ □□കാമ്പസ്സിന്റെ□□ സൃഷ്ടിയെ തടയുകയും ചെയ്യുന്നു.

(തുടരും)




# വികസിത രാജ്യങ്ങളിലെ അനിവാര്യമായ പ്രക്ഷോഭങ്ങൾ

**നിശാന്ത് എ.**
*പയ്യന്നൂർ കോളജ്, പയ്യന്നൂർ*



ആഗോള സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ മറികടക്കാൻ ലോകമുതലാളിത്തത്തിന് ഇനിയും സാധിച്ചിട്ടില്ല. പ്രതിസന്ധികൾ എളുപ്പം മറികടക്കാനാകുമെന്ന സാമ്പത്തികശാസ്ത്രജ്ഞരിൽ ചിലരുടെ വിലയിരുത്തൽ ശരിയല്ലെന്നതിന്റെ സൂചനകളാണ് യൂറോപ്പിലും അമേരിക്കൻ ഐക്യനാടുകളിലും രൂപപ്പെടുന്ന പ്രക്ഷോഭങ്ങൾ തരുന്നത്. വികസിത മുതലാളിത്ത രാജ്യങ്ങളിലെല്ലാം സാമ്പത്തിക വളർച്ചയിൽ തുടർച്ചയായി അസ്ഥിരത പ്രകടമാകുകയാണ്. തൊഴിലില്ലായ്മയുടെയും ദാരിദ്ര്യത്തിന്റെ ആക്കം കൂടുകയുമാണ്.

അമേരിക്കൻ ഐക്യനാടുകളിൽ വായ്പാ പരിധി സംബന്ധിച്ച് രൂക്ഷമായ അഭിപ്രായതർക്കമാണ് ഉള്ളത്. ലോകമാകെ ഓഹരി വിപണിയിൽ വൻ തകർച്ചയാണ് അമേരിക്കൻ പ്രതിസന്ധി വരുത്തിവെച്ചത്. സാമ്പത്തിക പ്രതിസന്ധി മൂലം റവന്യൂവരുമാനത്തിൽ വന്ന കുറവും ചില രാജ്യങ്ങളിൽ തകർച്ച നേരിട്ട ബാങ്കുകളുടെ കടബാധ്യത ഏറ്റെടുത്തതുമാണ് യൂറോപ്യൻ രാജ്യങ്ങളിലെ പ്രതിസന്ധിക്ക് കാരണം. വൻകിടബാങ്കുകളുടെ തെറ്റായ സാമ്പത്തിക പോളിസികൾ പ്രതിസന്ധികൾ സൃഷ്ടിച്ചു. അവയെ കരകയറ്റാനായി ഗവൺമെന്റ് നിയന്ത്രണമില്ലാതെ പൊതുമുതൽ ബാങ്കുകൾക്ക് നൽകിയത് ജനങ്ങളെ പ്രത്യേകിച്ച് തൊഴിലാളിവർഗത്തെയാണ് ബാധിച്ചത്. പ്രതിസന്ധികളിൽ നിന്ന് കരകയറാൻ ചെലവുചുരുക്കൽ നടപടികൾ, പൊതുനിക്ഷേപം വെട്ടിക്കുറക്കൽ, സർക്കാർ ജീവനക്കാരുടെ വേതനം കുറക്കൽ, നിയമന നിരോധനം, റിട്ടയർമെന്റ് പ്രായം വർധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ആണ് യൂറോപ്പിൽ നടപ്പിലാക്കുന്നത്. ഗ്രീസ്, റുമാനിയ, അയർലന്റ്, പോർച്ചുഗൽ, സ്പെയിൻ, ഇറ്റലി, ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെല്ലാം ചെലവുചുരുക്കൽ നടപടികളാണ് സ്വീകരിക്കപ്പെട്ടത്.

ഈ രാജ്യങ്ങൾക്ക് പുറമേ ഈജിപ്തിലും ടുണീഷ്യയിലുമെല്ലാം ചരിത്രത്തിലിടം നേടിയ ജനകീയ പോരാട്ടങ്ങൾക്ക് ലോകം ഇതിനകം സാക്ഷ്യം വഹിച്ചു കഴിഞ്ഞു. അമേരിക്കയിലും യൂറോപ്പിലും മാത്രമല്ല, ഏകാധിപത്യ-സ്വേച്ഛാധിപത്യ ഭരണങ്ങൾക്കെതിരായ പ്രക്ഷോഭങ്ങൾ അറബ് രാജ്യങ്ങളിലും വ്യാപിച്ചു.ദേശീയ പരമാധികാരത്തെ പ്രതിരോധിച്ച് നിലനിർത്താനും ആഗോളവൽക്കരണനയങ്ങളെ പരാജയപ്പെടുത്താനും ശക്തമായി നിലകൊള്ളുകയാണ് ലാറ്റിനമേരിക്കൻ ശക്തികൾ. യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിലാളികളും വിദ്യാർത്ഥികളും സമരങ്ങളിൽ സജീവമായി. എട്ട് ദിവസത്തേക്ക് ഗതാഗതവും തപാൽസർവ്വീസും സ്തംഭിച്ചു. അറബ് രാഷ്ട്രമായ ടുണീഷ്യയിൽ പ്രതിഷേധം




സംഘടിപ്പിച്ചവർക്കെതിരെ നടന്ന അടിച്ചമർത്തലിൽ 78 പേരാണ് കൊല്ലപ്പെട്ടത്. എന്നാൽ ജനകീയ പ്രക്ഷോഭത്തിന്റെ ഭാഗമായി സെയ്ൻ അൽ ആബ്ദീൻ ബെൻ അലി എന്ന ഏകാധിപതി രാജ്യം വിട്ടോടി. ഈജിപ്തിൽ മുബാറക്കിന്റെ ഭരണത്തിനെതിരെ നടന്ന 17 ദിവസത്തെ തുടർ പ്രക്ഷോഭങ്ങളുടെ ഭാഗമായി അദ്ദേഹത്തിന് സ്ഥാനം ഒഴിയേണ്ടിവന്നു. തൊഴിലാളിവർഗ്ഗം ഈജിപ്തിൽ സംഘടിച്ചത് ശ്രദ്ധേയമാണ്. ഗ്രീസിൽ ഒരു വർഷത്തിനിടയിൽ 14 പൊതുപണിമുടക്കുകളാണ് നടന്നത്. വിദ്യാഭ്യാസത്തിനുള്ള അടങ്കൽ വെട്ടിക്കുറക്കലിനെതിരെ വിദ്യാർത്ഥികൾ വമ്പിച്ച പ്രക്ഷോഭമാണ് നെതർലണ്ടിലും ഇറ്റലിയിലും നടത്തിയത്.

നവലിബറൽ സാമ്പത്തിക നയങ്ങൾക്ക് കീഴ്പ്പെട്ടുകൊണ്ട് രാജ്യങ്ങൾ വിദേശമൂലധനത്തിന് കീഴടങ്ങുന്ന സമീപനങ്ങളാണ് ലോകത്താകെ കണ്ടുവരുന്നത്. സാമ്രാജ്യത്വ-ആഗോളവൽക്കരണം ലോകത്താകമാനമുള്ള ചെറുതും വലുതുമായ, അവികസിതവും വികസിതവുമായ രാജ്യങ്ങളെ 'ഭംഗിയായി' കീഴടക്കിയിരിക്കുകയാണ്. പ്രതിസന്ധികളിൽ നിന്ന് കരകയറുമ്പോഴും വീണ്ടും പ്രതിസന്ധികളിലേക്ക് കുപ്പുകുത്തുന്ന അവസ്ഥയിലേക്ക് വികസിത മുതലാളിത്ത രാഷ്ട്രങ്ങളടക്കം എത്തിനിൽക്കുമ്പോൾ ആ രാഷ്ട്രങ്ങളിൽ ശക്തമാകുന്ന ജനകീയ കൂട്ടായ്മകളെ പ്രക്ഷോഭസമരങ്ങളെ അർഹിക്കുന്ന രാഷ്ട്രീയ ഗൗരവത്തോടെ കാണേണ്ടതുണ്ട്. സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടം' എന്ന പുസ്തകത്തിൽ ലെനിൻ സൂചിപ്പിച്ച രണ്ടാമത്തെ ജീവിതമാർഗ്ഗമാണ് ഇത്. 'എന്താണ് തൊഴിലാളി വർഗ്ഗത്തിന്റെ




മുന്നിലെ ചുമതല?' എന്ന് ലെനിൻ ചോദിക്കുന്നുണ്ട്. 'ഒന്നുകിൽ തോക്കെടുത്ത മുതലാളിക്ക് വേണ്ടി തങ്ങളുടെ സഹോദരതൊഴിലാളിയെ കൊല്ലുക; അല്ലെങ്കിൽ മുതലാളി പ്രമാണിമാർക്കെതിരായി തോക്ക് തിരിക്കുക' എന്നിവയാണ് ലെനിൻ നൽകുന്ന ഉത്തരം. രണ്ടാമത്തെ മാർഗ്ഗം സമരമാർഗ്ഗം മാത്രമല്ല; ജനതയുടെ ജീവിതമാർഗ്ഗം കൂടിയാണ്.

വികസിത രാജ്യങ്ങളിൽ ഇപ്പോൾ നടക്കുന്ന പ്രക്ഷോഭങ്ങൾ താനേ പൊട്ടിവീണ ഒരു വിപ്ലവമല്ല. സമയമാകുമ്പോൾ സ്വയം രൂപപ്പെട്ടുവന്ന ഒന്നല്ല അത്. ലോകത്തിന്റെയാകെ ഒരു വലിയ കാലത്തെ പ്രതിഷേധമാണത്. 'സമയമാകുമ്പോൾ താനേ പൊട്ടിവീഴുന്ന ആപ്പിളല്ല വിപ്ലവം; അത് പാകപ്പെടുത്തുക തന്നെവേണം' എന്ന ബൊളീവിയൻ വിപ്ലവകാരി ചെഗുവേരയുടെ വാക്കുകൾ ഓർക്കുക. ആഗോളവൽക്കരണ, ഉദാരവൽക്കരണ, സ്വകാര്യവൽക്കരണനയങ്ങൾക്കെതിരെയുള്ള നീണ്ടുനിന്ന പ്രതിരോധത്തിന്റെ ഉൽപന്നമാണ് ഇത്തരം മൂർത്തമായ സമരങ്ങൾ. പ്രതിസന്ധിയുടെ മൂലകാരണമായ സാമ്പത്തിക നയങ്ങൾക്കെതിരെ ഈ സമരങ്ങൾ ശക്തമായ ഭാഷയിൽ പ്രതികരിക്കുന്നുവെന്നതിനാൽ ഇവ തികഞ്ഞ രാഷ്ട്രീയസമരങ്ങളാണ്. അല്ലാതെ ഇന്ത്യൻ പശ്ചാത്തലത്തിൽ കാണുന്ന കേവലം ഉപരിപ്ലവമായി ഉപരിതലത്തെ മാത്രം സ്പർശിക്കുന്ന, അടിത്തറയെ തൊടാത്ത അരാഷ്ട്രീയ സമരങ്ങളല്ല. ട്രേഡ് യൂണിയനുകളുടെയും സാമൂഹിക പ്രസ്ഥാനങ്ങളുടെയും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പിന്തുണ നേടി നടത്തുന്ന രാഷ്ട്രീയ പ്രക്ഷോഭങ്ങൾതന്നെയാണ് നമുക്ക് മുതലാളിത്തരാജ്യങ്ങളിലടക്കം കാണാനാകുന്നത്. ഈ വർഷം ഒക്ടോബർ 15ന് 82രാജ്യങ്ങളിലെ 951 നഗരങ്ങളിലാണ് ഭരണകൂടങ്ങൾക്കെതിരെ ഇത്തരം ജനകീയപോരാട്ടം നടന്നത്.

ഇത്തരം സമരങ്ങളിൽ ഒട്ടേറെ ശ്രദ്ധയാകർഷിച്ച ഒന്നാണ് അമേരിക്കയിലെ വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ സമരം. ആഡ്ബസ്റ്റേഴ്സ്



എന്ന കനേഡിയൻ വംശജരുടെ സംഘടനയിൽ നിന്നാണ് ഈ ആശയം രൂപപ്പെടുന്നത്. ഒരു കൂട്ടം യുവാക്കളാണ് ഇതിന് നേതൃത്വം നൽകിയത്. ഇന്ന് അത് സർവ്വ അതിർവരമ്പുകൾക്കും അപ്പുറത്തേക്ക് മികച്ച രീതിയിൽ വളർന്നു കഴിഞ്ഞു. അടിസ്ഥാനവർഗ്ഗത്തിന്റെ പ്രശ്നങ്ങളെയാണ് പ്രക്ഷോഭം അഭിസംബോധന ചെയ്യുന്നത്. അമേരിക്കയുടെ ദേശീയവരുമാനത്തിന്റെ 40ശതമാനവും കൈയടക്കിവച്ചിരിക്കുന്നത് 1 ശതമാനം പേരാണ്. ഈ സാമ്പത്തിക അസമത്വത്തെ, അതിന് കാരണമാക്കിയ നയത്തെ തന്നെയാണ് പ്രക്ഷോഭം ചോദ്യം ചെയ്യുന്നത്. സമ്പന്നർ അതിസമ്പന്നരാകുകയും ദരിദ്രർ കൂടുതൽ ദരിദ്രരാകുകയും ചെയ്യുന്നു എന്നതാണ് അമേരിക്കൻ സാമ്പത്തിക ചിത്രം. സാമ്പത്തിക കമ്മി ഇല്ലായ്മ ചെയ്യുന്നതിന് സാമൂഹ്യക്ഷേമത്തിനുവേണ്ട നിക്ഷേപങ്ങൾ കുറക്കാനാണ് സർക്കാർ ശ്രമം. ഇതിന്റെ ഭാഗമായി തൊഴിലാളികളുടെ കൂലിയിൽ ഇടിവ് വന്നു. സാമൂഹ്യമേഖലയിലെ മുതൽമുടക്കിൽ നിന്ന് ഗവൺമെന്റ് പിൻമാറിയത് വിദ്യാഭ്യാസ-ആരോഗ്യചെലവുകൾ വർദ്ധിപ്പിച്ചു. തൊഴിലില്ലായ്മയും ദാരിദ്ര്യവും പെരുകുന്നു. ആഗോളമാധ്യമങ്ങൾ ഈ പ്രക്ഷോഭത്തിന് ബോധപൂർവ്വം പിന്തുണ നൽകാതെ വന്നപ്പോൾ തങ്ങളുടെ നിലപാട് ജനങ്ങളിലെത്തിക്കാൻ വേണ്ടി പ്രത്യേക പത്രം തന്നെ പുറത്തിറക്കുകയായിരുന്നു പ്രക്ഷോഭകാരികൾ. ആഗോളമാധ്യമങ്ങൾ നടത്തുന്ന 'വാർത്തകളെ അവഗണിക്കൽ' രീതി ആഗോള സാമ്രാജ്യത്വത്തിനനുകൂലമായ മാധ്യമങ്ങളുടെ രാഷ്ട്രീയം തന്നെയാണ് പ്രകടമാക്കിയത്. ഇത്തരം അവഗണനകളെല്ലാം മറികടക്കാൻ സമരക്കാർക്ക് സാധിച്ചത് ട്രേഡ് യൂണിയനുകൾ നൽകിയ ധാർമികമായ പിന്തുണ കൊണ്ടാണ്. മോട്ടോർ തൊഴിലാളികളും നേഴ്സുമാരുടെ സംഘടനയുമെല്ലാം ഇവർക്ക് നൽകിയ പ്രത്യക്ഷ പിന്തുണയിൽ നിന്നാണ് പ്രക്ഷോഭം ശക്തിപ്പെട്ടതും പൊതുപ്രക്ഷോഭമായി മാറിയതും.

ആഗോള മൂലധനത്തിന്റെ നിയന്ത്രണമില്ലാത്ത കുത്തൊഴുക്കിനെ പ്രതിരോധിക്കാൻ ഇത്തരം സമരങ്ങൾക്ക് സാധിക്കുമോ എന്ന സംശയം ബലപ്പെടുന്നുണ്ട്. എങ്കിലും സമ്പത്തിന്റെ അസന്തുലിതമായ കേന്ദ്രീകരണം സൃഷ്ടിക്കുന്ന സാമൂഹിക അരക്ഷിതാവസ്ഥയെ ചോദ്യം ചെയ്യുന്ന ചെറുതും വലുതുമായ പ്രക്ഷോഭങ്ങൾ ലോകത്താകമാനം ഇനിയും വ്യാപിക്കുക തന്നെ ചെയ്യും.

## എ.കെ.പി.സി.ടി.എ. യുടെ ആദരാഞ്ജലികൾ



മുല്ലനേഴി



കാക്കനാടൻ




# രാമായണങ്ങളും സംഘ്പരിവാർ രാഷ്ട്രീയവും

**ഡോ.യു.ഹേമന്ത്കുമാർ**
*എസ്.എൻ.കോളജ്,ചേളന്നൂർ*
*കൺവീനർ, എ.കെ.പി.സി.ടി.എ*
*അക്കാദമിക് കമ്മിറ്റി*



പ്രശസ്ത ഇന്ത്യൻ ഇംഗ്ളീഷ് എഴുത്തുകാരനും ഭാഷാ ശാസ്ത്രജ്ഞനുമായ എ. കെ രാമാനുജൻെറ 'മുന്നൂറ് രാമായണങ്ങൾ - അഞ്ച് ഉദാഹരണങ്ങളും വിവർത്തനങ്ങളെക്കുറിച്ചുള്ള മൂന്നു ചിന്തകളും' ('Three Hundred Ramayanas-Five Examples and Three thoughts on Translations') എന്ന ശീർഷകത്തിലുള്ള പ്രബന്ധം ബി. എ ചരിത്രം (ഓണേഴ്സ്) കോഴ്സിൻെറ സിലബസിൽ നിന്ന് ഒഴിവാക്കാനുള്ള ഡൽഹി സർവ്വകലാശാല അക്കാദമിക് കൗൺസിൽ തീരുമാനം അക്കാദമിക് സമൂഹത്തെയും മതനിരപേക്ഷ ശക്തികളേയും ശാസ്ത്രീയമായ ചരിത്രരചനയോട് പ്രതിബദ്ധത പുലർത്തുന്നവരെയും അക്ഷരാർത്ഥത്തിൽ അമ്പരപ്പിച്ചിരിക്കുകയാണ്. മത സാമുദായിക വർഗ്ഗീയ സംഘടനകളുടെ ഇടപെടലിൻെറ ഭാഗമായി സിലബസിൽ നിന്ന് പുസ്തകങ്ങളും പാഠഭാഗങ്ങളും നീക്കം ചെയ്യുന്നത് പുതിയ അനുഭവമല്ലെങ്കിലും ഡൽഹി സർവ്വകലാശാല അക്കാദമിക് കൗൺസിലിൻെ തീരുമാനവും അതിലേക്ക് നയിച്ച സംഭവങ്ങളും സൂക്ഷ്മമായി വിലയിരുത്തുമ്പോൾ അക്കാദമിക് രംഗത്തും പൊതു സമൂഹത്തിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന തീരുമാനമാണതെന്ന് വ്യക്തമാകും. 'പൗരാണിക ഇന്ത്യൻ സംസ്കാരം' എന്ന കോഴ്സിൻെറ ഭാഗമായാണ് ഇത് സിലബസിലുണ്ടായിരുന്നത്. അക്കാദമിക് സമൂഹത്തിൻെറ വ്യാപകമായ എതിർപ്പ് ഉയർന്നുവന്നിട്ടുണ്ടെങ്കിലും സംഘപരിവാറിനോട് ആഭിമുഖ്യം പുലർത്തുന്ന 'ശിക്ഷബച്ചാവോ ആന്തോളൻ സമിതി' എന്ന സംഘടനയും ബി.ജെ.പി.യുടെ അധ്യാപകസംഘടനയായ നാഷണൽ ഡെമോക്രാറ്റിക് ടീച്ചേഴ്സ് ഫ്രണ്ടും അക്കാദമിക് കൗൺസിൽ തീരുമാനത്തെ ന്യായീകരിച്ചുകൊണ്ട് രംഗത്തുവന്നിരിക്കുന്നു. ഇതിൽ ശിക്ഷ ബച്ചാവോ ആന്തോളൻ സമിതി 'മാർക്സിൻെറയും വഹാബിസത്തിന്റെയും അനുയായികളിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ദേശീയ ചരിത്രകാരന്മാരുടെ ഫോറമെന്ന് സ്വയം അവകാശപ്പെടുന്നവരാണ്. 2006 ൽ ടിപ്പുസുൽത്താനെക്കുറിച്ചുള്ള പരാമർശങ്ങൾ ചരിത്ര പുസ്തകത്തിൽ നിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടത് ഈ സംഘടനയാണ്. 2008ൽ രാമാനുജൻെറ പ്രബന്ധത്തെക്കുറിച്ച് സംഘപരിവാർ സംഘടനകൾ വിവാദമുയർത്തിയപ്പോൾ പ്രബന്ധം

> ഇന്ത്യൻ സാംസ്കാരത്തിൻെറയും പാരമ്പര്യത്തിൻെറയും സവിശേഷത അതിൻെറ ബഹുസ്വരതയാണ്. ഇന്ത്യയ്ക്കകത്തും പുറത്തും പ്രചാരത്തിലുള്ള വ്യത്യസ്ത രാമകഥകൾ ഇന്ത്യൻ സാംസ്കാരത്തിന്റെയും രാമായണത്തിന്റെയും ബഹുസ്വരതയെയാണ് അടിവരയിടുന്നത്. സംഘവരിവാറിന് ഉൾക്കൊള്ളാനാകാത്തത് ഈ ബഹുസ്വരതയാണ്

പിൻവലിക്കണമെന്നാവശ്യപ്പെട്ട് (ഹിന്ദുക്കളുടെ മതവികാരത്തെ വ്രണപ്പെടുത്തുമെന്ന ന്യായത്തിൽ) ഡൽഹി ഹൈക്കോടതിയെ സമീപിച്ചതും ഈ സംഘടനയാണ്. അക്കാദമിക് കൗൺസിലിൻെറ തീരുമാനം അക്കാദമിക് സ്വാതന്ത്ര്യത്തിന് നേരെയുള്ള കയ്യേറ്റം മാത്രമല്ല, വിദ്യാഭ്യാസ രംഗത്തെ കാവിവൽക്കരിക്കാനുള്ള സംഘപരിവാർ അജണ്ടയുടെ ഭാഗമാണെന്ന് കൂടി കാണാൻ പ്രയാസമില്ല

എ.കെ രാമാനുജൻെറ പ്രബന്ധം എതുകൊണ്ട് സംഘപരിവാറിനെ പ്രകോപിച്ചു? ഇന്ത്യയ്ക്കകത്തും പുറത്തും പ്രചാരത്തിലുള്ള രാമകഥയുടെ വ്യത്യസ്ത രൂപങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയമായ പ്രബന്ധമാണ് രാമാനുജൻേറത്. 1980 കളിൽ പിറ്റ്സ്ബർഗ് യൂണിവേഴ്സിയിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച ഈ പ്രബന്ധം പൗളറിച്ച്മേൻ എഡിററ് ചെയ്ത *Many Ramayanas; The Diversty of A Narrative Tradition in South Asia* എന്ന പുസ്തകത്തിലെ ആമുഖ ലേഖനമാണ്. രാമകഥയുടെ വിവിധ രൂപങ്ങളെക്കുറിച്ച് ആദ്യമായി വിശദമായി ചർച്ച ചെയ്തത് ഫാദർ കാമിൽബുൽക്കെ എന്ന പണ്ഡിതനാണ്. രാമകഥയുടെ വിവിധ പറയലുകളെ ( Telling) ക്കുറിച്ചാണ് രാമാനുജൻ പ്രതിപാദിക്കുന്നത്. Variant എന്ന പദമല്ല Telling എന്ന പദമാണ് അദ്ദേഹം ബോധപൂർവ്വം പ്രയോഗിക്കുന്നത്. രാമായണകഥകളിൽ എന്തെങ്കിലുമൊരു രൂപം ആധികാരികമാണെന്ന സൂചന നൽകാതിരിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. രാമായണത്തിൻെറ ഒരു പാഠത്തെ മാത്രം പ്രതിഷ്ഠാപനം (canonise) ചെയ്യുന്നത് ശരിയായിരിക്കില്ല എന്ന സന്ദേശമാണ് ഇത് നൽകുന്നത്. രാമായണത്തിൻെറ നിരവധി വൈവിധ്യമാർന്ന പാഠങ്ങളെ വാല്മീകി രാമായണത്തിൻെറ പാഠഭേദങ്ങളായല്ല സ്വതന്ത്രമായ പറയലുകളായാണ് രാമാനുജൻ വിശദീകരിക്കുന്നത്. രാമായണത്തെ മതപാഠമായി (religious text) മാത്രം കരുതുന്നവർക്ക് രാമൻെറ സഹോദരിയായിരുന്നു സീതയെന്നും രാവണൻ സീതയെ വിവാഹം കഴിച്ചു എന്നും സീത രാവണ പുത്രിയാണ്


എ.കെ. രാമാനുജൻ

എന്നുമുള്ള വിവിധ കഥകൾ പ്രചാരത്തിലിരിക്കുന്നതിനെ തമസ്കരിക്കാനായിരിക്കും താല്പര്യം. വാമൊഴിയും വരമൊഴിയായും ഇന്ത്യൻ ഭാഷകളിലും വിദേശത്തും എണ്ണമറ്റ രാമായണ കഥകൾ പ്രചാരത്തിലുണ്ട്. ഇന്ത്യക്ക് പുറത്ത് പ്രചാരത്തിലുള്ള പേർഷ്യൻ രാമായണം, ടിബറ്റൻ രാമായണം, ഖോത്താനി രാമായണം, ബർമ്മീസ് രാമായണം, തായ്ലൻറ് രാമായണം, ലാവോസ് രാമായണം, മലേഷ്യൻ രാമായണം, ജാപ്പാനിസ് രാമായണം എന്നിവയെക്കുറിച്ച് പണ്ഡിതന്മാരുടെ പഠനങ്ങളിൽ സൂചനകളുണ്ട്. ഇന്ത്യൻ സാംസ്കാരത്തിൻെറയും പാരമ്പര്യത്തിൻെറയും സവിശേഷത അതിൻെറ ബഹുസ്വരതയാണ്. ഇന്ത്യയ്ക്കകത്തും പുറത്തും പ്രചാരത്തിലുള്ള വ്യത്യസ്ത രാമകഥകൾ ഇന്ത്യൻ സാംസ്കാരത്തിന്റെയും രാമായണത്തിന്റെയും ബഹുസ്വരതയെയാണ് അടിവരയിടുന്നത്. സംഘവരിവാറിന് ഉൾക്കൊള്ളാനാകാത്തത് ഈ ബഹുസ്വരതയാണ്

ഡൽഹി സർവ്വകലാശാല അക്കാദമിക് കൗൺസിലിന്റെ തീരുമാനത്തിലേക്ക് നയിച്ച സംഭവങ്ങളുടെ തുടക്കം 2008 ലാണ്. ഹിന്ദുമത വികാരത്തെ വ്രണപ്പെടുത്തുന്നുവെന്ന് ആരോപിച്ച് ഈ പ്രബന്ധം സിലബസിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് എ ബി വി പി വിദ്യാർത്ഥികൾ അന്നത്തെ സർവ്വകലാശാല ചരിത്ര വിഭാഗം തലവനായ എസ്. സെഡ്, എച്ച്. ജെഫ്രിയുടെ ഡിപ്പാർട്ട്മെൻറിലെ ഓഫീസ് ആക്രമിക്കുകയുണ്ടായി. പക്ഷേ, ചരിത്ര വിഭാഗവും കൗൺസിലും പ്രബന്ധം ഒഴിവാക്കേണ്ടതില്ലെന്ന ഏകകണ്ഠമായ തീരുമാനമാണെടുത്തത്. തുടർന്ന് ശിക്ഷാബച്ചാവോ ആന്ദോളൻ സമിതിക്കുവേണ്ടി ദിനനാഥ് ബത്ര എന്ന വ്യക്തി ഡൽഹി ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഇത് സർവ്വകലാശാലയുടെ ആഭ്യന്തര കാര്യമാണെന്നും അക്കാദമിക് കാര്യത്തിൽ വിധി കല്പിക്കാൻ കോടതി പ്രാപ്തരല്ല എന്നും പറഞ്ഞ് തള്ളുകയാണുണ്ടായത്. പക്ഷേ, കഴിഞ്ഞ വർഷം സുപ്രീം കോടതിയിൽ സമർപ്പിച്ച സിവിൽ കേസിനെ തുടർന്ന് ഇക്കാര്യം പരിശോധിക്കാനായി വിദഗ്ധ സമിതിയെ നിയോഗിക്കാനും സമിതി തീരുമാനം അക്കാദമിക് കൗൺസിസിന്റെ പരിഗണനക്കു വിടാനും നിർദ്ദേശിച്ചു. തുടർന്നാണ് നാലംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചത്. ഈ നാലംഗ സമിതിയിൽ മൂന്നു



പേരും പ്രബന്ധം സിലബസ്സിൽ തുടരേണ്ടതാണെന്ന് അർത്ഥശങ്കക്കിടയില്ലാതെ അഭിപ്രായപ്പെട്ടു. ഹിന്ദുക്കളുടെ മതവികാരത്തെ പ്രബന്ധം വ്രണപ്പെടുത്തുന്നു എന്ന അഭിപ്രായത്തോടു നാലുപേരും വിയോജിച്ചു. നാലാമത്തെ അംഗം വ്യത്യസ്തമായ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തി. അത് അതേപടി ഉദ്ധരിക്കുന്നത് അദ്ദേഹത്തിന്റെ വാദഗതി എത്രത്തോളം ദുർബലവും അക്കാദമികേതരവുമാണെന്ന് വ്യക്തമാക്കാൻ സഹായിക്കും. അദ്ദേഹം എഴുതി "Although these - other versions of the Ramayana - are literary pieces, they are bound to affect the sensibilities of impressionable minds. If the teacher explains the background of these versions, the students may be convinced. But I doubt if college teachers are well equipped to handle the situtíon, which is likely to become more difficult in the case of a non- Hindu teacher.' 120 അംഗങ്ങളിൽ 9 പേർ മാത്രമാണ് പ്രബന്ധം സിലബസിൽ തുടരണമെന്ന് അഭിപ്രായപ്പെട്ടത്. കൗൺസിലിലെ 111 അംഗങ്ങളും സംഘപരിവാറിന്റെ സാംസ്കാരിക ദേശീയതോടും ഹിന്ദുത്വ ആശയങ്ങളോടും കൂറ് വച്ച്പുലർത്തുന്നവരാണ് എന്ന നിഗമനത്തിലെത്തുന്നത് ശരിയായിരിക്കില്ല. പക്ഷേ, ഈ തീരുമാനം നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയിരിക്കുന്ന ആഘാതം ചെറുതല്ല. സംഘ പരിവാറിന്റെ വർഗ്ഗീയ രാഷ്ട്രീയ അജണ്ടക്കും വിജ്ഞാന വിരോധത്തിനും സമ്മതം നൽകുന്ന വേദിയായി കേന്ദ്ര സർവ്വകലാശാലയായ ഡൽഹി സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ മാറി എന്നതാണ് ലജ്ജാകരം. ഡൽഹി സർവ്വകലാശാലയിലെ ചരിത്രാധ്യാപകനായ ഷാഹിദ് അമിൻ 'അക്കാദമിക് ജാതിപഞ്ചായത്ത്' എന്നാണ് അക്കാദമിക് കൗൺസിലെ വിശേഷിപ്പിച്ചിട്ടുള്ളത്. മതദേശീയതയ്ക്കും ഹിന്ദുത്വ രാഷ്ട്രീയത്തിനും വളക്കൂറുള്ള മണ്ണാക്കി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാററിയെടുക്കാനുള്ള സംഘപരിവാറിന്റെ രാഷ്ട്രീയമാണ് ഇതിൽ പ്രതിഫലിക്കുന്നത്. ഇത്തരമൊരു അജണ്ട നടപ്പാക്കുന്നതിന് തങ്ങൾ ഏതറ്റംവരെയുംപോകും എന്നതിന് എൻ ഡി എ ഭരണകാലത്തെ 'വിദ്യാഭ്യാസ പരിഷ്കാരങ്ങൾ' നമ്മോട് വിളിച്ചു പറയുന്നുണ്ട്. ചരിത്രത്തോടുള്ള ഇവരുടെ സമീപനം റൊമിലാഥാപ്പർ തന്റെ 'Secularism, History and contemporary politics in India' എന്ന പ്രബന്ധത്തിൽ വ്യക്തമാക്കുന്നുണ്ട് ഥാപ്പർ എഴുതുന്നു. "But the Hindutva version of history is a sledge hammer history reducing everything to a single reading, narrowly defined according to its own history, therefore, takes on the form of a kind of catechism, as is evident from the history text book used in schools run by the RSS - the Shishu mandirs. Questions and answers are dictated and there is no deviation from either."

ഇന്ത്യൻ പാരമ്പര്യത്തിന്റെ ബഹുസ്വരതയും രാമായണത്തിന്റെ വിവിധ രൂപങ്ങളും സംഘവരിവാർ രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയെ വെല്ലുവിളിക്കുന്നതാണ്. രാമജന്മഭൂമി പ്രസ്ഥാനം പോലുള്ള ആശയങ്ങളുടെ അടിത്തറയെ ദുർബലമാക്കുന്നതാണ്. അതുകൊണ്ടു തന്നെയാണ് എ.കെ രാമാനുജന്റെ പ്രബന്ധത്തോട് അസഹിഷ്ണുതാപരമായ സമീപനം സംഘപരിവാർ സംഘടകൾ കൈക്കൊണ്ടിട്ടുള്ളത്. അതിന് കൈയൊപ്പു ചാർത്താൻ പ്രശസ്തമായ ഒരു സർവ്വകലാശാലയുടെ അക്കാദമിക് ബോഡി തയ്യാറായി എന്നതാണ് മതനിരപേക്ഷ ശക്തികളെ കൂടുതൽ അസ്വസ്ഥരാക്കുന്നത്



# എ.കെ.പി.സി.ടി.എ സംസ്ഥാന കൗൺസിൽ

## 2011 ഒക്ടോബർ 15

എ.കെ.പി.സി.ടി.എയുടെ നടപ്പുവർഷത്തെ ആദ്യത്തെ സംസ്ഥാന കൗൺസിൽ യോഗം 2011 ഒക്ടോബർ 15-ാം തീയതി എറണാകുളം ഹോട്ടൽ എംബസി കോൺഫറൻസ് ഹാളിൽവച്ച് കൂടി. 2011 ജൂണിൽ നടന്ന സംസ്ഥാന സമ്മേളനത്തിനുശേഷം സംഘടന നേരിട്ട സർവ്വീസ് സംബന്ധവും അക്കാദമികവും സാമൂഹികവുമായ പ്രശ്നങ്ങളും സംഘടന നടത്തിയ പ്രക്ഷോഭങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് കൗൺസിലിൽ ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനായർ അവതരിപ്പിച്ചു. തുടർന്ന് വിവിധ സബ് കമ്മിററി പ്രവർത്തനങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട കൺവീനർമാർ റിപ്പോർട്ടുചെയ്തു. റിപ്പോർട്ടിലെ വിഷയങ്ങളും പൊതുവായ സംഘടന പ്രശ്നങ്ങളും സംബന്ധിച്ച് കൗൺസിൽ അംഗങ്ങൾ ചർച്ച നടത്തി. ആയുർവേദ- ഹോമിയോ അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കരണം നടത്തിക്കൊണ്ട് ഉടൻ ഉത്തരവിറക്കണമെന്ന് കൗൺസിൽ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. യു.ജി. സി ഫിക്സേഷനിലെ ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങൾ ഉടൻ സർക്കാർ തലത്തിൽ ചർച്ചചെയ്ത് പരിഹരിക്കണമെന്നും യു.ജി.സി ശമ്പളക്കുടിശ്ശികയ്ക്കുള്ള പ്രക്ഷോഭസമരം ശക്തമാക്കണമെന്നും കൗൺസിൽ തീരുമാനിച്ചു. എ.കെ.പി.സി.ടിയുടെ ചരിത്രം മുൻകാല പ്രവർത്തകരുടേയും നേതാക്കളുടേയും പങ്കാളിത്തത്തോടെ തയ്യാറാക്കുവാനുള്ള പ്രവർത്തക സമിതിയുടെ നിർദ്ദേശം കൗൺസിൽ അംഗീകരിച്ചു. യു.ജി. സി റെഗുലേഷൻ സംബന്ധിച്ച് സംഘടന പഠിച്ച് തയ്യാറാക്കിയ രേഖ സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നതിനായുള്ള ഇടപെടൽ നടത്തുവാനും സി. ബി. സി. എസ്. പരിഷ്കാരം കുററമററ രീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ ഇവാല്യുവേഷൻ പഠനം നടത്തുന്നതിനും അക്കാഡമിക് കമ്മിററിയെ ചുമതലപ്പെടുത്തി. യോഗത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസഡന്റ് പ്രൊഫ. പി. മമ്മദ് അദ്ധ്യക്ഷനായിരുന്നു. 26 പേർ ചർച്ചയിൽ പങ്കെടുത്തു. 150 ൽ പരം കൗൺസിലർമാർ പങ്കെടുത്തു



# മനുഷ്യനെന്ന മതം

**ഡോ.മാത്യു ജെ മുട്ടത്ത്**
കെ.ഇ.കോളജ്,മാന്നാനം



'പ്രപഞ്ചം മനുഷ്യന്റെ പ്രകടരൂപമല്ലെങ്കിൽ പിന്നെ അതൊരു കൂറ്റൻ കാപട്യമാണ്. ദൈവത്തെക്കുറിച്ചുള്ള സത്യം മനുഷ്യനെക്കുറിച്ചുള്ള സത്യം തന്നെയാണ്. പ്രപഞ്ചമെന്നത് മനുഷ്യപ്രപഞ്ചമാണ്. അനന്തമായത് മനുഷ്യരാശിയാണ്, എന്നു വിശദീകരിക്കുന്ന മതമാണ്— മനുഷ്യന്റെ മതമാണ് എന്റെ മതം. നമ്മുടെ ദൈവവും മനുഷ്യൻ തന്നെ. പൂർണതയുടെ ഏറ്റവും മഹത്തായ മാതൃകയാണു ദൈവം. ആ മാതൃകയിലേക്ക് എത്തിച്ചേരാനുള്ള അവിരാമമായ പ്രയത്നമാണു മനുഷ്യൻ. വ്യക്തി, ആസക്തി കൂടാതെയുള്ള തന്റെ പ്രവർത്തനങ്ങളിലും സയൻസിലും തത്വചിന്തയിലും കലയിലും ആരാധനയിലും എല്ലാം പരമപുരുഷനെ പ്രതിഫലിപ്പിക്കണം; അതാണ് അവന്റെ മതം. എന്റെ വളർച്ച ജ്ഞാനത്തിലും സ്നേഹത്തിലും പ്രവൃത്തിയിലും പരമപുരുഷനെ പ്രതിഫലിപ്പിക്കുന്നു. ഇതാണെന്റെ സാഫല്യം. ഇതാണു മനുഷ്യ മതം. എല്ലാ മനുഷ്യരിലും ദിവ്യമായ ഒരു മഹത്വം ഒളിഞ്ഞു കിടക്കുന്നുണ്ട്. അതു പ്രകടിപ്പിക്കാൻ കഴിയാതെ വരുന്നതാണ് ഏറ്റവും വലിയ നിർഭാഗ്യം. നമ്മുടെ മനസിൽനിന്നും ഇച്ഛാശക്തിയിൽനിന്നും പ്രവർത്തനത്തിൽനിന്നും അപൂർണതയുടെ മൂടുപടം നീങ്ങിപ്പോകുന്നു. അങ്ങനെ നമ്മൾ പരമപുരുഷനുമായുള്ള നമ്മുടെ ബന്ധം വ്യക്തമാക്കുകകൂടി ചെയ്യുന്നു—ഇതാണ് മനുഷ്യന്റെ മതം.'

[The Religion, Personality എന്നീ ടാഗോർ കൃതികളിൽനിന്ന് കെ. ദാമോദരൻ ഭാരതീയ ചിന്ത (പുറം 557,558) യിൽ ഉദ്ധരിച്ചത്]

ലോകമെമ്പാടും അറിയപ്പെടുന്ന ഉന്നതനായ വ്യക്തിയായിരുന്നപ്പോഴും തന്റെ ദേശീയബോധവും രാഷ്ട്രീയബോധവും പണയംവെക്കാതെ ഉറച്ച നിലപാടെടുത്ത ഉജ്ജ്വല കലാകാരനാണ് മഹാകവി രവീന്ദ്രനാഥടാഗോർ. ഇത്രയും വലിയൊരു ജീവിതമാതൃത സ്വാതന്ത്ര്യാനന്തരകാലത്തുപോലും ഇന്ത്യയിൽ ദുർലഭമാണ്.

മഹാകവി രവീന്ദ്രനാഥടാഗോറിന്റെ നൂറ്റിയൻപതാം ജന്മവാർഷികം ആഘോഷിക്കപ്പെടുന്ന ഈ കാലയളവിൽ ഒരു പുനർവായന സാധ്യമാക്കുന്ന വരികളാണ് മേലുദ്ധരിച്ചിരിക്കുന്നത്. എന്താണ് അദ്ദേഹത്തിന്റെ സമകാല പ്രസക്തി എന്നാലോചിക്കുക: ജാതിമത വിഭാഗീയതകൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ സാഹചര്യങ്ങളിൽ മനുഷ്യന്റെയും മാനവികതയുടെയും ശാന്തധ്വനികൾ ടാഗോറിൽനിന്നു കേൾക്കാം; മതേതരമായ ആത്മീയതയുടെ മന്ത്രങ്ങളാണവ. അവ കേൾക്കാൻ നമുക്കു കഴിയണം.

1861 മെയ് മാസം ഏഴിനാണ് അദ്ദേഹത്തിന്റെ ജനനം. ബംഗാളികളുടെ വർഷക്കണക്കനുസരിച്ച് 1268 ലെ

വൈശാഖമാസം 25 ന്. കൽക്കത്തയിലെ ജറാസെങ്കോവിലാണ് ടാഗോർ കുടുംബം താമസിച്ചിരുന്നത്. ഇരുന്നൂറിൽ കുറയാതെ അംഗങ്ങൾ. എട്ടാം നൂറ്റാണ്ടുമുതലുള്ള വ്യക്തമായ ചരിത്രം അവർക്കുണ്ടായിരുന്നു. പില്ക്കാലത്ത് ഇവിടം രവീന്ദ്രഭാരതി സർവകലാശാലയായി മാറി. ഠാക്കൂർമാർ ബ്രാഹ്മണരാണ്. ഇംഗ്ലീഷ് ഉച്ചാരണം പ്രബലമായിത്തീർന്നതാണു ടാഗോർ എന്ന നാമം. ടാഗോർ കുടുംബത്തിന് ഇന്ത്യയുടെ പ്രത്യേകിച്ച് ബംഗാളിന്റെ രാഷ്ട്രീയ സാംസ്കാരിക ഭൂപടങ്ങളിൽ സുപ്രധാന സ്ഥാനമുണ്ട്. ഉല്പതിഷ്ണുക്കളും വിശാലമനസ്കരുമായിരുന്നു അവർ. രവീന്ദ്രനാഥടാഗോറിന്റെ മുത്തച്ഛൻ ദ്വാരകനാഥ്, രാജാറാം മോഹൻ റോയിയുടെ സുഹൃത്തും സഹചാരിയുമായിരുന്നു.

ദ്വാരകനാഥിന്റെ ആദ്യപുത്രൻ ദേവേന്ദ്രനാഥ്. ദേവേന്ദ്രനാഥിന്റെയും ശാരദാദേവിയുടെയും ഏറ്റവും ഇളയ മകൻ; പതിന്നാലാമൻ—രവീന്ദ്രനാഥ്. സംഗീതം, തത്വചിന്ത, ഗണിതശാസ്ത്രം എന്നിവയിൽ നിപുണനായിരുന്നു രവിയുടെ മൂത്തസഹോദരൻ ദ്വിജേന്ദ്രനാഥ്. ഇന്ത്യയിൽ സിവിൽ സർവീസ് പരീക്ഷ ജയിച്ച ആദ്യ ഇന്ത്യാക്കാരനാണ് മറ്റൊരു സഹോദരനായ സത്യേന്ദ്രനാഥ്. രവിയെ ഏറെ സ്വാധീനിച്ച ജ്യേഷ്ഠൻ നാടകകൃത്തും ഗായകനും കലാകാരനുമായ ജ്യോതിരിന്ദ്രനാഥ് (1849-1925) ആണ്. അദ്ദേഹവും ഭാര്യ കാദംബരീദേവിയും അംഗബഹുലമായ ആ കുടുംബത്തിൽ ഒരുപക്ഷേ അവഗണിക്കപ്പെട്ടുപോകുമായിരുന്ന രവിയുടെ സർഗസിദ്ധികൾ തിരിച്ചറിഞ്ഞ് വേണ്ടത്ര പ്രോത്സാഹനം കൊടുത്തവരാണ്. ആ ജ്യേഷ്ഠത്തി ഇരുപത്തിയഞ്ചാം വയസിൽ സ്വയം വരിച്ച മരണം രവീന്ദ്രനാഥിന്റെ മനസ്സിൽ നിത്യദുഃഖമായി മാറി. ആദ്യകാല രചനകളിൽ പെട്ട 'ശൈശവസംഗീതം'; 'ഭാനുസിംഹന്റെ പദാവലി' എന്നിവ ആ ശ്രീമതിയുടെ ഓർമയ്ക്കായി സമർപ്പിക്കപ്പെട്ടവയാണ്.

ടാഗോറിന്റെ അച്ഛൻ ദേവേന്ദ്രനാഥ് ബ്രഹ്മസമാജാശയം പ്രചരിപ്പിക്കാൻ 'തത്വബോധിനി' എന്നൊരു മാസിക നടത്തിയിരുന്നു. അതിൽ വന്ന അഭിലാഷ് ആണ് രവീന്ദ്രനാഥ ടാഗോറിന്റെ ആദ്യ പ്രസിദ്ധീകൃത കവിത. ടാഗോർ ഭവനത്തിൽനിന്നും വേറെയുമുണ്ടായിരുന്നു മാസികകൾ; ദ്വിജേന്ദ്രനാഥിന്റെ ഭാരതി (സാഹിത്യം), ജ്യോതീന്ദ്രന്റെ സംഗീതമാസിക, കാദംബരീദേവിയുടെ 'സാധന', 'ജ്ഞാനാങ്കുരം' (ബാലപ്രസിദ്ധീകരണങ്ങൾ). സഹോദരങ്ങളെല്ലാം തന്നെ സാഹിത്യകലാനിപുണരായ വ്യക്തികൾ. സഹോദരിമാരിൽ കഥാകൃത്തായ സുവർണകുമാരി ഏറെ പ്രസിദ്ധിനേടി.

ബംഗാളിന്റെ ചിന്തയെ സ്വാധീനിച്ച പ്രസിദ്ധീകരണങ്ങൾ, പ്രതിഭാസമ്പന്നരായ കുടുംബാംഗങ്ങൾ, പ്രഗല്ഭരായ അതിഥികൾ--ഇവയെല്ലാം ചേർന്നു പാകപ്പെടുത്തിയ സർഗാത്മകമായ അന്തരീക്ഷം ക്രമേണ ടാഗോറിനെ കലാകാരനാക്കി മാറ്റിയെന്നു പറയാം. പതിനൊന്നാം വയസിൽ ഔപചാരിക വിദ്യാഭ്യാസം ഉപേക്ഷിച്ച രവി പിന്നീടു ചേർന്ന ഒരു വിദ്യാശാലകളിലും പഠനം പൂർത്തിയാക്കിയില്ല. ഉപനയനത്തിനു ശേഷമാണ് അച്ഛനോടൊത്തുള്ള ആദ്യ ശാന്തിനികേതൻ യാത്ര. കൽക്കത്തയിൽനിന്നു നൂറു മൈൽ വടക്കുപടിഞ്ഞാറ് ഹിമാലയ താഴ്‌വരയിൽ (ബോർപൂറിനും സുറൂളിനുമിടയ്ക്ക് )ദേവേന്ദ്രനാഥ ടാഗോർ കുറച്ചു സ്ഥലം വാങ്ങിയിരുന്നു. പ്രശാന്ത സുന്ദരമായ പ്രസ്തുത സ്ഥലത്താണ് പിൽക്കാലത്ത് ശാന്തിനികേതൻ വിദ്യാലയവും വിശ്വഭാരതി സർവകലാശാലയും സ്ഥാപിതമായത്.

പതിനേഴാം വയസിൽ പഠിപ്പിന് ജ്യേഷ്ഠന്റെകൂടെ ഇംഗ്ലണ്ടിലേക്കു പോയ രവി അത് പൂർത്തീകരിക്കാതെ രണ്ടു വർഷത്തിനുശേഷം നാട്ടിലേക്കു മടങ്ങി. ദുഷിച്ചുനാറിയ ജാതിവ്യവസ്ഥ, മനുഷ്യാന്തസു തകർക്കുന്ന ജന്മിത്തം, വളർന്നുവരുന്ന മുതലാളിത്തത്തിന്റെ ആക്രമണോത്സുകമായ കൊളോണിയൽ ഭരണം, പാശ്ചാത്യമായ എന്തിനെയും ഇന്ത്യൻ ആത്മീയതയുടെ പേരിൽ എതിർക്കുന്ന മതചിന്തകർ, ഒന്നും രണ്ടും ലോകയുദ്ധങ്ങൾ, ഒക്ടോബർ വിപ്ലവമുണ്ടായ വർഷങ്ങൾ—ഇത്തരമൊരു കാലത്തിലൂടെയാണ് രവീന്ദ്രനാഥടാഗോർ കടന്നുവന്നത്.

ബൃഹത്തായ ഒരു വാങ്മയ ലോകമാണ് ഗീതാഞ്ജലിയുൾപ്പെടെ നൂറോളം കവിതാ ഗ്രന്ഥങ്ങളിലായി മഹാകവി സൃഷ്ടിച്ചത്. മൂവായിരത്തിലധികം കവിതകൾ, ആയിരത്തഞ്ഞൂറോളം ഗാനങ്ങൾ, അൻപതു നാടകങ്ങൾ, പന്ത്രണ്ടു നോവലുകളുൾപ്പെടെ നാല്പതു കഥാകൃതികൾ, പതിനഞ്ചു ലേഖന സമാഹാരങ്ങൾ--അങ്ങനെ പോകുന്നു ആ സർഗക്രിയാ വ്യാപാരങ്ങൾ.

ചിത്രകാരനും അഭിനേതാവുമായിരുന്നു ടാഗോർ. അറുപത്തെട്ടാം വയസിലാരംഭിച്ചതാണു ചിത്രരചന. പത്തുവർഷംകൊണ്ട് മൂവായിരത്തോളം പെയിന്റിംഗുകൾ. വിദേശരാജ്യങ്ങളിൽ പലതവണ പെയിന്റിംഗ് എക്സിബിഷനുകൾ നടന്നു

ഗീതാഞ്ജലിയുടെ കവിയായാണ് ലോകം ടാഗോറിനെ അറിഞ്ഞത്. 1910 ജൂലൈ മാസത്തിലാണ് ഇംഗ്ലീഷ് ഗീതാഞ്ജലിയുടെ പ്രസിദ്ധീകരണം. വ്യക്തിജീവിതത്തിൽ അദ്ദേഹം അനുഭവിച്ച കഠിനദുഃഖങ്ങളാണ് ആ കവിതയ്ക്കു ഹേതുവായത്. മക്കളും ഭാര്യയുമുൾപ്പെടെ ഉറ്റവരായ പലരുടെയും മരണം ഏകാന്തദുഃഖങ്ങളുടെ തുരുത്തിലേക്ക് കവിയെ എത്തിച്ചു. 157 ഗാനങ്ങളാണ് ബംഗാളിഭാഷയിലെഴുതപ്പെട്ട ഗീതാഞ്ജലിയിലുള്ളത്. രോഗബാധിതനായ കവി ഇംഗ്ലണ്ടിൽ ചികിത്സ തേടിയെത്തിയ നാളുകളിൽ തനിക്ക് അഗാധജ്ഞാനമൊന്നുമില്ലാതിരുന്ന ആംഗലേയ ഭാഷയിലേക്ക് ഗീതാഞ്ജലിയിലെ കുറെ ഖണ്ഡങ്ങൾ സ്വയം വിവർത്തനംചെയ്തു. മറ്റു ചില കവിതകളും ഇംഗ്ലീഷിലാക്കി ഒരു നോട്ടുബുക്കിൽ കുറിച്ചിട്ടിരുന്നു.

ഇംഗ്ലണ്ടിൽ കപ്പലിറങ്ങിയ കവിയുടെ ഇംഗ്ലീഷ് പരിഭാഷകൾ ചിത്രകാരനായ സുഹൃത്ത് റോഥൻസ്റൈൻ വായിക്കാനിടയായി. അദ്ദേഹമത് ടൈപ്പു ചെയ്ത് അന്നത്തെ പ്രമുഖ എഴുത്തുകാരായിരുന്ന യേറ്റ്സ്, ബാഡ്‌ലി, ബ്രൂക് എന്നിവരെ കാണിച്ചു. അവർ ടാഗോർ കവിതകളുടെ മഹത്വം തിരിച്ചറിഞ്ഞു. ചുരുക്കിപ്പറയട്ടെ; 1912 നവംബർ ഒന്നിന് ലണ്ടനിലെ ഇന്ത്യാ സൊസൈറ്റി ഗീതാഞ്ജലിയുടെ 750 കോപ്പികൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. അദ്ഭുതകരമാണ് ടാഗോറിനു ലഭിച്ച

പ്രശസ്തി. റസൽ, എസ്രാ പൗണ്ട് എന്നിങ്ങനെ ഒട്ടനവധി ഉന്നത ശീർഷരായ എഴുത്തുകാരും ചിന്തകരും കവിയെ അഭിനന്ദിച്ചു. ട്രിബ്യൂൺ പത്രം ഒരു മുഖപ്രസംഗം പോലും എഴുതി. കൃത്യം രണ്ടുവർഷംകൊണ്ട് നോബൽ സമ്മാനലബ്ധി (1913 നവം) വരെ എത്തിച്ചു ആ പ്രശസ്തി. സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടുന്ന ആദ്യത്തെ ഏഷ്യക്കാരൻ കൂടിയാണ് മഹാകവി രവീന്ദ്രനാഥ ടാഗോർ 103 ഗാനങ്ങളുള്ള ഇംഗ്ലീഷ് ഗീതാഞ്ജലിയിൽ 53 ബംഗാളി ഗാനങ്ങൾ മാത്രമേ ചേർത്തിട്ടുള്ളു. ബാക്കി അൻപതെണ്ണം ഗീതിമാല്യം, നൈവേദ്യം, ഖേയാ, ശിശു എന്നിവയിൽനിന്നെടുത്തു ചേർത്തവയാണ്. ഇംഗ്ലീഷ് കൃതിയാണ് ഇതര ലോക ഭാഷ ക ളി ലേക്കു വിവർത്തനം ചെയ്യപ്പെട്ടത്. മലയാളത്തിലേക്കുള്ള ആദ്യ പരിഭാഷ നിർവഹിച്ച മഹാകവി ജി. ശങ്കരക്കുറുപ്പ് ബംഗാളികൃതിയാണ് ആധാരമാക്കിയത്. ഗീതാഞ്ജലിയുമായി ടാഗോർ ലോകമെങ്ങും സഞ്ചരിച്ചു എന്നു പറയാം. ബ്രിട്ടീഷ് ഗവൺമെന്റ് സർ സ്ഥാനം നല്കി അദ്ദേഹത്തെ ആദരിച്ചു.

ഗീതാഞ്ജലീകർത്താവെന്ന നിലയിൽ മാത്രമല്ല ടാഗോറിനെ വിലയിരുത്തേണ്ടത്. ഒരു മിസ്റ്റിക് കവിയായാണ് ടാഗോറിനെ മിക്കവരും കണ്ടത്. അത് ഒരു മുഖം മാത്രമാണ്. അടിസ്ഥാനപരമായി അദ്ദേഹം ഒരു ഭാവഗായകനായിരുന്നു. പ്രകൃത്യുപാസനയും സ്ത്രീത്വത്തോടുള്ള ആദരവും മതേതരമായ സാമൂഹികവീക്ഷണവും ആ കവിതകളിലുണ്ട്. കവിതകളിൽ മാത്രമല്ല, അദ്ദേഹമെഴുതിയ എല്ലാറ്റിലുമുണ്ട് മനുഷ്യസ്നേഹാധിഷ്ഠിതമായ കാഴ്ചപ്പാടുകൾ. അത് മതപരമെന്നു പറയുന്നത് ശരിയായിരിക്കില്ല.

1890 കാലത്ത് ടാഗോർ എഴുതിയ നാടകമാണ് 'വിസർജൻ'. കുടുംബത്തിലെ സാംസ്കാരിക സമിതി (ഖേയാൽ സഭ) മുമ്പാകെയാണ് പ്രസ്തുത നാടകം ആദ്യമായി അരങ്ങേറിയത്. മതശാഠ്യം നിമിത്തമുണ്ടാകുന്ന അനർഥങ്ങൾ അതിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്. മതതീവ്രവാദിയായ രഘുപതിയുടെ ഭാഗം രവീന്ദ്രനാഥ് തന്നെയാണ് അഭിനയിച്ചത് എന്ന കാര്യവും ശ്രദ്ധേയമാണ്. പുതിയൊരു കാവ്യസരണിയിലേക്ക് ആസ്വാദകരെ കൊണ്ടുവന്നു എന്നത് മാത്രമല്ല കവിയെന്ന നിലയിൽ അദ്ദേഹത്തെ പ്രസക്തനാക്കുന്നത്. പരമ്പരാഗതമായ കാവ്യരചനാ സമ്പ്രദായങ്ങളെ സ്വന്തം രചനകളിലൂടെ മാറ്റിയെഴുതുകയും ചെയ്തു ടാഗോർ. അക്കാലത്ത് ബംഗാളി സാഹിത്യത്തിന്റെ അമരക്കാരൻ മൈക്കൾ മധുസൂദനദത്തായിരുന്നു അദ്ദേഹത്തിന്റെ മാർഗങ്ങളിൽനിന്നു വേറിട്ടുനിന്നു എന്നത് ടാഗോർപ്രതിഭയുടെ കരുത്തിനു തെളിവാണ്. ഛന്ദസിന്റെയും കാവ്യനിയമങ്ങളുടെയും പരിമിതികളിൽനിന്നും പരിധികളിൽനിന്നും കവി പുറത്തുകടന്നു.

ടാഗോർ മികച്ച ഒരു കഥാകൃത്തുകൂടിയായിരുന്നു. കാബൂളിവാലാ, പോസ്റ്റ്മാസ്റ്റർ എന്നീ കഥകൾ വിശ്വസാഹിത്യത്തിൽതന്നെ എക്കാലത്തും വിലപ്പെട്ടവയായി കണക്കാക്കപ്പെടുന്നു. കാബൂളിവാലയിലെ റഹ്മാന്റെ നിസഹായത ആ കാലഘട്ടത്തിലെ ഇന്ത്യൻ പൗരന്റേതുതന്നെ.

ജന്മികുടുംബത്തിൽ ജനിച്ചുവെങ്കിലും ഫ്യൂഡൽ മൂല്യങ്ങളിൽനിന്ന കന്നു ജീവിക്കാൻ കഴിയുക എന്നതു ചെറിയ കാര്യമല്ല. രവിയുടെ കാര്യത്തിൽ സംഭവിച്ചത് അതാണ്. ജറാസങ്കോവിലെ മാളികയിലും കുടുംബസ്വത്തായുണ്ടായിരുന്ന എസ്റ്റേറ്റുകളിലും പണിയെടുത്ത പാവപ്പെട്ട ഭൃത്യരുടെയും അടിയന്മാരുടെയും ജീവിതചിത്രങ്ങൾ കഥകളായി രൂപംകൊണ്ടു. അവയിലെല്ലാം തുടിച്ചുനില്ക്കുന്നത് അപാരമായ മനുഷ്യസ്നേഹത്തിന്റെ കാലാതീതമായ ഹൃദ്സ്പന്ദങ്ങളാണ്.

ടാഗോറിന്റെ ഏറ്റവും മികച്ച നോവലാണ് ഗോര (1910). കഴ്സൺ പ്രഭുവിന്റെ ബംഗാൾ വിഭജനം ഇളക്കിവിട്ട കലാപകലുഷിതമായ അന്തരീക്ഷത്തിലാണ് ഈ നോവൽ എഴുതപ്പെടുന്നത്. അന്നത്തെ ബംഗാളിന്റെ കൃത്യമായ ഒരു പരിച്ഛേദം ഇതിൽ കാണാം. അത്യാവേശകരമായ രാഷ്ട്രീയ ചർച്ചകളും സാമൂഹിക വിമർശനങ്ങളും മതവിചിന്തനങ്ങളും ഈ നോവലിനെ വ്യത്യസ്തമാക്കുന്നു. ഐറിഷ് ഇന്ത്യൻ സങ്കരസന്തതിയായ ഗോരയാണ് നായകൻ. ജീവിതം മുഴുവൻ ഹിന്ദുധർമ്മത്തിന്റെ പവിത്രതയ്ക്കും മഹത്വത്തിനും വേണ്ടി നിലകൊണ്ട ഗോരയുടെ വിശ്വാസഗോപുരങ്ങളെല്ലാം തകർന്നുവീഴുന്നതാണ് നോവലിന്റെ അവസാനഭാഗത്തു കാണുന്നത്. അന്ധമായ മതചിന്തയിൽനിന്ന് ക്രമേണ മനുഷ്യസ്നേഹത്തിന്റെ മഹാഭൂമിയിലേക്കു കാലെടുത്തുവയ്ക്കുകയാണ് ഗോര.

എന്തായിരുന്നു ടാഗോറിന്റെ രാഷ്ട്രീയ നിലപാടുകൾ. ഇന്ത്യൻ ദേശീയതയിൽ അടിയുറച്ചുനിന്ന വിശ്വമാനവനായിരുന്നു അദ്ദേഹം. മുഖ്യധാരയിലെ മുൻനിരക്കാരനായി എപ്പോഴും ടാഗോറിനെ കണ്ടെന്നു വരില്ല. പക്ഷേ ആ മനസ്സ് സ്വാതന്ത്ര്യം എന്ന സ്വപ്നത്തെ സാക്ഷാത്കരിക്കാൻ എന്നും ഉത്സുകമായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ തുടക്കകാലം മുതൽ അതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ദേശസ്നേഹിയാണ് രവീന്ദ്രനാഥ്. സുപ്രധാനങ്ങളായ ഒട്ടേറെ കാര്യങ്ങളിൽ അദ്ദേഹം നേതൃത്വപരമായ പങ്കുവഹിച്ചിട്ടുണ്ട്. 1886 ൽ കൽക്കത്തയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ആരംഭിച്ചതുതന്നെ കവി എഴുതിയ ഒരു സമരഗാനത്തോടെയാണ്.

1908 ൽ കേസരിയിലെഴുതിയ ലേഖനത്തിന്റെ പേരിൽ ബാലഗംഗാധരതിലകനെ അറസ്റ്റു ചെയ്തു. ഇക്കാലത്തുതന്നെയാണ് ഗൂഢാലോചനക്കുറ്റം ചുമത്തി അരവിന്ദഘോഷിനെ തുറുങ്കിലടച്ചതും. ഇവയ്ക്കെതിരെ കൽക്കത്തയിൽ നടന്ന പ്രതിഷേധസമരങ്ങൾക്കു നേതൃത്വം കൊടുത്തതു ടാഗോറായിരുന്നു.

ഭരണസൗകര്യത്തിന് എന്നു പറഞ്ഞാണ് കഴ്സൺ പ്രഭു ബംഗാളിനെ വിഭജിച്ചത്. (1905 ജൂലൈ 20). ഇന്ത്യൻ ജനതയെ ഹിന്ദു-മുസ്ലീം എന്നു വേർതിരിച്ച് ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ഗൂഢതന്ത്രമായിരുന്നു ഇതിനു പിന്നിൽ. തുടക്കത്തിൽതന്നെ കാര്യം മനസ്സിലാക്കിയ സ്വാതന്ത്ര്യസമരപ്രസ്ഥാനം രാജ്യമൊട്ടാകെ പ്രതിഷേധക്കൊടുങ്കാറ്റുയർത്തി. ബീഹാർ, ഒറീസ, ആസാം, ബംഗാൾ എന്നിവ ചേർന്ന സംസ്ഥാനമായിരുന്നു ബംഗാൾ. ഇന്നത്തെ ബംഗ്ലാദേശും ആസാമും ഉൾപ്പെട്ടിടത്ത് മുസ്ലിമിനെ ശക്തിപ്പെടുത്തുക, മറ്റിടങ്ങളിലെ ഹിന്ദുശക്തി ദുർബലപ്പെടുത്തുക-അങ്ങനെ ജനങ്ങളെ

തമ്മിൽ തല്ലിക്കുക. ചരിത്രപരമായി വേരോട്ടമുള്ള ഈ മതവിഭാഗീതയ വൈസ്രോയി ആയുധമാക്കി. മറ്റെന്തിനെക്കാളും മൂർച്ചയേറിയതാണല്ലോ ആശയം എന്ന ആയുധം.

ഭാര്യയും മക്കളും മരിച്ചതിന്റെ ദുഃഖം, ശാന്തിനികേതനത്തിലെ സാമ്പത്തികപ്രശ്നങ്ങൾ--ഇവയുടെ മധ്യത്തിൽനിന്നാണ് വിഭജനത്തിനെതിരെ ടാഗോർ രംഗത്തെത്തുന്നത്. ജനങ്ങളെ അണിനിരത്തി പ്രതിഷേധപ്രകടനങ്ങൾ നടത്തുന്നതിനു നേതൃത്വം നല്കി. അവിടെ ആലപിക്കുന്നതിനായി ഒരു ഗാനമെഴുതി നാനാജാതി മതക്കാരെ ചേർത്ത് ചെറു സംഘങ്ങളുണ്ടാക്കി പാടി പരിശീലിപ്പിച്ചു. ഏറെ പ്രസിദ്ധമായ ആ ഗാനത്തിന്റെ തുടക്കഭാഗം ചുവടെ:

'ബഗ്ളാർ ബായു, ബംഗ്ളാർ ഫൽ
പുണ്യഹോക്, പുണ്യഹോക്'

പ്രക്ഷോഭണങ്ങളെ ബ്രിട്ടീഷുകാർ കർശനമായി നേരിട്ടു. വിദ്യാർത്ഥികളെ സ്കൂളുകളിൽനിന്നു പുറത്താക്കി. അധ്യാപകരെ പിരിച്ചുവിട്ടു. ഇവർക്കായി വിവിധ സ്ഥലങ്ങളിൽ സ്കൂളുകളാരംഭിക്കുന്നതിനുവേണ്ടി ദേശീയ വിദ്യാഭ്യാസ ബോർഡ് രൂപീകരിച്ചു. അരവിന്ദഘോഷും ടാഗോറും ഇതിനു നേതൃത്വം നല്കി. ഇങ്ങനെ ആരംഭിച്ച വിദ്യാപീഠങ്ങളിലൊന്നാണ് പിന്നീട് ജാദവ്പൂർ യൂണിവേഴ്സിറ്റിയായി മാറിയത്.

റൗലത്ത് ആക്ടിനെതിരായ പ്രക്ഷോഭമാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ കലാശിച്ചത്. (1919 ഏപ്രിൽ 13). ജനറൽ ഡയറിന്റെ നേതൃത്വത്തിലെത്തിയ പട്ടാളസംഘം 1650 റൗണ്ട് വെടിയുതിർത്ത് ആയിരത്തിലധികം സിക്കുകാരെ കശാപ്പുചെയ്തു. നോബൽ സമ്മാനാർഹനായ മഹാകവിയെ ആദരിക്കുന്നതിന് ബ്രിട്ടീഷ് ഗവൺമെന്റ് നല്കിയ സർ സ്ഥാനം തിരിയെ കൊടുത്തുകൊണ്ട് ടാഗോർ പ്രതിഷേധിച്ചു; വൈസ്രോയിക്ക് എഴുതി(1920)

'ജാലിയൻ വാലാബാഗിൽ നടന്നതുപോലുള്ള കൊടുംക്രൂരത ലോകചരിത്രത്തിലെങ്ങും കണ്ടിട്ടും കേട്ടിട്ടുമില്ല. അത് മാനവസംസ്കാരത്തിനു മാത്രമല്ല മനുഷ്യത്വത്തിനുതന്നെ അപമാനകരമാണ്. ഞാൻ പരസ്യമായി ശക്തിപൂർവ്വം പ്രതിഷേധിക്കുന്നു. ഈ സാഹചര്യത്തിൽ സാമ്രാജ്യത്വഗവൺമെന്റ് നല്കിയിട്ടുള്ള ഉടയാടകളും സ്ഥാനമാനങ്ങളും വെച്ചുകൊണ്ടിരിക്കാൻ ആത്മാഭിമാനമുള്ള ജനസമൂഹത്തിലെ ഒരാൾക്കും സാധ്യമല്ല. അതുകൊണ്ട് ഞാൻ സർ സ്ഥാനം ഉപേക്ഷിക്കുന്നു.' പിന്നീടു നടന്ന ലണ്ടൻ സന്ദർശനവേളയിൽ ഇംഗ്ലീഷുകാർ കവിയെ ഗൗനിച്ചില്ല. അതൊന്നും അദ്ദേഹത്തെ തെല്ലും സ്പർശിച്ചില്ല.

ഏറെ തെറ്റിദ്ധരിക്കപ്പെട്ട കവിയായിരുന്നു ടാഗോർ. ദേശീയഗാനത്തിലെ 'ജനഗണമന അധിനായക' സ്തുതി ഇംഗ്ലണ്ടിലെ ജോർജ് അഞ്ചാമൻ ചക്രവർത്തിയെപ്പറ്റിയുള്ളതാണെന്ന ആക്ഷേപം ഹിന്ദുത്വവാദികൾ ഉയർത്തിയിരുന്നു; അത് ഇന്നും തുടരുന്നുണ്ട്. മഹാകവിയെ ഏറെ വേദനിപ്പിച്ച ആരോപണമാണിത്. 1911 ൽ ചക്രവർത്തി ഇന്ത്യയിലെത്തുന്നതിനുമുമ്പ് എഴുതപ്പെട്ടതാണ് അഞ്ചുഖണ്ഡങ്ങളുള്ള 'ഭാരത് വിധാതാ' എന്ന കവിത. 1911 ൽ കൽക്കത്തയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ ആലപിക്കുന്നതിനു വേണ്ടിയാണിതെഴുതിയത്. സ്വാഗതസംഘാധ്യക്ഷനായിരുന്ന കവിതന്നെ അവിടെ ഈ ഗാനം ആലപിക്കുകയും ചെയ്തു. ടാഗോർ പത്രാധിപരായിരുന്ന തത്വബോധിനിയിൽ പ്രസിദ്ധീകരിച്ചു (1912).ഇതിലെ ആദ്യഖണ്ഡം ദേശീയഗാനമായി പിൽക്കാലത്ത് (1950) അംഗീകരിക്കപ്പെട്ടു. അന്താരാഷ്ട്ര മത്സരത്തിലൂടെ തെരഞ്ഞെടുത്ത 'ഹെർബൻ മ്യൂറി'ൽ ഓർക്കെസ്ട്രയിൽ ചിട്ടപ്പെടുത്തിയ ഈ ഗാനം അൻപത്തിരണ്ടു സെക്കൻഡുകൊണ്ടാണ് ആലപിക്കേണ്ടത്. 'Morning Song of India' എന്ന പേരിൽ ടാഗോർതന്നെ 'ഭാരത് വിധാതാ' ഇംഗ്ലീഷിലാക്കി (1919).

ലോകമെമ്പാടും അറിയപ്പെടുന്ന ഉന്നതനായ വ്യക്തിയായിരുന്നപ്പോഴും തന്റെ ദേശീയബോധവും രാഷ്ട്രീയബോധവും പണയംവെക്കാതെ ഉറച്ച നിലപാടെടുത്ത ഉജ്ജ്വല കലാകാരനാണ് മഹാകവി രവീന്ദ്രനാഥടാഗോർ. ഇത്രയും വലിയൊരു ജീവിതമാതൃത സ്വാതന്ത്ര്യാനന്തരകാലത്തുപോലും ഇന്ത്യയിൽ ദുർലഭമാണ്.



1922 നവംബർ 28-ന് ടാഗോർ കേരളം സന്ദർശിച്ചു. ഒപ്പം സി.എഫ്. ആൻഡ്രൂസുമുണ്ടായിരുന്നു. ആ കണ്ടുമുട്ടലിന്റെ അനുഭവം മനസ്സിൽ കൊണ്ടാണ് ചിന്നസ്വാമിയായ കുമാരനാശാൻ 'ടാഗോർ' രചിച്ചത്. പിന്നീട് മഹാകവി ആ സന്ദർശനത്തെപ്പറ്റി എഴുതി: 'ഞാൻ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ സഞ്ചരിച്ചുവരികയാണ്. ഇതിനിടയിൽ പല സിദ്ധന്മാരെയും മഹർഷിമാരെയും കണ്ടു. എന്നാൽ നാരായണഗുരുവിനെക്കാൾ മികച്ചവരോ തുല്യരോ ആയ ഒരു മഹാത്മാവിനെ എങ്ങും കണ്ടില്ല.'

ടാഗോറിന്റെ വഴി സൗമ്യവും ശാന്തവുമാണ്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസചിന്തകൾ, പ്രകൃതിദർശനം എന്നിവ ശ്രദ്ധിച്ചാൽ ഈ വസ്തുത ബോധ്യപ്പെടും. 'യത്ര വിശ്വം ഭവതി ഏകനീഡഃ' (എവിടെ

ലോകം മുഴുവൻ ഒരു പക്ഷിക്കൂടായി പരിണമിക്കുന്നുവോ അവിടം) വിശ്വഭാരതിയുടെ മുദ്രാവാക്യം കവിയുടെ സ്വപ്നവും ആദർശവുമായിരുന്നു. അക്രമങ്ങളെ അദ്ദേഹം ഒരിക്കലും ന്യായീകരിച്ചില്ല. ബംഗാൾ വിഭജനത്തെ തുടർന്നുണ്ടായ പ്രക്ഷോഭസമരങ്ങൾ പലപ്പോഴും സായുധാക്രമണത്തിലേക്കും ഹിംസയിലേക്കും വഴിമാറിയപ്പോഴെല്ലാം കവി അകന്നുനിന്നു. ടാഗോറിന്റെ അഭിപ്രായത്തിൽ അഹിംസാമാർഗത്തിലൂടെയുള്ള പ്രതിഷേധമായിരുന്നു നിസ്സഹകരണം.

ഗാന്ധിജി അത് കർമ്മപഥത്തിലെത്തിച്ചു. ഇരുവരും തമ്മിൽ പതിറ്റാണ്ടുകളുടെ അടുപ്പമാണുണ്ടായിരുന്നത്. മഹാത്മാ എന്നും ഗുരുദേവ് എന്നുമുള്ള പ്രഖ്യാതമായ സംജ്ഞകൾ ഇരുവരും സ്വേച്ഛയാ പ്രയോഗിച്ചവയാണ്. ഇങ്ങനെയൊക്കെയായിരുന്നെങ്കിലും ഗാന്ധിയൻ സമരമാർഗങ്ങളോടും ആശയങ്ങളോടും ടാഗോർ കഠിനമായി വിയോജിച്ച സന്ദർഭങ്ങളുമുണ്ട്. നിസ്സഹകരണ, വിദ്യാലയബഹിഷ്കരണങ്ങളോടു പൂർണമായും യോജിച്ചില്ല. വിദേശവസ്ത്രങ്ങൾ പൊതുസ്ഥലത്തു കത്തിക്കുന്നതിനെ എതിർത്തു. സവർണഹിന്ദുക്കൾ ഹരിജനങ്ങളോടു കാണിക്കുന്ന ക്രൂരതകൊണ്ടുണ്ടായതാണ് ബീഹാറിലുണ്ടായ ഭൂകമ്പം (1936) എന്ന ഗാന്ധിജിയുടെ പ്രസ്താവനയിൽ അമർഷംകൊണ്ടു. ഇത്തരം വ്യാഖ്യാനങ്ങൾ ജനമനസ്സുകളിൽ അന്ധവിശ്വാസം ഉറപ്പിക്കാനേ ഉതകൂ എന്നു തുറന്നടിക്കുകയും ചെയ്തു.

മാർക്സിസത്തെയോ വിപ്ലവത്തെയോ ടാഗോർ അനുകൂലിച്ചില്ല. എന്നാൽ അവയുടെ സദ്ഫലങ്ങളെ അംഗീകരിക്കുന്നതിൽ ഒരു മടിയും കാണിച്ചില്ല. 1930-ലെ റഷ്യൻ സന്ദർശനവേളയിൽ രണ്ടു കാര്യങ്ങൾ അദ്ദേഹത്തെ വളരെ ആകർഷിച്ചു. ഒന്ന്: എല്ലാവർക്കും വിദ്യാഭ്യാസം നല്കുന്നതിന് സോവിയറ്റ് ഗവൺമെന്റ് കൊണ്ടുവന്നപദ്ധതികൾ; രണ്ട്: സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള യത്നം. പക്ഷേ, റഷ്യൻ വിദ്യാഭ്യാസത്തിന്റെ ഘടന അച്ചിൽ വാർത്തെടുത്ത വ്യക്തിത്വസൃഷ്ടിക്കേ ഉപകരിക്കൂ എന്നു വിമർശിക്കാനും മടിയുണ്ടായില്ല. നിഷ്പക്ഷമായ പ്രതികരണങ്ങളാണ് അദ്ദേഹത്തിൽ നിന്നുണ്ടായത്. കൃഷ്ണകൃപലാനി ടാഗോറിനെക്കുറിച്ചെഴുതിയ ഗ്രന്ഥത്തിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. 'പാശ്ചാത്യ പരിഷ്കാരത്തിന്റെ നടുമുറ്റത്തുതന്നെ, ധനത്തിന്റെ പ്രൗഢി തുറന്നുകാട്ടിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ റഷ്യ മറ്റുള്ളവരുടെ ഗർജ്ജനവും തർജ്ജനവും വിഗണിച്ച് ഇല്ലാത്തവരുടെ അധികാരശക്തി ഉറപ്പിച്ചുകാണിച്ചു. ഇത്തരമൊരു കാഴ്ച ഞാൻ കണ്ടില്ലെങ്കിൽ പിന്നെ ആരു കാണും' (എസ്. ഗുപ്തൻ നായർ, ടാഗോർ കവിയും മനുഷ്യനും പുറം 93)

ടാഗോറിനെ പുനർവായിക്കുന്ന കാലമാണിത്. മതം ഭ്രാന്തായി മാറിയിരിക്കുന്ന ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ഇന്ത്യയിൽ അത് ഹിന്ദു മുസ്ലിം വൈരമായി കത്തിക്കൊണ്ടിരിക്കുന്നു--കെടാത്ത കനലുകൾ.

അടുത്തകാലത്തുണ്ടായ ഒരു ദുരന്തംകൂടി ഇതോടു ചേർക്കാവുന്നതായി തോന്നുന്നു. 2011 ജൂലൈ 22 -ന് സമാധാനത്തിന്റെ രാജ്യമെന്നു വിശേഷിപ്പിക്കാവുന്ന നോർവെയിൽ ഒരു മതഭ്രാന്തൻ നടത്തിയ മനുഷ്യക്കുരുതി. ഒസ്ലോ ദ്വീപിൽ ലേബർപാർട്ടി സംഘടിപ്പിച്ച യുവജനസമ്മേളനത്തിലേക്ക് പട്ടാളവേഷത്തിൽ കയറിവന്ന ആൻഡ്രൂസ് ബഹ്റിംഗ് ബ്രിവികിന്റെ തോക്കിനു മുമ്പിൽ പിടഞ്ഞുവീണത് 92 നിരപരാധികളാണ്; മൃതപ്രായരായവർ വേറെയും. ചിരിച്ചുകൊണ്ട് തന്റെ പൈശാചികതയെ ന്യായീകരിക്കുന്ന മുപ്പത്തിരണ്ടുകാരനായ ബ്രിവിക്കിന്റെ സുന്ദരരൂപം മീഡിയകളിലൂടെ ലോകം കണ്ടു. ചേതനയറ്റ ജഡങ്ങൾക്കും അലമുറയിടുന്ന നിസഹായർക്കും മേൽ ചവുട്ടിനിന്നുകൊണ്ട് അയാൾ ഭാവികാലത്തിന്റെ സുവിശേഷം അറിയിച്ചു.

1500 പേജുവരുന്ന ആ മാനിഫെസ്റ്റോ വലതുപക്ഷതീവ്രവാദത്തിന്റെ -- ക്രിസ്ത്യൻ മതമൗലികവാദത്തിന്റെ —വിളംബരമാണ്. പരദേശികളോടുള്ള വെറുപ്പിന്റെ അല്ലെങ്കിൽ പകയുടെ പൊതുഭൂമികയിൽനിന്നുകൊണ്ട് മുസ്ലീങ്ങളുടെ ഉന്മൂലനാശനമാണ് അയാൾ വിളംബരം ചെയ്തിരിക്കുന്നത്. പരിഷ്കൃതരെന്നു മേനിനടിക്കുന്ന പാശ്ചാത്യരുടെ ജീവിതാകാശങ്ങളിൽനിന്നാണ് മതദ്വേഷത്തിന്റെ വെള്ളിടികൾ പാഞ്ഞുവരുന്നത് എന്നത് വല്ലാത്തൊരു വൈരുദ്ധ്യംതന്നെ.

ഇന്ത്യയിലെ ഹിന്ദുത്വ തീവ്രവാദപ്രസ്ഥാനങ്ങളെ പേരെടുത്തുപറഞ്ഞ് ബ്രിവിക് പുകഴ്ത്തുന്നു. പടിഞ്ഞാറും കിഴക്കുമെല്ലാം മതാന്ധതയുടെ ആത്മാവ് ഒന്നുതന്നെ; ബാഹ്യരൂപത്തിൽ വ്യത്യാസം തോന്നിയേക്കാമെന്നേയുള്ളു. കരഛേദം ചെയ്യപ്പെട്ടവനെ അധ്യാപകജോലിയിൽനിന്നു പിരിച്ചുവിട്ടുകൊണ്ടുള്ള മതമേധാവികളുടെ നടപടിയിലും സ്പന്ദിക്കുന്നത് ഇതേ ക്രൗര്യംതന്നെ. വേഷങ്ങളിൽ മാത്രമേ മാറ്റമുള്ളു. എല്ലാം എല്ലാം ഒന്നാകുന്നു. മുംബൈയിൽ സ്ഫോടനം നടത്തിയവരും മാറാട് ചോരക്കളം തീർത്തവരും ഒന്നുതന്നെ മാനവികതയെ നിരാകരിക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്ന നീചതയ്ക്കെതിരുനില്ക്കുന്നതായിരുന്നു മഹാകവി ടാഗോർ സൃഷ്ടിച്ച വാങ്മയലോകം. Fire Flies, The Religion of Man എന്നീ ടാഗോർ കൃതികളിൽ നിന്ന് കെ. ദാമോദരൻ 'ഭാരതീയ ചിന്തയിൽ' ഉദ്ധരിച്ചു ചേർത്തിരിക്കുന്ന ചില വാക്യങ്ങൾകൊണ്ട് ഈ പ്രകരണം അവസാനിപ്പിക്കാം. 'പ്രപഞ്ചം മിഥ്യയാണെന്നും ബ്രഹ്മം മാത്രമാണ് സത്യമെന്നും പ്രഖ്യാപിക്കുന്ന ഏകത്വവാദം ഞാനംഗീകരിക്കുന്നില്ല. അദ്വിതീയമായ ഏകം ശൂന്യമാണ്. ദ്വിതീയമായ ആ മറ്റൊന്നാണ് അതിനെ യാഥാർത്ഥമാക്കുന്നത്. നമ്മുടെ മാനുഷികാത്മാവിനാൽ ഗ്രഹിക്കപ്പെടുന്ന വ്യാവഹാരികലോകത്തിലേ മനുഷ്യനു പ്രസക്തിയുള്ളു. അതുകൊണ്ട് ബ്രഹ്മത്തെക്കുറിച്ചുള്ള കേവല സങ്കല്പം എന്റെ ചർച്ചാവിഷയമല്ല. ദിവ്യമായ സങ്കല്പത്തിന്, യാഥാർത്ഥ്യത്തിന് എന്തുപേരിട്ടാലും ശരി, നമ്മുടെ മതചരിത്രത്തിൽ അതിന് ഉന്നതമായ സ്ഥാനം ലഭിച്ചിട്ടുള്ളത് അതിന്റെ മാനുഷികമായ സ്വഭാവംകൊണ്ടാണ്. ഈ മാനുഷിക സ്വഭാവമാണ് പാപപുണ്യങ്ങളെക്കുറിച്ചുള്ള ആശയങ്ങൾക്ക് അർഥം കൊടുക്കുകയും മനുഷ്യന്റെ ആന്തരികപ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന പൂർണതയെക്കുറിച്ചുള്ള എല്ലാ ആശയങ്ങൾക്കും ശാശ്വതമായ പശ്ചാത്തലമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നത്.



**റിപ്പോർട്ട്**

# എ.കെ.പി.സി.ടി.എ സംസ്ഥാന പ്രവർത്തക ക്യാമ്പ്

2011 ഒക്ടോബർ 8,9
ഓശാന മൗണ്ട്, ഭരണങ്ങാനം, പാല

## ആഗോളവൽക്കരണം ഉന്നതവിദ്യാഭ്യാസം സാധാരണക്കാരന് നിഷേധിക്കും

രണ്ടാം യു. പി. എ ഗവ. വിദ്യാഭ്യാസ രംഗത്ത് രഹസ്യ അജണ്ടയിലൂടെ നടപ്പിലാക്കുന്ന ആഗോളവത്ക്കരണ നയങ്ങൾ സാധാരണക്കാർക്ക് ഈ രംഗത്ത് അവസരം ഇല്ലാതാക്കുമെന്ന് പി. രാജീവ് എം. പി അഭിപ്രായപ്പെട്ടു. എ. കെ. പി. സി. ടി എ സംസ്ഥാന പ്രവർത്തക ക്യാമ്പ് ഭരണങ്ങാനം ഓശാന മൗണ്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തങ്ങളുടെ പ്രവർത്തന മേഖലയായ ഉന്നതവിദ്യാഭ്യാസത്തി



ന്റെ അക്കാഡമിക് പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുകയും അതിനൊപ്പം സംഘടനാ പ്രശ്നങ്ങളും രാഷ്ട്രീയവും കൂടെ കൊണ്ടു പോകുകയും ചെയ്യുന്ന ഒരു സംഘടനയാണ് എ. കെ. പി. സി. ടി . എ. എന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതി വിഭവങ്ങളുടെ സ്വകാര്യവത്കരണം എന്നുള്ളത് ഒരു നയം മാററമാണ്. ആ നയംമാററം തന്നെയാണ് കോർപ്പററേറ് അഴിമതിയിലേക്ക് വഴിതെളിയുന്നത്. സ്വകാര്യമേഖലയുള്ളതുകൊണ്ട് സ്വകാര്യവൽക്കരണം ആകണമെന്നില്ല. സ്വയം തന്നെ സിലബസ്സ് സൃഷ്ടിച്ച ഫീസും സ്വയം നിശ്ചയിച്ച് നടത്തുന്ന വിദ്യാഭ്യാസമാണ് . വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവൽകരണം എന്നതിന് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധമില്ല. കാരണം അവ പൊതു മിനിമം റെഗുലേഷനുകളിൽ പ്രവർത്തിച്ചു വരുന്നു.

ഇപ്പോൾ നമ്മൾ കാണേണ്ടത് വസ്തുനിഷ്ഠ സാഹചര്യങ്ങളുടെ മൂർത്തമായ വിശകലനമാണ്. സംഘടനകളുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ കരുപിടിപ്പിക്കേണ്ടത് ഇത്തരത്തിലായിരിക്കണം. ഈ പ്രത്യേക ഘട്ടത്തിൽ പുതിയ പ്രശ്നങ്ങൾ സംഘടന നേരിടേണ്ടി വരാം. കാരണം മാനേജ്മെന്റുകൾക്ക് പ്രത്യേക അധികാര അവകാശങ്ങൾ ലഭിക്കുന്ന അവസരമാണ്. മുൻകാല പ്രവർത്തനങ്ങളുടെ മാതൃകകൾ വായിച്ച് മനസ്സിലാക്കി പുതിയ സാഹചര്യത്തിന് അനുസൃതമായി പ്രവർത്തിക്കുവാൻ ഊർജ്ജം ഉൾക്കൊണ്ടു പ്രവർത്തിക്കുക എന്നുള്ളതാണ് സംഘടന ഇപ്പോൾ ചെയ്യേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രവർത്തക ക്യാമ്പിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് ഡയറക്ടർ ജോസഫ് പുലിക്കുന്നേൽ എ. കെ.പി.സി.ടി.എ മുൻ പ്രസിഡന്റ് എൻ. എം. ജോസഫ് തുടങ്ങിയവർ സംസാരിച്ചു. എ.കെ.പി.സി.ടി. എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. പി. മമ്മദ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനായർ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ്കുമാർ നന്ദിയും പറഞ്ഞു. തുടർന്ന് ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ സംഘടനാ പ്രവർത്തന രേഖയും, ട്രഷറർ ഡോ.



പ്രൊഫ. എൻ. എം. ജോസഫ്



പ്രൊഫ. ജോസഫ് പുലിക്കുന്നേൽ




പ്രവർത്തക ക്യാമ്പ് പി. രാജീവ് എം. പി ഉദ്ഘാടനം ചെയ്യുന്നു.



പ്രൊഫ. പി. മത്ത്
എ.കെ.പി.സി.ടി.എ
സംസ്ഥാന പ്രസിഡന്റ്

സ് ജയചന്ദ്രൻ സർവീസ് കാര്യങ്ങളും ജേണൽ ചീഫ് എഡിറ്റർ ഡോ. എസ്. ജയരാജ്കുമാർ ജേർണൽ പ്രവർത്തനങ്ങളെ യും അവതരിപ്പിച്ചു. ഉച്ചയ്ക്ക് യു.ജി.സി റഗുലേഷൻ വ്യവസ്ഥകൾ : പ്രശ്നങ്ങളും പ്രതിസന്ധികളും എന്ന വിഷയത്തെ ആസ്പദമാക്കി എ.കെ.പി.സി.ടി.എ സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ വിഷയം അവതരിപ്പിച്ച് സംസാരിച്ചു. കാലിക്കറ്റ് സർവ്വകലാശാല ഗാന്ധിനായരുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ സംസ്ഥാന സെക്രട്ടറി ഡോ. കെ. എൽ. വിവേകാനന്ദൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. തോമസ് മാത്യു നന്ദിയും രേഖപ്പെടുത്തി. തുടർന്ന് ഉന്നതവിദ്യാഭ്യാസവും 12-ാം പദ്ധതി സമീപനരേഖയും എന്ന വിഷയത്തിൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ജെ. പ്രസാദ് വിഷയം അവതരിപ്പിച്ചു. കണ്ണൂർ സർവ്വകലാശാല പ്രൊ വി. സി. ഡോ. എ. പി. കുട്ടികൃഷ്ണൻ, എം.ജി. സർവ്വകലാശാല പ്രൊ വി.




യു.ജി.സി റെഗുലേഷൻ വ്യവസ്ഥകൾ - പ്രശ്നങ്ങളും പ്രതിസന്ധികളും എന്ന വിഷയം പ്രൊഫ. കെ.എസ്. ജയചന്ദ്രൻ അവതരിപ്പിക്കുന്നു.

കെ. ശ്രീവത്സൻ 2011- 12 വർഷത്തെ സാമ്പത്തിക കണക്കുകളും, അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. ഹേമന്ത്കുമാർ അക്കാദമിക് പ്രവർത്തനരേഖയും, വനിതാ സബ്കമ്മിറ്റി കൺവീനർ ഡോ. പി.എസ്. ഗീതാകുമാരി വനിതാ പ്രവർത്തനരേഖയും, സർവീസ് സെൽ കൺവീനർ ഡോ. കെ. എ മുൻ സിൻഡിക്കേറ്റംഗം ഡോ. കെ. കെ. ബാലചന്ദ്രൻനായർ, കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റംഗം ഡോ. പി. വി. രവീന്ദ്രൻ, കേരള സർവ്വകലാശാല സിൻഡിക്കേറ്റംഗം പ്രൊഫ. പി. രഘുനാഥ്, മഹാത്മാ ഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റംഗം പ്രൊഫ. കെ. രാധാകൃഷ്ണൻനായർ എന്നിവർ പ്രതികരിച്ച് സംസാരിച്ചു. എ.കെ.പി.സി.ടി.എ വൈസ് പ്രസിഡന്റ് ഡോ. കെ.പി.സുകു



ഡോ.പി. രാജേന്ദ്രൻനായർ
എ.കെ.പി.സി.ടി.എ
ജനറൽ സെക്രട്ടറി

സി. ഡോ. രാജൻവർഗീസ്, എകെപിസിടിഎ പ്രവർത്തകസമിതിയംഗം ഡോ. കെ. ശശിധരൻ എന്നിവർ പ്രതികരിച്ച് സംസാരിച്ചു. സംസ്ഥാന ട്രഷറർ ഡോ. കെ. ശ്രീവത്സന്റെ അദ്ധ്യക്ഷതയിൽ കൂടിയ

ധികളുടെ ചർച്ച നടന്നു. 2-ാം ദിവസം ഞായറാഴ്ച പ്രതിനിധികളുടെ ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ടിങ്ങും ജനറൽ സെക്രട്ടറിയുടെ മറുപടിയും ഉണ്ടായി. തുടർന്ന് സംഘടനാ ചരിത്രം പിന്നിട്ട നാൾവഴികൾ എന്ന

ജയധരൻ, പ്രൊഫ. ഹരിദാസ് തുടങ്ങിയവർ പ്രതികരണങ്ങൾ നടത്തി. എ.കെ.പി.സി.ടി.എ പ്രസിഡൻറ് ഡോ. പി. മമ്മദിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനാ




ഉന്നത വിദ്യാഭ്യാസവും പന്ത്രണ്ടാം പദ്ധതി സമീപന രേഖയും എന്ന വിഷയം ഡോ. ജെ. പ്രസാദ് അവതരിപ്പിക്കുന്നു.

ചർച്ചയിൽ അക്കാദമിക് കമ്മിററി കൺവീനർ ഡോ. യു. ഹേമന്ത്കുമാർ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. ഡികെ. ബാബു നന്ദിയും രേഖപ്പെടുത്തി. തുടർന്ന് ക്യാമ്പിൽ അവതരിപ്പിക്കപ്പെട്ട പ്രവർത്തനരേഖകളെക്കുറിച്ച് പ്രതിനി

വിഷയത്തെ സംബന്ധിച്ച് എ.കെ.പിസിടിഎയുടെ മുൻ ജനറൽ സെക്രട്ടറിയും പുരോഗമന കലാസാഹിത്യസംഘം ജനറൽ സെക്രട്ടറിയുമായ പ്രൊഫ. വി. എൻ. മുരളി ആമുഖ പ്രഭാഷണം നടത്തി. മുൻകാല സംഘടനാ നേതാക്കളായ പ്രൊഫ. വി

യർ സ്വാഗതവും എകെപിസിടിഎ കോട്ടയം ഇടുക്കി ജില്ലാ സെക്രട്ടറി പ്രൊഫ. ടൊമ്മിച്ചൻ ജോസഫ് നന്ദിയും രേഖപ്പെടുത്തി. വിവിധ കോളജുകളിൽനിന്നായി 250ലധികം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.




സംഘടനാ ചരിത്രം പിന്നിട്ട നാൾവഴികൾ എന്ന വിഷയത്തിൽ പ്രൊഫ. വി. എൻ. മുരളി ആമുഖ പ്രഭാഷണം നടത്തുന്നു.




# Income Tax
## for the financial year 2011–12

**Tomichan Joseph**
*K.E. College, Mannanam*
*District Secretary, Kottayam*



Finance Act 2011 has brought very little changes in the Income Tax Act 1961. This article helps to compute the total income and tax liability on the basis of the changes brought about by the Finance Act 2011. Teachers can reduce the tax liability by claiming exemptions, deductions, and reliefs. Exemptions u/s 1013(A) for HRA received, deductions u/s 80C – 80U and relief u/s 89(1) are explained here. Procedure for the calculation of tax liability includes computation of (1) Gross Salary (2) Net Salary (3) Gross Total Income (4) Total Income (5) Computation of Tax Payable and (6) Claiming relief u/s 89(1).

**Scheme of Total Income**

| | |
|---|---|
| Pay in the pay band | ………… |
| Academic Grade Pay | ………… |
| D.A | ………… |
| HRA (after deduction u/s 10 (13A) | ………… |
| Festival Allowance | ………… |
| Arrear Salary (Including arrear D.A credited to PF | ………… |
| Encashment of earned leave | ………… |
| | Gross Salary |
| Less professional tax u/s 16(iii) | ………… |
| | Net Salary |
| Less Interest on loan taken for the construction of self occupied House | ………… |
| Add Inferest on NSC | ………… |
| Add Valuation Remuneration if any | ………… |
| Add interest on Bank deposit if any | ………… |
| | Gross Total Income |
| Less deduction u/s 80C-80U | ………… |
| | Total Income |

## Tax on Total Income

Tax rate applicable for the Assessment Year 2012-13 i.e. the previous year (financial year) 2011-12.

### I. Ordinary individual

| | | |
|---|---|---|
| First 1,80,000 of the total income | - | Nil |
| Next 320000 of the total income | - | 10% |
| Next 300000 of the total income | - | 20% |
| Balance of the total income | - | 30% |

### II. Individual (women below the age of 60 years)

| | | |
|---|---|---|
| First 1,90,000 of the total income | - | Nil |
| Next 310000 of the total income | - | 10% |
| Next 300000 of the total income | - | 20% |
| Balance of the total income | - | 30% |

### III. Senior Citizen (who is of 60 years or more but less than 80 years)

| | | | |
|---|---|---|---|
| First 250000 | - | Nil | |
| Next 250000 | - | 10% | Next 300 |
| 000 | - | 20% | Balance |
| of Total Income | - | 30% | |

### III. Super Senior Citizen (who is at the age of 80 years or more)

| | | | |
|---|---|---|---|
| First 500000 | - | Nil | |
| Next 300000 | - | 20% | Balance |
| of Total Income | - | 30% | |

**Surcharge**: No Surcharge

**Educational Cess**: @ 3% on the amount of income tax computed as above

**Relief u/s 89(1)**: Relief in respect of arrear salary received is deducted from tax payable after educations cess. Those who have received UGC arrears effective from March 2010 during the financial year 2011-12 can claim this relief.

### 1. Exemptions u/s 10 (13A) Rule 2 A - HRA

Only those who are residing in rented accommodation can claim exemptions for HRA.

Exempted portion of HRA is least of the following 3 figures.

1. Actual amount of HRA received
2. Excess of rent paid over 10% of salary
3. 40% of salary due

HRA as reduced by the amount of exemption u/s 10 (13 A) is included in gross salary.

### II. Professional tax 16(iii)

Employment tax paid by the assessee leviable by or under any law will be allowed as deducaiton. This will be allowed to be deducted only when it is actually paid.

### III. Rules for claiming interest on loan for self occupied house

A. Allowable maximum interest Rs.30,000, where such property has been (1) acquired (2) constructed (3) repaired (4) renewed (5) reconstructed with borrowed capital.

B. Allowable interest Maximum Rs. 1, 50, 000/— where such property (1) acquired (2) constructed with borrowed capital after 31-03-99 and construction completed within 3 years from the end of the financial year in which the capital was borrowed.

**Note.**

**LIST OF OFFICE BEARERS 2011-2013**

| | |
|---|---|
| **PRESIDENT** | Prof. TARUN KUMAR PATRA |
| **GENERAL SECRETARY** | Prof. ASHOK BARMAN |
| **TREASURER** | Prof. NIKHIL DESAI |
| **NATIONAL SECRETARY** | 1. Prof. P.JAYAGANDHI |
| | 2. Prof. K.JAYAKUMAR |
| | 3. Prof. Ms.MADHU PARANJAPE |
| | 4. Prof. RABI ROY |
| | 5. Prof. SANJAY KUMAR SINGH |
| **VICE-PRESIDENT** | 1. Prof. RAVICHANDRAN |
| | 2. Prof. VIJAYKUMAR PIYUSH |
| | 3. Prof. VIVEKANANDAN |
| | 4. Prof. GOSWAMI DEBABRATA |
| | 5. Prof. MALLIKARJUN RAO |
| | 6. Prof. VAZIR SINGH NEHRA |
| | 7. Prof. JAGWANT SINGH |
| | 8. Prof. SHUKLA J.N |
| | 9. Prof. MULLA N.K |
| **ZONAL SECRETARIES** | |
| **ZONE I (NORTH EASTERN)** | Prof. BISWAJIT BHUYAN |
| **ZONE II (EASTERN)** | Prof. GANGULI KALYANMOY |
| **ZONE III (CENTRAL 1) (U.P)** | RESULT WITHHELD |
| **ZONE IV (CENTRAL ZONE 2)** | Prof. SIKARWAR R.S |
| **ZONE V (NORTH)** | Prof. ATTAR SINGH |
| **ZONE VI (WEST ZONE)** | Prof. DESAI MAHADEV |
| **ZONE VII (SOUTH EASTERN)** | Prof. ANGADI L.R. |
| **ZONE VIII (SOUTH)** | Prof. REGHUNATH |

# AIFUCTO
## The Court arrest program in Delhi during Winter Session of Parliament

The AIFUCTO Secretariat decided in the NEC meeting that a court arrest program will be organized in Delhi during the Winter Session of Parliament, if arrears payment order is not issued by the Central Government. All affiliates are requested to do the organizational work and prepare the list of participants immediately. Ensure massive participation.



# ന്യൂട്രിനോ വിജയത്തിൻെറ സാധുത

ഡോ.എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



അമേരിക്കയിൽ പ്രിൻസ്ടണിലെ *ഇൻസ്ററ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്ററഡീസിൽ* ആൽബർട്ട് ഐൻസ്റ്റീൻ പ്രവർത്തിക്കുന്ന കാലത്ത് അദ്ദേഹത്തോട് ആ സ്ഥാപനത്തിൻെറ അധികൃതർ ചോദിച്ചു, *സർ, ലോകത്തെ ഏററവും വലിയ പരീക്ഷണശാല സ്ഥാപിക്കുന്നതിന് ഇവിടെ എന്തൊക്കെ സജ്ജമാക്കണം? അങ്ങ് അതിന് ഒരു പ്രോജക്ട് തയ്യാറാക്കി തരിക. ആവശ്യമുള്ള സമയം അതിന് അങ്ങേയ്ക്ക് എടുക്കാം.*

ഐൻസ്റ്റീൻ പറഞ്ഞു, അതിന് ഒട്ടും സമയം വേണ്ട. പരീക്ഷണശാലയ്ക്ക് വേണ്ടത് എഴുതിക്കൊള്ളൂ.... ഒരു മുറി, അതിൽ ഒരു മേശ, ഒരു കസേര, കുറച്ച് പേപ്പർ, പേന പിന്നെ ഒരു ചവററുകൊട്ട. ഉത്തരം കേട്ട് അതിശയിച്ച അധികൃതർ ചോദിച്ചു എന്തിനാണ് ചവററുകൊട്ട? ഐൻസ്റ്റീൻ പറഞ്ഞു. *ഞാൻ എഴുതുമ്പോൾ തെററുകളും അബദ്ധങ്ങളും ചമയ്ക്കാറുണ്ട്. പിന്നീട് അവ ബോദ്ധ്യപ്പെടുമ്പോൾ നുള്ളിക്കീറി ചുരുട്ടി ഇടാനാണ് ചവററുകൊട്ട.*

ശാസ്ത്രചിന്തയുടെ അപൂർവ്വതലങ്ങളെ അനാവരണം ചെയ്ത മഹാമനീഷിയുടെ വിനയാന്വിതമായ പ്രസ്താവനയ്ക്ക് ഇന്ന് അധികസാംഗത്യം കൈവന്നിരിക്കുന്നു. ഞാൻ കണ്ടെത്തിയ തത്വങ്ങൾ തെററാണെന്ന് സ്ഥാപിക്കാൻ വസ്തുത മതി, അധികം ബുദ്ധിജീവികളെത്തന്നെ വേണമെന്നില്ല എന്ന ഐൻസ്റ്റീൻ സംഭാഷണവും ധാരണകളുടെ നശ്വരതയെ ഊന്നിപ്പറയുന്നു. കാലാകാലങ്ങളിൽ അവ്യക്തതയിൽ നിന്ന് വ്യക്തതയിലേക്കും കൂടുതൽ സുവ്യക്തതയിലേക്കും മനുഷ്യൻെറ അകക്കണ്ണ് തുറന്നു കൊണ്ടേയിരിക്കും.

ഏതിനും ഉത്തരം ഒരു അദൃശ്യതിരമാണ് എന്ന കേവല നിഗമനത്തിൽ നിന്ന് അപഗ്രഥനങ്ങളും അനാവരണങ്ങളും, ബോധപൂർവ്വവും യാദൃശ്ചികവുമായ സ്വഭാവത്തിൽ സത്യങ്ങളിലേക്ക് മനുഷ്യനെ ഉത്തരോത്തരം നയിച്ചു കൊണ്ടിരിക്കുന്നു. ആററം വിഭജിക്കാവുന്നതല്ല എന്ന ഡാൾട്ടൺ സങ്കല്പത്തിൽ നിന്ന് നാം എത്ര കുതിച്ചുയർന്നു! ഇന്നത്തെ വൈജ്ഞാനിക അന്തസ്സിൽ എത്തുവാൻ, മുൻപുള്ള അസംഖ്യം സങ്കല്പങ്ങൾ എത്ര തകർന്നടിഞ്ഞു! എത്ര പ്രാമാണിക സിദ്ധാന്തങ്ങൾ കടപുഴകിവീണു! അതുകൊണ്ട് ഐൻസ്റ്റീൻ സമർത്ഥിച്ചതെല്ലാം അനിഷേധ്യമാണ് എന്ന വേവലാതി നമുക്കാർക്കും വേണ്ട. അറുപതുകളിൽ തന്നെ പ്രകാശവേഗത്തിൻെറ അപ്രമാദിത്വം ചോദ്യം ചെയ്ത മലയാളത്തിൻെറ അഭിമാനമായ ഇ.സി.ജി സുദർശനൻെറ ദർശനം തന്നെയുണ്ട് നമുക്ക് താങ്ങായി.

സ്വിററ്സർലണ്ടിൻെറ തലസ്ഥാനമായ ബേണിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനമായ സേണിൽ (CERN അല്ലെങ്കിൽ യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച്) നിന്ന് 730 കിലോമീററർ അകലെ ഉള്ള ഇററലിയിലെ ഗ്രാൻസാസ്സോ നാഷണൽ ലബോറട്ടറിയിലെ OPERA (Oscillation Project with Emulsion tRacking Apparattus) ഡിററക്ടറിൽ സൂക്ഷ്മ കണികകൾ ആയ ന്യൂട്രിനോകൾ പ്രകാശത്തേക്കാൾ വേഗത്തിൽ സഞ്ചരിച്ചെത്തി. കൃത്യമായി പറഞ്ഞാൽ പ്രകാശം എടുക്കുന്നതി



ഐൻസ്റ്റീൻ

നേക്കാൾ 60 നാനോ സെക്കൻറ് കുറച്ചു മാത്രമാണ് ന്യൂട്രിനോകൾ എടുത്തത്. ഇത് അബദ്ധമോ തെററോ അല്ലെന്ന് തെളിയിക്കാൻ ന്യൂട്രിനോകളെ 15000 തവണ ആവർത്തിച്ച് ഈ ദൂരം സഞ്ചരിപ്പിച്ചു. പരീക്ഷണ ഫലം വ്യത്യാസപ്പെട്ടില്ല.

ഈ വാർത്ത ശാസ്ത്രലോകത്ത് കോളിളക്കം സൃഷ്ടിച്ചിരിക്കുന്നു. പരീക്ഷണങ്ങൾ ചെയ്യാതെ അപൂർവ്വസിദ്ധാന്തങ്ങൾ കാഴ്ചവച്ച ഐൻസ്റ്റീന് തെററ് പററി എന്ന് ഉറപ്പിക്കാൻ അറച്ചു നിൽക്കുകയാണ് ശാസ്ത്രലോകം.

## സ്പെഷ്യൽ തിയറി ഓഫ് റിലേററിവിററി

On the Electrodynamics of moving bodies എന്ന ഗവേഷണ പ്രബന്ധം രചിച്ചത് ആൽബർട്ട് ഐൻസ്റ്റീൻ ആണ്. 1905 ൽ വെളിച്ചം കണ്ട ഈ പ്രബന്ധത്തിലാണ് വിശിഷ്ട ആപേക്ഷിക സിദ്ധാന്തത്തിൻെറ ബീജം സ്ഥിതി ചെയ്യുന്നത്. ശാസ്ത്ര ദർശനികന്മാരെ അമ്പരിപ്പിച്ച പ്രകാശ വേഗത്തെപ്പററിയുള്ള വ്യാഖ്യാനം അതിൽ ഉണ്ട്.

പ്രകാശ വേഗം ആദ്യമായി നിർണയിച്ചത് ഗലീലിയോ ആണ് (1564- 1642) എന്നാൽ അർമാങ് ഫീസോ (1819- 1896) എന്ന ഫ്രഞ്ച് ശാസ്ത്രജ്ഞൻ കൃത്യമായി $3x10^{8}$ മീററർ ഒരു സെക്കൻറിൽ പ്രകാശം സഞ്ചരിക്കുമെന്ന് കണ്ടെത്തി. പിന്നീട് ഴാങ് ഫൂക്കോ (1858-1916) പ്രകാശവേഗം അത് സഞ്ചരിക്കുന്ന മാധ്യമത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് പറഞ്ഞു. ശൂന്യതയിൽ സഞ്ചരിക്കുന്ന വേഗത്തിൽ ജലം, ഗ്ലാസ് എന്നീ സുതാര്യ വസ്തുക്കളിലൂടെ സഞ്ചരിക്കാൻ പ്രകാശത്തിന് കഴിയില്ലത്രെ.

ഒരാൾ പ്രകാശത്തിൻെറ എതിർദിശയിൽ നീങ്ങിയാലും അതേ ദിശയിൽ നീങ്ങിയാലും, സാമാന്യ ബോധത്തിന് അതീതമായി പ്രകാശവേഗം സ്ഥിരമത്രെ! കാരണം , സെക്കൻറിൽ $3x10^{8}$ മീററർ സഞ്ചരിക്കുന്ന പ്രകാശത്തിന് എതിർദിശയിൽ ഒരാൾ സഞ്ചരിച്ചു കൊണ്ട് പ്രകാശവേഗം നിർണയിച്ചാൽ അയാൾ പ്രകാശ വേഗത്തിനൊപ്പം സ്വന്തം ഗതിവേഗം കൂടി കൂട്ടണം. കൂട്ടിയാലും എതിർ സഞ്ചാരിയുടെ ഗതിവേഗം താരതമ്യേന തുച്ഛമായതിനാൽ, അത് പ്രസക്തമാകുന്നില്ല. അഥവാ *ആന വായിൽ അമ്പഴങ്ങ!* അതു പോലെ തന്നെ. പ്രകാശദിശയിൽ തന്നെ സഞ്ചരിക്കുന്ന ഒരാൾ പ്രകാശവേഗം നിർണ്ണയിച്ചാൽ അയാൾ പ്രകാശവേഗത്തിൽ നിന്ന് സ്വന്തം ഗതിവേഗം കുറയ്ക്കണം കുറച്ചാലും പ്രകാശത്തിൻെറ *സെക്കൻറിൽ* $3x10^{8}$ മീററർ എന്ന വേഗത്തിന് ഒരു മാററവും ഉണ്ടാകില്ല. കൃത്യമായി സമീകരണങ്ങളുടെ ബലത്തിൽ ഐൻസ്റ്റീൻ അത് സ്ഥാപിച്ച് പ്രകാശവേഗം സ്ഥിരമാണ് എന്ന് പറഞ്ഞു. അത് ഒരു സ്ഥിരാങ്കം ആണ്

അതുപോലെ ഒരു വസ്തുവിൻെറ ഗതിവേഗം കൂടുമ്പോൾ ഭാരവും കൂടും. ഗതിവേഗം കൂടിക്കൂടി അത് പ്രകാശവേഗത്തിൽ സഞ്ചരിച്ചാൽ അതിൻെറ ഭാരവും കൂടിക്കൂടി അനന്തം ആകും.

യാതൊന്നിൻെറയും ഭാരം അനന്തമാകുന്നില്ല. അതിനാൽ ഒന്നിനും പ്രകാശത്തിൻെറ ഗതിവേഗത്തിലോ അതിൽ കൂടിയ ഗതിവേഗത്തിലോ സഞ്ചരിക്കുക സാദ്ധ്യമല്ല ഇതാണ് ഐൻസ്റ്റീൻ പറഞ്ഞും, ഗണിതശാസ്ത്രപരമായി സമീകരണങ്ങൾ നിരത്തിയും സ്ഥാപിച്ച് വച്ചിരുന്നത്. ന്യൂട്രിക്കോ എന്ന അണുഘടകം പ്രകാശത്തെ ഓവർറേക്ക് ചെയ്ത് ഈ വിധത്തിലുള്ള ഐൻസ്റ്റീൻ സിദ്ധാന്തങ്ങളെ നിഷേധിച്ചിരിക്കുന്നു എന്നതാണ് ഇന്നത്തെ കോളിളക്കവൃത്താന്തം. ഇതിന് സമാനമായൊരു ഫലം മുമ്പ് അമേരിക്കയിലെ *ഫെർമി നാഷണൽ ആക്സിലേററർ ലാബിൽ* നടന്ന മിനോസ് പരീക്ഷണത്തിൽ ലഭിച്ചിരുന്നു. പക്ഷെ അന്ന് അത് നിർണയപ്പിശക് എന്ന നിലയിൽ നിരാകരിക്കപ്പെട്ടു.



എൻറിക്കോ ഫെർമി

സേണിലെ ഈ ഫലത്തെയും സർവ്വതല പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ഇപ്പോൾ. ന്യൂട്രിക്കോ പുറപ്പെട്ട സ്ഥാനമായ സേണിലെയും, ചെന്നെത്തിയ 730 കിലോമീററർ അകലെയുള്ള ഇററലിയിലെ OPERA യിലെയും ഗുരുത്വാകർഷണ വ്യത്യാസങ്ങൾ ആണോ ഈ പരീക്ഷണ ഫലത്തിന് കാരണം എന്ന് പരിശോധിച്ച് വരികയാണ്. ഇങ്ങനെ തലങ്ങും വിലങ്ങും പുനപ്പരിശോധന നടത്തുന്നത്, ഇപ്പോഴത്തെ സേൺ ഫലം ശരിയാണെങ്കിൽ, ഒരു വമ്പൻ സൈദ്ധാന്തിക അട്ടിമറിക്കായിരിക്കും നാം സാക്ഷ്യം വഹിക്കുക. എന്തെങ്കിലും പ്രകാശ വേഗത്തിലെത്തിയാൽ സമയം നിശ്ചലമാകും! എന്നാൽ പ്രകാശത്തേക്കാൾ വേഗത്തിലായാലോ? സമയം പുറകോട്ടൊഴുകും!

## എന്താണ് ന്യൂട്രിനോ?

1930ൽ വുൾഫ്ഗാങ് പോളിയാണ് ആദ്യത്തെ ന്യൂട്രിനോ പ്രഖ്യാപനം നടത്തിയത്. റേഡിയോ ആക്ടിവിററിയൽ ബീററാ വികിരണം മൂലം ദ്രവിക്കുന്ന അണുക്കളുടെ അവസ്ഥ പഠിച്ചപ്പോൾ ഊർജസംരക്ഷണം (conservation of energy) എങ്ങനെ പാലിക്കപ്പെടുന്നുവെന്ന് സ്ഥാപിക്കാൻ പോളി മുന്നോട്ടു കൊണ്ടു വന്നതാണ് ന്യൂട്രിനോ എന്ന ആശയം . പേര് സൂചിപ്പിക്കുന്നത് പോലെ പോസിററീവോ നെഗററീവോ അല്ലാത്ത, ഒട്ടും ഭാരമില്ലാത്ത ഒരു അണുഘടകമത്രെ ന്യൂട്രിനോ.

ഇങ്ങനെ റേഡിയോ ആക്ടീവ് അണുക്കളുടെ ദ്രവീകരണം (Decay) മൂലം മാത്രമല്ല ഇവ പിറന്നു വീഴുന്നത്. സൂര്യനിൽ സംഭവിക്കുന്ന അണു സംയോജന ക്രിയകളുടെ ഒരു ഫലമാണ് അവിടെ നിന്ന് പുറപ്പെടുന്ന എണ്ണമററ ന്യൂട്രിനോ പ്രവാഹം. ഭൂമിയിൽ എത്തുന്ന ന്യൂട്രിനോകൾ, സെക്കൻറിൽ 65000000000 ( 65 ബില്യൺ) ന്യൂട്രിനോകൾ ഭൂമിയുടെ ഒരു ചതുരശ്ര സെ. മീററിൽക്കൂടി കടന്നുപോകുന്നുവത്രെ! പ്രപഞ്ചത്തിൽ , നടക്കുന്ന സൂപ്പർനോവ സ്ഫോടനഫലമായിക്കൂടി ന്യൂട്രിനോകൾ പുറപ്പെടുന്നു. ചുരുക്കത്തിൽ നിരുപദ്രവികളായ ന്യൂട്രിനോകൾക്ക് പ്രപഞ്ചത്തിൽ ഒരു പഞ്ഞവുമില്ല. മനുഷ്യനിർമ്മിത ന്യൂട്രിനോകളത്രെ അണുറിയാക്ടർ, അണുബോംബ് എന്നിവയിൽ നിന്ന് പുറപ്പെടുന്നത്.


ഇ.സി.ജി സുദർശനൻ

ആദ്യം പോളി ഇതിനെ ന്യൂട്രോൺ എന്ന് വിളിച്ചെങ്കിലും പിൽക്കാലത്ത് (1932) ജെയിംസ് ചാഡ്വിക് യഥാർത്ഥ ന്യൂട്രോൺ കണ്ടു പിടിച്ചപ്പോൾ , ബീററാ ഡീക്കേയുടെ തത്വം ആവിഷ്കരിച്ചപ്പോൾ (1933) എൻരിക്കോ ഫെർമിയാണ് ന്യൂട്രിനോ എന്ന പേരിട്ടത്.

1942 ൽ ഇവയെ കണ്ടു പിടിക്കാമെന്ന് ( Capture) നിർദ്ദേശിച്ചത് കാങ് ചാങ് വാങ് ആണ്. 1956 ൽ ഇവയെ കണ്ടുപിടിച്ചത് (Detected) ക്ലൈഡ് കൊവാൻ എന്നിവർ ആയിരുന്നു. അതിന് നോബൽ പ്രൈസ് ലഭിച്ചു, പക്ഷെ 40 വർഷങ്ങൾക്കു ശേഷം മാത്രം. ന്യൂട്രിനോയുടെ പ്രതിപദാർത്ഥമായ


വുൾഫ്ഗാങ് പോളി

ആൻറിന്യൂട്രിനോ, ഒരു അണു റിയാക്ടറിലെ ബീററാഡീക്കേയുടെ ഫലമായി സൃഷ്ടിക്കപ്പെട്ട്, പ്രോട്ടോണുകളുമായി പ്രതിപ്രവർത്തിച്ച് ന്യൂട്രാണും പോസിട്രോണും ആയി മാറുന്നു. അതിന് ശേഷം ആ പോസിട്രോൺ ഒരു ഇലക്ട്രോണുമായി ചേർന്ന് ന്യൂട്രിനോ ആയിത്തീരുന്നു. ഇതാണ് ഇലക്ട്രോൺ ന്യൂട്രിനോ.

1962 ൽ ലിയോൺ എം ലെഡർമാൻ എന്നിവർ ഒന്നിലധികം തരം ന്യൂട്രിനോകൾ ഉണ്ടെന്ന് കണ്ടെത്തി. അതിൽ ഒന്ന് മുഓൺ *(muon)* ന്യൂട്രിനോ അത്രെ. ഈ കണ്ടുപിടിത്തത്തിന് 1988 ലെ നോബൽ പ്രൈസ് ലഭിച്ചു. സ്ററാൻഫോഡ് ലീനിയർ ആക്സിലറേറർ സെൻററിൽ 1975 ൽ മൂന്നാമത്തെ ഇനമായ ററാഉ *(tau)* ന്യൂട്രിനൊയും കണ്ടെത്തപ്പെട്ടു.

ന്യൂട്രിനൊകൾക്ക് ഒട്ടും ഭാരമില്ലാത്തതിനാൽ മൂന്നിനും ന്യൂട്രിനോകൾക്ക് തമ്മിൽ തമ്മിൽ ആന്ദോളനം*(oscillate)*ചെയ്യാൻ സാദ്ധ്യമല്ല എന്ന് കരുതിയിരുന്നു. എന്നാൽ ദ്രവ്യത്തിലൂടെ കടന്നുപോകുന്ന ന്യൂട്രിനോകളുടെ ഇനം (flavour) പരിഷ്കരിക്കാൻ കഴിയുമെന്ന് 1985 ൽ സ്ററാനിസ്ലവ് മിഖേയേവ്, അലക്സി സ്മിർനോവ് എന്നിവർ കണ്ടെത്തി. ഇത് 1978 ലെ ലിങ്കൺ വുൾഫെൻസ്റ്റെൽ ചെയ്ത ഗവേഷണത്തിൻെറ തുടർച്ചയായിരുന്നു ഈ ഇനപരിഷ്കരണ ആന്ദോളനം (Flavour oscilation) MSW ഇഫക്ട് (മിഖേയേവ്, സ്മിർനോവ് വുൾഫെൻസൈററൻ ഇഫക്ട്) എന്ന് അറിയപ്പെടുന്നു. സൂര്യനിൽ നിന്ന് വരുന്ന ഇലക്ട്രോൺ ന്യൂട്രിനോകൾ സൗരകേന്ദ്രത്തിലൂടെ ( Solar core) കടന്ന് ഭൂമിയിലേയ്ക്ക് വരുന്നതിനിടയിൽ ഇനമാററത്തിന് ( flavour change) വിധേയമാകുമത്രെ.

ന്യൂട്രിനോയ്ക്ക് ഫ്ളേവർ ഓസിലേഷൻ സംഭവിക്കുന്നതിനാൽ അതിന് ചെറുതെങ്കിലുമായ ഭാരമുണ്ട്. ഹാഫ് ഇൻറിജർസ്പിൻ ഉണ്ട്. തൽഫലമായി കാന്തിക ശക്തിയുമുണ്ട്. അതുകൊണ്ട് തന്നെ സേൺ മുതൽ ഒപേറ വരെയുള്ള മത്സരത്തിൻെറ *60 നാനോ സെക്കൻറു ഫോട്ടോ ഫിനിഷി*ലെ ന്യൂട്രിനോ വിജയം ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയേറുന്നു.




# Globel Debt

Dr. P.S. Mohanakumar



Rising debt has become the most dangerously exposed financial vulnerability in the world affecting developed countries particularly the USA, Japan and Euro zone countries. Euro zone has become the weakest link in the global economy followed by many developed countries. Greece, Ireland, Portugal, Spain, the UK and the US are caught in a debt trap. The fear that crisis will persist and impede growth in debt affected countries is fairly high. It cannot be dismissed as a short-term liquidity problem, but will cause serous repercussions in the form of a contagion effect as was in the case of Asian crisis. The present debt crisis may also be seen as an 'exit strategy' from privatization and liberalization in the near future, and to insulate their own economies through regulations (strategic policy). The situation is so threatening that an 'exit' by Greece from Euro zone will lead to a Euro collapse thus inflicting huge contagion effect in the world The gross debt ( cumulative of all government borrowings) of select counties are given below. (as percentage of GDP

| Country | 2010 | 2011 (Forecast) |
|---|---|---|
| France | 92% | 99% |
| Germany | 82% | 85% |
| Greece | 123% | 130% |
| Italy | 116% | 119% |
| Japan | 197% | 204% |
| Netherlands | 77% | 82% |
| UK | 83% | 94% |
| USA | 92% | 100% |

The external debt (which reflects the foreign currency liabilities of both private and public sectors) to GDP ratio is alarming in the case of following countries.

| Country | External debt to GDP ratio |
|---|---|
| Italy | 127% |
| USA | 100% |
| Greece | 161% |
| Spain | 171% |
| Germany | 178% |
| Portugal | 214% |
| Ireland | 1267% |
| Great Britain | 400% |
| Switzerland | 423% |

## Human Development Index

India's HDI between 1999 and 2008 increased by 21 per cent from 0.387 to 0.467, Among states, Kerala has retained its lead in HDI, followed by Delhi, Himachal Pradesh, Goa and Punjab. On the high rates of child malnutrition, Gujarat's figures (69.7 per cent children up to age 5 were

anaemic and 44.6 per cent were malnutritioned) is not that good in spite of high growth.. It said, as on today, two-thirds of the households in the country reside in pucca (cemented) houses and three-fourth of families have access to electricity for domestic use. Madhya Pradesh has been placed at the bottom of a list of states having the lowest human development index (HDI), even though the all-India index has gone up by 21%. According to the India Human Development Report 2011, Madhya Pradesh has the most chronically-wasted and under- weight children, with its rating falling well below the national average.

**Brickwork Ratings**

The criteria document identifies and briefly addresses some of the specific factors considered by Brickwork Ratings in analysing a Credit Rating. Credit rating criteria enable analysts to analyze and interpret information on a consistent approach. At Brickwork, we refine rating criteria and benchmarks proactively, taking into account changes in the market environment. Robust criteria assist in accurate assessment of credit risk for an entity. Ratings are subjective credit opinions based on various qualitative and quantitative factors; the robustness of ratings is preserved through consistent application of updated rating criteria. Brickwork Ratings Process is broadly classified into: a) Pre-Rating b) Rating and c) Post-Rating processes. The objective for inclusion of Pre-rating and Post-rating processes in this document is done with the purpose of having a comprehensive understanding on the subject.

Vinodkumar Edachery
*RSM Sndp Yogam College, Koyilandy*



# *Disguise*

*Like poet, in looks*
*Expression*
*Matted hair, beard*
*Pretence, egotism*
*Long robe, shoulder bag*
*Alcohol, women*
*Drugs......*
*A book in arm pit*
*Beedi between lips*
*Mischief on the tongue......*
*Children who cant distinguish*
*Crying mad, mad*
*Are after me alone*




# ശാസ്ത്ര നൊബേൽ സമ്മാന ജേതാക്കൾ- 2011

ഡോ.എം.ആർ.സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം



2011 ലെ ഭൗതികത്തിനുള്ള നൊബേൽ സമ്മാനം Berkeley യിലെ university of california യിലെ Saul Perlmutter ഉം Austrialian National University യിലെ Brian P. Schmidt ഉം John Hopkins University യിലെ Adam G. Reiss ഉം പങ്കിട്ടു. സൂപ്പർ നോവയെ നിരീക്ഷിച്ച് ത്വരിതപ്പെടുന്ന പ്രപഞ്ച വികാസത്തെ കണ്ടു പിടിച്ചതിനാണവർ സമ്മാനർഹരായത്. നക്ഷത്ര പരിണാമ ദശയിലെ ഒരു ഘട്ടമാണ് സൂപ്പർ നോവ. ചുവന്ന ഭീമൻ അവസ്ഥയിലെത്തിയതും ദ്രവ്യമാനമേറിയതുമായ ഒരു നക്ഷത്രമാണത്. ഇന്ധനം തീരുമ്പോൾ ഗുരുത്വാകർഷണം മൂലം അതിദ്രുതം പൊട്ടിയമരുകയും തത്ഫലമായി പുറം അടരുകൾ തെറിച്ചുപോവുകയും ചെയ്യുന്ന അവസ്ഥയാണ് സൂപ്പർ നോവ.

1988 ൽ perlmutter ന്റെ നേതൃത്വത്തിലും 1994 ൽ Brian schmidt ന്റെ നേതൃത്വത്തിലുമുള്ള ( ഇതിൽ പ്രധാനിയായിരുന്നു Adam Reiss) രണ്ടും ശാസ്ത്ര സംഘങ്ങൾ ഡസൻ കണക്കിന് സൂപ്പർ നോവകളെ പഠന വിധേയമാക്കിയാണ് ത്വരിതപ്പെടുന്ന പ്രപഞ്ച വികാസത്തെ 1998 ൽ കണ്ടെത്തിയത്. സൂപ്പർ നോവകളുടെ സ്ഥാനം നിർണയിച്ച് ആകാശ ചിത്രം തയ്യാറാക്കുകയാണവർ ചെയ്തത്. *Ia* എന്നതരം സൂപ്പർ നോവകളെയാണ് രണ്ടു സംഘങ്ങളും നിരീക്ഷിച്ചത്. സൂര്യന്റെ ഭാരവും ഭൂമിയുടെ വലിപ്പവുമുള്ള പൊട്ടിത്തെറി പോലുള്ള സൂപ്പർ നോവയാണത്. ഒരു ഗാലക്സി പുറപ്പെടുവിക്കുന്നത്ര പ്രകാശം ഇത്തരം ഒരൊററ സൂപ്പർ നോവ പുറപ്പെടുവിക്കും. രണ്ടു ടീമുകളും നിരീക്ഷിച്ച അമ്പതോളം സൂപ്പർ നോവകളുടെ പ്രകാശം പ്രതീക്ഷിച്ചതിനേക്കാൾ കുറവായിരുന്നു. മഹാവിസ്ഫോടനത്തിനു ശേഷം പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയാണെന്നറിയാമായിരുന്നുവെങ്കിലും, ഈ വികാസം ത്വരിതപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന് നമ്മെ കാട്ടി തന്നത് ഈ നിരീക്ഷണമാണ്.

Israel Institute of Technology യിലെ Dan Shechtman നാണ് രസതന്ത്ര നൊബേൽ സമ്മാനം ലഭിച്ചത്.


Saul Perlmutter


Brian P. Schmidt


Adam G. Reiss

ക്വാസി ക്രിസ്റ്റലുകളെ കണ്ടുപിടിച്ചതിനാണ് shechtman നൊബേൽ സമ്മാനർഹനായത്. 1982 ഏപ്രിൽ 8-ാം തിയതി Shechtman ൻെറ ഇലക്ട്രോൺ മൈക്രോസ്ക്കോപ്പിൽ പതിഞ്ഞ ചിത്രം പ്രകൃതി നിയമങ്ങൾക്കു വിപരീതമായിരുന്നു. ആററങ്ങളുടെ ആവർത്തിക്കപ്പെടുന്ന ക്രമീകരണമാണ് ക്രിസ്ററലുകളിലുള്ളത്. എന്നാൽ ഈ ക്വാസി ക്രിസ്ററലുകളിൽ ആററങ്ങളുടെ ക്രമീകരണം ആവർത്തിക്കപ്പെടുന്നില്ല. ഇത് അസാദ്ധ്യമാണെന്നാണ് കരുതിയിരുന്നത് ക്വാസി ക്രിസ്ററലുകളുടെ ഗവേഷണ ഫലം അവതരിപ്പിച്ചപ്പോൾ പുറത്തു പോകുവാൻ പോലും ഗവേഷണ ഗ്രൂപ്പിലുള്ളവർ അദ്ദേഹത്തോടാവശ്യപ്പെട്ടു! എന്നാൽ പിന്നീട് ക്വാസി ക്രിസ്ററൽ എന്നത് ശാസ്ത്ര ലോകം അംഗീകരിച്ചു.





Bruce A. Bentler, Jules A. Hoffmann, Ralph M. Steinman

വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിൻെറ പകുതി Scripps Research Institute ലെ Bruce A. Bentler ഉം Jules A. Hoffmann ഉം Rockefeller University യിലെ Ralph M. Steinman ഉം പങ്കിട്ടു. രോഗപ്രതിരോധ സംവിധാനത്തിന് receptor proteins വഹിക്കുന്ന പങ്കിനെ കുറിച്ചാണ് Bentler ഉം Hoffmann ഉം കണ്ടെത്തിയത്. എങ്ങനെയാണ് receptor പ്രോട്ടീനുകൾ സൂക്ഷ്മജീവികളെ നശിപ്പിക്കുന്നതെന്ന് അവർ കണ്ടു പിടിച്ചു. ഇതാണ് രോഗപ്രതിരോധ സംവിധാനത്തിലെ ആദ്യഘട്ടം. Ralph Steinman രോഗപ്രതിരോധ സംവിധാനത്തിലെ ദ്രുമാകൃതി ( Dendritic) കോശങ്ങളെ കണ്ടുപിടിച്ചു. ഇത് പിന്നീട് ലഭ്യമാകുന്ന ശേഷിയാണ്. ഇതുമൂലമാണ് ശരീരത്തിൽ നിന്നും സൂക്ഷ്മ ജീവികളെ ഒഴിവാക്കുന്നത്. ഒക്ടോബർ മൂന്നിനാണ് വൈദ്യ ശാസ്ത്ര നൊബേൽ സമ്മാനം പ്രഖ്യാപിച്ചത്. Ralp M. Steintman സെപ്തംബർ 30 ന് അന്തരിച്ചെന്ന് പിന്നീടാണറിയുന്നത്.

## അക്കാദമിക് സെമിനാർ

കോഴിക്കോട് ഫാറൂഖ് കോളജ് എ കെ പി സി ടി എ യൂണിററ് അക്കാദമിക് കമ്മിററിയുടെ ആഭിമുഖ്യത്തിൽ നടന്ന Road Ahead. Assisst professor to Associate Professor എന്ന orientation programme പ്രിൻസിപ്പൽ പ്രൊഫ. ഇ.പി ഇമ്പിച്ചിക്കോയ ഉത്ഘാടനം ചെയ്തു. AKPCTA സർവ്വീസ് സെൽ കൺവീനറും തൃശ്ശൂർ കേരളവർമ്മ കോളജ് സ്ററാററിക്സ് വിഭാഗം മേധാവിയുമായി ശ്രീ കെ. എസ് ജയചന്ദ്രൻ യുജിസി റെഗുലേൻസ് 2010 ലെ Career Advancement Scheme ൻെറ വിവിധ വശങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. സർവ്വകലാശാലകളിൽ റെഗുലേഷൻസ് അംഗീകരിക്കപ്പെട്ടാലേ ഇത് പൂർണമായി നമുക്ക് അനുഭവവേദ്യമാകൂ എന്ന് അദ്ദേഹം എടുത്തു പറഞ്ഞു. യു ജി സി റെഗുലേഷൻസ് 2010, കേരള സംസ്ഥാന ഗവൺമെൻറ് പുറപ്പെടുവിച്ച റെഗുലേഷനും തമ്മിലുള്ള വ്യത്യാസങ്ങൾ, വ്യത്യസ്തങ്ങളായ ശമ്പളസ്റേറജുകൾ, അസിസ്ററൻറ് പ്രൊഫസർ മുതൽ അസോസിയേററ് പ്രൊഫസർ വരെ എത്തിച്ചേരുന്നതിനുള്ള കടമ്പകൾ, സെലക്ഷൻ രീതികൾ ഓരോ സ്റേറജിനും വേണ്ട അദ്ധ്യാപക യോഗ്യതകൾ, സ്ക്രീനിംഗ്- കം- ഇവാല്യൂവേഷൻ കമ്മിററിയുടെ ഘടന, അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേററർ, എന്നിവയെക്കുറിച്ച് വിശദമായി അദ്ദേഹം പ്രതിപാദിച്ചു. ഫാറൂഖ് കോളജിലെ നാൽപ്പത് അദ്ധ്യാപകർ പങ്കെടുത്ത യോഗം യൂണിററ് പ്രസിഡൻറ് ഡോ. പി അനിൽകുമാർ അദ്ധ്യക്ഷം വഹിക്കുകയും ഡോ. കെ. കെ അബ്ദുല്ല നന്ദിപ്രകാശിപ്പിക്കുകയും ചെയ്തു.

## ചൈനയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര കാന്തികശാസ്ത്ര സമ്മേളനത്തിൽ ഗവേഷണപ്രബന്ധം അവതരിപ്പിച്ചു.



ഷാംഗ്ഹായ് യൂണിവേഴ്സിററിയും നോർത്ത് വെസ്റ്റേൺ പോളിടെക്നിക് യൂണിവേഴ്സിററിയും സംയുക്തമായി ഒക്ടോ 9 മുതൽ 15വരെ വരെ ഷാംഗ്ഹായ്- സിയാൻ നഗരങ്ങളിലായി സംഘടിപ്പിച്ച നാലാമത്

അന്താരാഷ്ട്ര കാന്തിക ശാസ്ത്രസമ്മേളനത്തിൽ (ICMS 2011) കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളജിലെ ഭൗതികശാസ്ത്രവിഭാഗം അധ്യാപകൻ ഡോ. എൻ. ഇ. രാജീവൻ ഗവേഷണപ്രബന്ധം അവതരിപ്പിച്ചു. പ്രസ്തുത സമ്മേളനത്തിലേയ്ക്ക് ക്ഷണിക്കപ്പെട്ട മൂന്ന് ഇന്ത്യൻ പ്രതിനിധികളിൽ ഒരാളാണ് അദ്ദേഹം.



# പുരസ്ക്കാരങ്ങൾ സ്വയം പുരസ്കൃതമാകുമ്പോൾ

**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*



**2011** ലെ ആർ ശങ്കരനാരായണൻ തമ്പി സ്മാരക പുരസ്കാരം ലഭിച്ചത് ഡോ. എം. ലീലാവതിക്കാണ്. കേരളത്തിൻറ പ്രഥമ സ്പീക്കറായിരുന്ന ആർ. ശങ്കരനാരായണൻതമ്പിയുടെ പേരിൽ ഏർപ്പെടുത്തിയ പുരസ്ക്കാരം ഈ വർഷം സാംസ്കാരിക രംഗത്തെ നിറസാന്നിധ്യമായ ലീലാവതി ടീച്ചർക്കെന്നത് നമുക്കേവർക്കും ആഹ്ളാദവും അഭിമാനവും നല്കുന്നു. പക്ഷേ ഈ കുറിപ്പിനാധാരം, പുരസ്കാരം സ്വീകരിച്ചു കൊണ്ടുള്ള ടീച്ചറുടെ മറുപടി പ്രസംഗത്തിൽ ടീച്ചർ രണ്ടു കാര്യങ്ങൾ മുന്നോട്ടു വച്ചതാണ് ഒന്ന്. ഈ പുരസ്കാരത്തിനു ടീച്ചർക്കുള്ള അർഹത. രണ്ട് പുരസ്ക്കാരങ്ങൾ തന്നെ വിനയാന്വിതയാക്കുന്നു എന്ന പ്രസ്താവവും പുസ്തകങ്ങളുടെ പെരുമഴക്കാലം പോലെ, കവിതയുടെ പെരുമഴക്കാലം പോലെ ഇക്കാലം അവാർഡുകളുടെയും പെരുമഴക്കാലമാണ്. മാത്രമല്ല, പുരസ്ക്കാരങ്ങൾ പലതും പിന്നാമ്പുറക്കഥകളുടെ പീറത്തരത്തിൽ നിറം കെട്ടു പോവുകയും ചെയ്യുന്നു. ഓരോ പുരസ്ക്കാരത്തിനു പിന്നിലും നടക്കുന്ന ആസൂത്രണങ്ങളും ചരടുവലികളും നമ്മെ ഇന്നു അലോസരപ്പെടുത്തുന്നേയില്ല, പിന്നെയാണല്ലോ ലജ്ജിപ്പിക്കുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് ലീലാവതി ടീച്ചറുടെ വാക്കുകൾക്ക് പ്രസക്തിയേറുന്നത്.

പ്രഗത്ഭനായ നിയമ സഭാസാമാജികനും കറതീർന്ന രാ്ട്രീയ വിപ്ലവകാരിയുമായിരുന്ന ആർ. ശങ്കര നാരായണൻ തമ്പിയുടെ പേരിലുള്ള പുരസ്കാരം തനിക്കു ലഭിക്കാൻ അർഹതയെന്ന ചോദ്യം ടീച്ചർ ഉന്നയിച്ചതിനെക്കുറിച്ച് നമ്മളുടെ പ്രിയ കവി ഒ.എൻ.വി കുറുപ്പ് സാർ പറയുകയുണ്ടായി. താനെന്തു കൊണ്ട് പൊതു രംഗത്തേക്കോ രാഷ്ട്രീയ രംഗത്തേക്കോ കടന്നു വന്നില്ലെന്നും അധ്യാപനത്തിൻെറയും പഠനത്തിൻെറയും ഭാഗമായി എഴുതുന്ന വഴിയിൽ പ്രവേശിച്ചതിൻെറ ചരിത്രവും ടീച്ചർ വെളിപ്പെടുത്തുന്നു. തുടർന്നു ടീച്ചർ നടത്തുന്ന നിരീക്ഷണങ്ങളിലാണ്, തൻെറ പുരസ്കാര ലബ്ധിയ്ക്കടിസ്ഥാനമായ അറിവിൻെറ വിശാലമായ മേഖല ടീച്ചർ തുറന്നിടുന്നത് കേരളീയ പൊതു ജീവിതത്തെയും ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തെയും നിർണായകമായി സ്വാധീനിച്ച സമസ്ത സ്ത്രീ -രത്നങ്ങളെയും ടീച്ചർ തൻെറ പ്രസംഗത്തിൽ അനുസ്മരിക്കുന്നു. ഒപ്പം ആർ. ശങ്കര നാരായണൻ തമ്പിയുടെ സഹോദരിമാരായ സുഭദ്രാമ്മ തങ്കച്ചിയും രാധമ്മത്തങ്കച്ചിയും കേരളത്തിലെ കമ്മ്യൂണിസ്ററ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് നിർവ്വഹിച്ച പങ്കും വിലയിരുത്തുന്നു. നമുക്കു ചുവടുറപ്പിക്കാൻ മണ്ണൊരുക്കിയ ഉജ്ജ്വലവ്യക്തിത്വങ്ങളെ കൃതജ്ഞതാ പൂർവം സ്മരിക്കാനുള്ള ലീലാവതി ടീച്ചറുടെ മഹത്വം തന്നെയാണ് ഏതു പുരസ്കാരത്തിനും ടീച്ച

റെ അർഹയാക്കുന്നത്. ചരിത്രത്തിൽ ജീവിക്കുന്ന ഒരു മനുഷ്യരെന്ന നിലയിൽ സ്ത്രീ വർഗത്തിന്റെ പരിമിതിയും സാധ്യതയും തിരിച്ചറിയാൻ ടീച്ചർ ശ്രമിക്കുന്നു.

ഒപ്പം, ഒരു പുരസ്കാരമേൽപിക്കുന്ന ഉത്തരവാദിത്തത്തെക്കുറിച്ചുള്ള ടീച്ചറുടെ ബോധ്യവും. പുറം പൂച്ചകളും കണ്ടു കപടവേഷങ്ങളും അരങ്ങു തകർക്കുന്ന നമ്മുടെ സാംസ്കാരിക ലോകത്ത് ലീലാവതി ടീച്ചറെ പോലുള്ളവർ പരത്തുന്ന പ്രകാശമാണ് ഇനിയും പ്രതീക്ഷയ്ക്കു വക നൽകുന്നത്. മാത്രമല്ല, ചിററയുടെ രോഗ ശുശ്രൂഷയ്ക്കു നിൽക്കേണ്ടിവന്നതിനാൽ തലസ്ഥാന നഗരത്തിലെത്തി പുരസ്കാരം ഏററുവാങ്ങാൻ ടീച്ചർക്കു കഴിഞ്ഞില്ല. സ്നേഹത്തിന്റെയും ആർദ്രതയുടെയും കാരുണ്യത്തിന്റെയും വററാത്ത ഉറവയായി ടീച്ചറെപ്പോലുള്ളവർ നമുക്കിടയിലിന്നുണ്ടെന്നുള്ളത് ഒരാശ്വാസം . വിനയവും ലാളിത്യവുമൊക്കെ കമ്പോളകേന്ദ്രിത വർത്തമാന സമൂഹത്തിൽ എടുക്കാചരക്കുകളായി പരിണമിച്ചിരിക്കേ, ഇന്ത്യൻ നിരൂപണ സാഹിത്യത്തിലെ കുലപതിയായ ഒരാൾ, അതും പുരുഷന്മാർക്കു മാത്രം പ്രാപ്യമെന്നു കരുതിയിരുന്ന ഒരു സദസ്സിൽ സ്വയം കയറിച്ചെന്നൊരാളാണ് ഇങ്ങനെ വിനയാന്വിതയാകുന്നത്. സ്വയം expose ചെയ്യാൻ ബാധ്യസ്ഥരായ മട്ടിൽ, സാഹിത്യരംഗത്ത് ഓരോ മഴയത്തും തളിർക്കുന്ന തകരകളുടെ മട്ടിൽ കപടവേഷങ്ങൾ സ്വന്തം നിലമൊരുക്കുമ്പോഴാണ് ടീച്ചർ ഇത്തരത്തിൽ ആശങ്കപ്പെടുന്നത്. ഒരു പക്ഷേ ഇങ്ങനെ പറയാൻ ടീച്ചർക്കേ കഴിയൂ.

ഡോ. എം. ലീലാവതിയെന്ന സമഗ്ര വിമർശകയെ ഇനിയും നമ്മുടെ സാഹിത്യലോകം വേണ്ടത്ര പഠിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എഴുത്തും എഴുത്താളും ആദരിക്കപ്പെടേണ്ടതാണെന്നും എഴുത്തിനൊരു മഹത്വമുണ്ടെന്നുമുള്ള അടിസ്ഥാന ബോധമാണ് ഡോ. എം. ലീലാവതിയെന്ന സമഗ്ര വിമർശകയെ നിർമിച്ചത്. അതിനാൽ എഴുതുന്നതൊക്കെയും സ്വീകരിക്കപ്പെടണമെന്നും ആസ്വാദിക്കപ്പെടണമെന്നുമുള്ള നിലപാടും ടീച്ചർ വച്ചു പുലർത്തുന്നു.

അഭിരുചി ഭേദങ്ങളുടെയോ പ്രത്യയശാസ്ത്ര നിലപാടുകളുടെയോ വ്യത്യസ്ഥതകൾ ലീലാവതി ടീച്ചർക്ക് എഴുത്തിന് തടസമാവുന്നില്ല.

എഴുത്തെന്ന സാംസ്കാരിക പ്രക്രിയയിലേക്കുള്ള വിപുലവും സമഗ്രവുമായ നോട്ടമാണ് പ്രധാനം. അതുകൊണ്ട് തന്നെ മുമ്പിലെത്തുന്ന കൃതികളെല്ലാം താരതമ്യഭേദങ്ങളില്ലാതെ ടീച്ചർക്ക് സ്വീകാര്യമാകുന്നു. ആസ്വാദനത്തിന്റെയും അപഗ്രഥനത്തിന്റെയും ഉയർന്ന തലങ്ങളിലേക്ക് വിമർശന കലയെ ആനയിച്ചു കൊണ്ട് ഒരു ദീർഘകാല നിരൂപണ ജീവിതം അങ്ങനെ സാധ്യമാകുന്നു. *ഇത്ര നീണ്ടകാലം സാഹിത്യ വിമർശന രംഗത്ത് സക്രിയവും സജീവമായി പ്രവർത്തിച്ച സ്ത്രീ ഇന്ത്യയിൽ ഒരു ഭാഷയിലും ഇല്ലെന്ന്* അതുകൊണ്ടാണ്ഡോ ഉമാശങ്കർ ജോഷി അഭിപ്രയപ്പെടുന്നത് ഏറെ പ്രധാനവും അഭിജാതവും അതുല്യവുമായ ഒരു നിരൂപണ . ജീവിതത്തിന്റെ ഉടമയെങ്കിലും തനിക്ക് ലഭിച്ച ഒരു പുരസ്കാരത്തിന് മുന്നിൽ വിനയാന്വിത ആകുന്നിടത്താണ് പുരസ്കാരത്തിന് തിളക്കമേറുന്നത്. ഇങ്ങനെ ചിലപ്പോഴെങ്കിലും പുരസ്കാരങ്ങൾ സ്വയം പുരസ്കൃതമാകാറുണ്ട്



## അടയാളങ്ങൾ ഇല്ലാതാകുമ്പോൾ

സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾക്ക് ഒരു രക്തസാക്ഷികൂടി. ഗദ്ദാഫിയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കുടിലതയ്ക്കിരയായി അവസാനിച്ചിരിക്കുന്നു. ലിബിയൻ മണ്ണിൽ അടയാളങ്ങൾ ഇല്ലാത്തവിധം അടക്കംചെയ്യപ്പെട്ട ഗദ്ദാഫിയ്ക്ക് ഒരു സ്മാരകംപോലും ഉണ്ടാകാതിരിക്കാൻ തക്ക മുൻകരുതലാണ് സാമ്രാജ്യത്വം കൈക്കൊണ്ടിരിക്കുന്നത്. ഗദ്ദാഫിയുടെ ഏകാധിപത്യ പ്രവർത്തന ശൈലിയോടോ മുൻകാല നടപടികളോടെ നമുക്ക് യോജിക്കാനാവില്ലെങ്കിലും ഒരു ദേശീയ നേതാവെന്ന നിലയിൽ ആ ഭരണാധികാരി സ്വീകരിച്ച ശക്തമായ സാമ്രാജ്യത്വ വിരുദ്ധ നിലപാടുകളോട് നമുക്ക് അനുഭാവം തന്നെയാണ്. ഒരു ഘട്ടത്തിൽ അമേരിക്കൻ നിലപാടുകളോട് അദ്ദേഹംകാണിച്ച ചായ്വ് നമ്മൾ മറക്കുന്നില്ല. പക്ഷെ സ്വന്തം രാജ്യം കൊള്ളയടിക്കാൻ സാമ്രാജ്യത്വത്തെ അദ്ദേഹം അനുവദിക്കാൻ തയ്യാറായില്ല. ലിബിയയിൽ ജനാധിപത്യം നടപ്പിലാക്കാൻവേണ്ടി നിലകൊള്ളുന്ന അമേരിക്കയുടെ ഇരട്ടത്താപ്പ് സിറിയയുടെ കാര്യത്തിൽ എന്ത് നിലപാട് എടുക്കുമെന്ന് ഓർക്കേണ്ടതുണ്ട്. ഗദ്ദാഫിയുടെ അന്ത്യം ഒസാമാ ബിൻലാദന്റെയും സദ്ദാം ഹുസൈന്റെയും പോലെ മററൊരു യാഥാർത്ഥ്യങ്ങളെക്കൂടി അനുസ്മരിപ്പിക്കുന്നു. സാമ്രാജ്യത്വവിരുദ്ധ നേതൃത്വത്തെ ഒരടയാളവും അവശേഷിപ്പിക്കാത്തവിധത്തിൽ ഇല്ലായ്മചെയ്യുന്ന നയം ഇവിടെയും നടപ്പിലായി. ലിബിയയുടെ രാജ്യതാല്പര്യങ്ങൾക്കുവേണ്ടി നിലകൊണ്ട ഒരു ദേശീയ നേതാവ് എന്ന നിലയിൽ സാമ്രാജ്യത്വവിരുദ്ധ പോരാട്ടസമരത്തിൽ നേതൃനിരയിൽ നിന്ന് ഗദ്ദാഫിയുടെ അന്ത്യം ചരിത്രത്തിലെ പോരാട്ട സമരങ്ങൾക്ക് ഊർജ്ജവും ആവേശവും പകരുന്നു



# റേറാമ സ്ട്രാൻസ്ട്രോമർ

# സാന്ദ്രം, അർദ്ധസ്വച്ഛം, നേരിലേക്കൊരു നവജാലകം


**പ്രമോദ് വെള്ളച്ചാൽ**

എം.ജി.കോളേജ്, ഇരിട്ടി




സ്റേറാക്ക്ഹോമിൽ (Stockhom) രണ്ടായിരത്തി പതിനൊന്നിലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം പ്രഖ്യാപിച്ചു കൊണ്ട് സ്വീഡിഷ് അക്കാദമി റേറാമസ്ട്രാൻസ് ട്രോമറിൻെറ (Tomas Transtromer) കവിതകളെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്. *സാന്ദ്രം, അർദ്ധസ്വച്ഛം നേരിലേക്കൊരു നവജാലകം* (through his condensed, translacent images he gives us fresh access to reality)

എൺപത്കാരനായ ട്രാൻസ്ട്രോമർ പതിനഞ്ചിലധികം കവിതാ സമാഹാരങ്ങൾ എഴുതിയിട്ടുണ്ട്. ഇംഗ്ലീഷ് ഉൾപ്പെടെ അറുപതോളം ഭാഷകളിലേക്ക് ട്രാൻസ്ട്രോമറിൻെറ കവിതകൾ മൊഴിമാററം ചെയ്യപ്പെട്ടിട്ടുണ്ട്. സ്വീഡനിലെ ദീർഘ ശിശിരങ്ങൾ, ഋതുക്കളുടെ താളഭേദങ്ങൾ, പ്രകൃതിയുടെ രമണീയത, തുടങ്ങിയ അനുഭവ ദൃശ്യങ്ങളോ സാക്ഷ്യങ്ങളോ ആണ് ട്രാൻസ്ട്രോമറിൻെറ കവിതകൾ.

1931 ഏപ്രിൽ 15 ന് സ്റേറാക്ക് ഹോമിലാണ് ട്രാൻസ്ട്രോമർ ജനിച്ചത്. കുട്ടികളുടെ ജയിലിലും വൈകല്യമുള്ളവരുടെ കൂടെയും മനഃശാസ്ത്രജ്ഞനായി ജോലി ചെയ്തു. The Sorrow Gondola, New Collected Poems, The Great Enigma: New Collected Poems, The Half Finished Heaven, For the Living and the Dead, Baltics, Paths, Windows and Stones തുടങ്ങിയവയാണ് ഇംഗ്ളീഷ് ഭാഷയിൽ പുറത്തിറങ്ങിയ പ്രധാനപ്പെട്ട രചനകൾ. പരമ്പരാഗത *പ്രകൃതി കവിത* ( Nature poetry) കളിൽ നിന്നും ഇരുണ്ടതും വ്യക്തിപരവുമായ ജീവിതത്തിൻെറ സ്വതന്ത്ര സഞ്ചാരത്തിലേക്കാണ് ട്രാൻസ്ട്രോമർ എഴുതി നീങ്ങിയത്. ശൂന്യതയുടെ ആഴങ്ങളിലൂടെ അജ്ഞാതമായ എന്തിനോടോ സംഘർഷത്തിലേർപ്പെട്ട്, സർവ്വാതിശായിയായ പൊരുൾ തേടിയുള്ള ഒരു അനന്തസഞ്ചാരം *ഞാൻ തന്നെയാണിടം, അവിടെ നിന്ന് തന്നെ സൃഷ്ടിയുയരുന്നു.* (I am the place/ where creation is working itself out) The Out Dost എന്ന കവിതയിൽ ട്രാൻസ്ട്രോമർ പറയുന്നു. തൻെറ കവിതകളിൽ അവിടെയുമിവിടെയും ഇത്തരം മതപരമായ വ്യംഗ്യങ്ങൾ വരുന്നത് അദ്ദേഹം തന്നെ സൂചിപ്പിച്ചിട്ടുണ്ട്. *ജീവിച്ചിരിക്കുന്നതിൽ ഞാനൊരർത്ഥം കണ്ടെത്തുന്നു. യാഥാർത്ഥ്യങ്ങളിലൂടെ അതനുഭവിച്ച്, അതിൽ നിന്ന് എന്തെങ്കിലും നിർമിച്ച്* എന്ന് ട്രാൻസ്ട്രോമർ പറയുന്നു.

മിക്ക അമേരിക്കൻ സർവ്വകലാശാലകളിലും സുഹൃത്തും കവിയുമായ റോബർട്ട്ബ്ലൈ (Robert bly) യുടെ കൂടെ ട്രാൻസ്ട്രോമർ വിശാലമായി വായിക്കപ്പെട്ടിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഏററവുമധികം ശ്രദ്ധ പിടിച്ചു പററിയ സ്ക്കാൻഡനേവിയൻ എഴുത്തുകാരനാണ്റേറാമസ് ട്രാൻസ്ട്രോമർ. നിത്യാനുഭവങ്ങളിൽ അറിയുന്ന നിഗൂഢതകളും അത്ഭുതങ്ങളും ആവിഷ്കരിക്കുക വഴി മതപരമായ നിലപാടുകളിലേക്ക് അഭിരമിക്കുന്നതായി തോന്നാം. അതുകൊണ്ട് തന്നെയാണ് അദ്ദേഹത്തെ ക്രിസ്ത്യൻ കവി എന്ന് വിളിച്ചതും. ആദ്യ കവിതാ സമാഹാരമായ പതിനേഴ് കവിതകൾ (Seventeen poems) 1954 ൽ പ്രസിദ്ധീകരിച്ചു. സ്റേറാക്ക് ഹോം യൂണിവേഴ്സിററിയിലെ വിദ്യാഭ്യാസത്തിനു ശേഷം മനശ്ശാസ്ത്രത്തിനു




പുറമെ ചരിത്രം, മതം, സാഹിത്യം തുടങ്ങിയ വിഷയങ്ങളിലും ട്രാൻസ്ട്രോമർ പരിജ്ഞാനം നേടി .

1950 കളിൽ കവിയായ റോബർട്ട് ബ്ലൈയുമായി ചങ്ങാത്തം കൂടിയത് ഒരു വഴിത്തിരിവായിരുന്നു. രണ്ടു പേരും നിരന്തരമായി ആശയ വിനിമയം നടത്തുമായിരുന്നു. ട്രാൻസ്ട്രോമറിന്റെ കവിതകൾ ഇംഗ്ലീഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ തുടങ്ങിയതും ബ്ലൈ തന്നെയാണ്. ട്രാൻസ്ട്രോമറിന്റെ പ്രസാധകനായ ബോണിയേർസ് 2001 ൽ ട്രാൻസ്ട്രോമറിന്റേയും ബ്ലൈയുടേയും എഴുത്തുകൾ സമാഹരിച്ച് Air mail എന്ന പേരിൽ പുറത്തിറക്കി. സിറിയൻ കവിയായ അഡുണിസ് (Adunis) ആണ് ട്രാൻസ്ട്രോമറിന്റെ കവിതകളെ അറബ് ലോകത്ത് പരിചയപ്പെടുത്തിയതും പ്രചരിപ്പിച്ചതും

1990 ൽ അനുഭവപ്പെട്ട ഹൃദയാഘാതത്തിന്റെ ഭാഗമായി പക്ഷാഘാതത്തിന്റെ പിടിയിലാവുകയും സംസാരിക്കാൻ പററാതാവുകയും ചെയ്തു. എന്നിട്ടും തന്റെ കവിതാസപര്യ അദ്ദേഹം തുടർന്നു കൊണ്ടേയിരുന്നു. അദ്ദേഹത്തിന്റെ ഒടുവിലത്തെ പ്രധാനപ്പെട്ട കൃതിയായ The Great Enigma 2004 ൽ പുറത്തു വന്നു. ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനും ശേഷവും ഒരു കൈകൊണ്ട് പിയാനോ വായിക്കുന്ന ട്രാൻസ്ട്രോമറിന്റെ ചിത്രം അപരാജിത ഹൃദയത്തിന്റെ സംഗീതമാണ് വെളിപ്പെടുത്തുന്നത്.

സ്വീഡണിൽ ട്രാൻസ്ട്രോമർ വിളിക്കപ്പെട്ടത് വിഹഗ കവി (bazzard poet) എന്നാണ്. നിത്യജീവിതത്തിന്റെ മേൽക്കൂരക്ക് മുകളിലൂടെ പറന്ന് മാറി നിന്നാണെങ്കിലും ഭൂമിയേയും മനുഷ്യരുടെ ധർമ്മസങ്കടങ്ങളേയും അനുകമ്പയുള്ള കണ്ണുകളുമായി നിരീക്ഷിക്കുകയും പകർത്തുകയും ചെയ്തത് കൊണ്ടാവാം. ഒരു പക്ഷെ അങ്ങനെ വിളിക്കപ്പെട്ടത്. മാലാഖമാരെക്കുറിച്ചും സ്വർഗാരോഹണത്തെക്കുറിച്ചും പറഞ്ഞിട്ടുള്ള റിൽക്ക(Rilke) യുടെയും ഷെല്ലി (Shelly) യുടെയും നിരയിൽ തന്നെയാണ് ട്രാൻസ്ട്രോമറും

പറക്കലിന്റെ സ്വപ്നസദൃശ്യമായ അനുഭവവും അഗാധതയിലേക്കുള്ള വഴുതി വീഴലും ട്രാൻസ്ട്രോമറിന്റെ കവിതകളിൽ ആവർത്തിച്ചു വരുന്നതായി കാണാം. പ്രില്യൂഡ് (prelude) എന്ന തന്റെ ആദ്യകാല കവിത ആരംഭിക്കുന്നത് *ഉണരൽ സ്വപ്നങ്ങളിൽ നിന്നുള്ള പാരച്യൂട്ട് ചാട്ടമാണ്* (Waking up in A parachute jump from dreams) എന്നാണ്. ഏതോ വിദൂര ഗ്രഹത്തിൽ നിന്നും എല്ലാ ദിവസവുമുള്ള ഈ ചാട്ടം അദ്ദേഹത്തിന്റെ കവിതകളിൽ ആവർത്തിച്ചു വരുന്നത് കാണാം. ഷെല്ലിയുടെ Adonais എന്ന കവിതയിൽ പറയുന്നതുപോലെ ജീവിതത്തിന്റെ സ്വപ്നങ്ങളിൽ നിന്നുമുള്ള ഒരു ഉണരലാണ് പലപ്പോഴും ട്രാൻസ്ട്രോമറിന്റെ കവിതകൾ. അതുപോലെ തന്നെ സ്വപ്നം/യാഥാർത്ഥ്യം, രാത്രി/പകൽ, തിരശ്ചീനം/ലംബം തുടങ്ങിയ പാരസ്പര്യങ്ങൾ കൂടുതലായി വരുന്നത് കാണാം. ഭാവനയുടെ ഒരു ഫോട്ടോഗ്രാഫിൽ വെളിച്ചവും ഇരുട്ടും ഇടചേർന്നു നിൽക്കുംപോലെയുള്ള അസ്പൃശ്യമായ അനുഭവം ജീവിതത്തിന്റെ അസ്വാസ്ഥ്യ തലങ്ങളെ വാചാലമാക്കുന്നുണ്ട്. ദമ്പതികൾ ( The couple) എന്ന കവിത ആരംഭിക്കുന്നത് അർദ്ധസ്വച്ഛമായ അത്തരമൊരു വാഗ്മയ ചിത്രത്തോട് കൂടിയാണ്

അവർ വെളിച്ചം കെടുത്തി
അതിന്റെ വെളുത്ത നിഴൽ
അല്പ സമയമൊന്നു മിന്നി നിന്നു
അന്ധകാരത്തിന്റെ ഗ്ലാസ്സിൽ
ഒരു വെളുത്ത ഗുളികയലിഞ്ഞു ചേരും പോലെ......

*(തർജ്ജമ - ലേഖകൻ)*

(The Switch off the light and its white shade glimmers for a moment before dissolving like a tablet in a glass of darkness)

അ യ ഗ ല ള ി ത മ ാ യ ി അമ്പരപ്പിക്കുന്ന ബിംബങ്ങളാണ് ട്രാൻസ്ട്രോമറിന്റെ കവിതകളുടെ ഒരു സവിശേഷത. മനുഷ്യ ജീവിതത്തിന്റെ സമസ്ത ഭാവങ്ങളും അതിന്റെ പ്രത്യക്ഷവും പരോക്ഷവുമായ വൈകാരിക തലവും അതുകൊണ്ട് തന്നെ ഒരു ഞെട്ടലോട് കൂടിയാണ് ആസ്വാദകന്റെ ഹൃദയത്തിലെത്തുന്നത്. അദ്ദേഹത്തിന്റെ കവിതകളിന്ന് തെളിയിക്കുന്നത്. നഗര ജീവിത പൊലിമകളല്ല മറിച്ച്, കാടുകൾ, ഒഴിഞ്ഞ പാതകൾ, ചിലപ്പോൾ ആഫ്രിക്കൻ വില്ലേജുകൾ, ഉഷ്ണമുള്ളതും ഊഷ്രവുമായ മുറികൾ തുടങ്ങിയവയാണ്. ജീവിതം തുടർച്ചയായി പരിണാമങ്ങളുടെ സഞ്ചാരപഥമായി തീരുന്നു. ബോധവും പെട്ടന്നുള്ള വെളിപാടുകളും കൊണ്ട് നിബിഢമാണെങ്കിലും അത് സൗന്ദര്യാത്മകവും നിഗൂഡവുമായ ഒരു അനുഭവമായി തീരുന്നു.

19-ാം നൂററാണ്ടിലെ മാനവികതയുടെ വക്താക്കളായ മഹാരഥന്മാരായ സംഗീതജ്ഞർ, ബീഥോവൻ, ( Beethoven), ഷെബർട്ട് ( Schubert), പ്രത്യേകിച്ചും ഹെയ്ഡൻ (Haydn), ട്രാൻസ്ട്രോമറിന്റെ കവിതയെ അഗാധമായി സ്പർശിച്ചവരായിരുന്നു. അവരുടെ സംഗീതത്തിന്റെ രസങ്ങളാണ്.



# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# ശൂന്യവേതന അവധി

## leave without allowance

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. സ്ഥിരം ഉദ്യോഗസ്ഥർക്കും മൂന്ന് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള സ്ഥിരപ്പെടുത്താത്ത ഉദ്യോഗസ്ഥർക്കും ഇത് ലഭിക്കും.
2. മററൊരു തരത്തിലുള്ള അവധിക്കും യോഗ്യതയില്ലെങ്കിലാണ് ഇത് ലഭിക്കുന്നത്.
3. എന്നിരുന്നാലും, ശൂന്യവേതന അവധിക്ക് രേഖാമൂലം ആവശ്യപ്പെട്ടാൽ, മററ് തരത്തിലുള്ള അവധിക്ക് യോഗ്യതയുണ്ടെങ്കിൽ കൂടിയും ഉദ്യോഗസ്ഥർക്ക് ശൂന്യവേതന അവധി ലഭിക്കും.
4. സ്ഥിരം ഉദ്യോഗസ്ഥർക്കും മൂന്ന് വർഷത്തിൽ കൂടുതൽ സർവ്വീസുള്ളവർക്കും ഒരേ സമയം 4 മാസം വരെ ഇത്തരത്തിലുള്ള അവധി അനുവദിക്കാവുന്നതാണ്.
5. എന്നാൽ, മൂന്ന് വർഷത്തിൽ താഴെ സർവ്വീസുള്ള സ്ഥിരപ്പെടുത്താത്ത ഉദ്യോഗസ്ഥർക്ക് ഒരേസമയം 3 മാസത്തിൽ താഴെയുള്ള കാലയളവിലേക്ക് മാത്രമേ ഇത് ലഭിക്കുകയുള്ളൂ.
6. സസ്പെൻഷൻ കാലം മുൻകാല പ്രാബല്യത്തോടെ ശൂന്യവേതന അവധിക്കാലമായി പരിഗണിച്ചാൽ സ്ഥിരമല്ലാത്ത ഉദ്യോഗസ്ഥർക്കും ഇത്തരത്തിൽ അവധി അനുവദിക്കുന്നതിന് 3 മാസം എന്ന പരിധി ബാധകമല്ല.
7. മററ് ജോലിക്ക് പോകുക, ഉപരിപഠനത്തിന് പോകുക, ഭാര്യ/ ഭർത്താവിന്റെ ഒപ്പം പോകുക തുടങ്ങിയവയ്ക്കുള്ള പ്രത്യേകതരം ശൂന്യവേതന അവധിക്കും 3 മാസം എന്ന പരിധി ബാധകമല്ല.
8. യഥാസമയം അവധിക്ക് അപേക്ഷ കൊടുക്കാതെ ജോലിക്ക് ഹാജരാകാതിരുന്നാൽ, പ്രസ്തുത കാലം വേണമെങ്കിൽ ഗവൺമെൻറിന് ശൂന്യവേള അവധിക്കാലമായി കണക്കാക്കാം.
9. ക്യാൻസർ, മാനസിക രോഗം, ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾക്ക് മെഡിക്കൽ സർട്ടിഫിക്കേററിന്റെ അടിസ്ഥാനത്തിൽ 18 മാസം വരെ ശൂന്യവേതന അവധി ലഭിക്കുന്നതാണ്.
10. മെഡിക്കൽ സർട്ടിഫിക്കേററിന്റെ അടിസ്ഥാനത്തിലല്ലാതെ ശൂന്യവേതന അവധി ഇൻക്രിമെൻറ്, പെൻഷൻ, സമയബന്ധിത പ്രൊമോഷൻ എന്നിവയെ ബാധിക്കും

---

ഭൗതിക ജീവിതത്തെ വിസ്മയകരമാക്കി മാററിത്തീർക്കാനുള്ള കരുത്ത് ട്രാൻസ്ട്രോമറിന്റെ ജീവിതകാമനകളിൽ തൊട്ട് വെച്ചത്.

റോബിൻ ഫുൾട്ടൺ ( Robin Fultten) ട്രാൻസ്ട്രോമറുടെ കവിതകൾ മുഴുവൻ സമാഹരിച്ചു കൊണ്ട് ( New Collected poems) 1987 ൽ ഇംഗ്ളണ്ടിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. The great Enigma എന്ന പുസ്തകം പ്രസിദ്ധീകരിച്ചതിനു ശേഷം 2011 ൽ അതും കൂടി ചേർത്തു കൊണ്ട് 2011 ൽ പുതിയ പതിപ്പ് പുറത്തിറക്കുകയുണ്ടായി. 1993 ൽ ഓർമ്മകളെ എന്നെ കാണൂ ( Memmories See me) എന്ന ആത്മകഥയും പുറത്തു വന്നു.

തന്റെ കാലത്തിന്റെ രാഷ്ട്രീയ പ്രശ്നങ്ങളോട് മുഖാമുഖം നിന്ന് സംസാരിക്കാത്തതു കൊണ്ട് 1970 കളിൽ മററ് കവികൾ ട്രാൻസ്ട്രോമറെ വിമർശിക്കുകയുണ്ടായി. 1920കളിൽ വികസിച്ച മോഡേണിസ്ററ്/ എക്സ്പ്രഷനിസ്ററ് / സറിയലിസ്റ്റ് ഭാഷ, ഒരു പക്ഷെ മുന്നേ തന്നെ മുളപൊട്ടിയിരുന്നു ട്രാൻസ്ട്രോമറുടെ കവിതകളിൽ എന്നും കാണാനാവും.

ചിതറലുകളുടേയും ഒററപ്പെടലിന്റേയും ചിത്രങ്ങളാണ് ട്രാൻസ്ട്രോമറുടെ കവിതകളിൽ തെളിയുന്നത്. ആധുനികത, എക്പ്രഷനിസം, സറിയലിസം തുടങ്ങിയ ആവിഷ്കാര രീതികളുടെ ഭാവുകത്വ സമന്വയം ഈ കവിതകളിൽ കാണാനാവും. ദ്രുതവെളിപാടുകളുടെ ഭാവഗീത ( Epiphanic lyrics) ങ്ങളാണ് നാലുവരികളിൽ എഴുതപ്പെട്ട കവിതകളിൽ മിക്കതും. അവിടെ പ്രകൃതി സക്രിയമായ ഒരു ഊർജ്ജ പ്രവാഹമായി മാറുന്നുണ്ട്. അവിടെ ഞാൻ, അഹം ഒരു പ്രധാന വസ്തുവായി തീരുന്നു. ബോസ്ററൺ റിവ്യൂവിൽ (Boston Review) നിരൂപകനായ കാററിപറേറർസൺ (Katie Peterson) ഇങ്ങനെ പറയുന്നുണ്ട്. നിരൂപകനും കവിയുമായ, ടോംസെയി ( Tom Sleigh) *ഒരു പിശാചുമായി മുഖാമുഖം* (Interview with a ghost) എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു. *പുതിയ കിണർ കുഴിക്കുമ്പോൾ ആഴങ്ങളിൽ നിന്നും ചുരത്തുന്ന ജലനുരകളുടെ കുതിപ്പുകളിൽ ട്രാൻസ്ട്രോമറിന്റെ കവിതാ ഭാവകാത്മകമായി ഒരിടം കണ്ടെത്തുന്നു*. വായനയുടെ ശ്രദ്ധ ക്ഷണിക്കുന്ന വലിയ ലോകമാണ് റേറാമസ് ട്രാൻസ്ട്രോമറിന്റേത്. അത് അത്ഭുതകരമായ സിദ്ധിയോടെ മനുഷ്യ ലോകത്തെ മാററി മറിക്കുന്ന ചിന്തുകളുടേയും നിരീക്ഷണങ്ങളുടെയും ലോകം.

● ഞാൻ 2012 മാർച്ച് 31 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയാണ്. എൻെറ പെൻഷൻ പേപ്പറുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു. പെൻഷൻ കമ്മ്യൂട്ടേഷനും ഗ്രാററുവിററിയും എങ്ങനെയാണ് കണക്കാക്കുന്നത്.

○ വിരമിക്കുന്നതിന് തൊട്ട് മുമ്പുള്ള പത്ത് മാസത്തെ ശരാശരി അടിസ്ഥാന ശമ്പളത്തിൻെറ പകുതിയാണ് അടിസ്ഥാന പെൻഷൻ. മുപ്പത് വർഷത്തിൽ താഴെ സർവ്വീസുള്ളവർക്ക് അടിസ്ഥാന പെൻഷനിൽ അനുപാതികമായ കുറവ് ഉണ്ടാകും. പെൻഷൻ ഏകീകരണത്തിന് മുമ്പ് ( 1.4.2009 ന് മുമ്പ്) സൂപ്പർ ആന്വേഷൻ തിയതിക്ക് മുമ്പുള്ള 10 മാസത്തെ ശരാശരി അടിസ്ഥാന ശമ്പളമായിരുന്നു പെൻഷന് വേണ്ടി കണക്കാക്കിയിരുന്നത്. മുമ്പു പറഞ്ഞ അടിസ്ഥാന പെൻഷൻെറ 40 ശതമാനം വരുന്ന തുകയാണ് കമ്മ്യൂട്ട് ചെയ്യാവുന്നത്. കമ്മ്യൂട്ടേഷൻ ഫാക്ടർ എന്നൊരു ഘടകം പെൻഷൻ കമ്മ്യൂട്ടേഷനായി ഉപയോഗിക്കുന്നു. കാലാകാലങ്ങളിൽ കമ്മ്യൂട്ടേഷൻ ഫാക്ടർ ഗവൺമെൻറ് തീരുമാനിക്കും. പെൻഷൻ കമ്മ്യൂട്ട് ചെയ്യുമ്പോൾ ഒരുരൂപക്ക് ഒരു വർഷം ലഭിക്കുന്ന തുകയാണ് കമ്മ്യൂട്ടേഷൻ ഫാക്ടർ. 55-ാം വയസ്സിൽ റിട്ടയർ ചെയ്യുന്ന അധ്യാപകരുടെ കമ്മ്യൂട്ടേഷൻ ഫാക്ടർ ഇപ്പോൾ 11.42 ആണ്. സാധാരണ ഗതിയിൽ 12 വർഷത്തേക്കാണ് പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നത്. അടിസ്ഥാന പെൻഷൻെറ 40 ശതമാനം വരുന്ന തുകയുടേയും കമ്മ്യൂട്ടേഷൻ ഫാക്ടറിൻേറയും ഗണിതത്തിൻെറ 12 ഇരട്ടി വരുന്ന തുകയാണ് പെൻഷൻ കമ്മ്യൂട്ടേഷനായി ലഭിക്കുന്നത്. മൊത്തം പെൻഷൻ തുകയിൽ നിന്ന് കമ്മ്യൂട്ട് ചെയ്ത സംഖ്യ ( അടിസ്ഥാന പെൻഷൻെറ 40 ശതമാനം വരുന്ന തുക) കുറവ് ചെയ്തതിന് ശേഷം മാത്രമേ മാസംതോറും പെൻഷൻ തുക ലഭിക്കുകയുള്ളൂ. പെൻഷൻ തുക കമ്മ്യൂട്ട് ചെയ്ത തീയതി മുതൽ 12 വർം പൂർത്തിയാകുന്ന മുറക്ക് പൂർണ്ണമായ പെൻഷൻ പുനസ്ഥാപിക്കപ്പെടും.

പൂർത്തിയാക്കിയ ഓരോ വർഷത്തിനും 15 ദിവസത്തെ ശമ്പളം എന്ന തോതിലാണ് ഗ്രാററുവിററി കണക്കാക്കുന്നത്. അവസാനം വാങ്ങിയ മൊത്ത ശമ്പളമാണ് ( അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂട്ടിക്കിട്ടുന്ന തുക) ഇതിന് ഉപയോഗിക്കുന്നത്. പരമാവധി 16 /12 മാസത്തെ ശമ്പളമേ ഗ്രാററുവിററി ഇനത്തിൽ ലഭിക്കുകയുള്ളൂ. 1.7. 2009 ന് ശേഷം വിരമിച്ചവർക്ക് ( യു.ജി. സി സ്കീമിൽ വരുന്ന കോളേജ് അധ്യാപകർക്ക് 1.3. 2010) പരമാവധി ഗ്രാററുവിററി 7 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്. അതിന് മുമ്പ് വിരമിച്ചവർക്ക് പരമാവധി ഗ്രാററുവിററി 3.3 ലക്ഷമായിരുന്നു.

● ഒരു സുഹൃത്തിൻെറ ആവശ്യത്തിന് ഞാൻ കഴിഞ്ഞ ദിവസം രക്തദാനം നടത്തിയിരുന്നു. അതിന് എനിക്ക് പ്രത്യേക കാഷ്വൽ ലീവിന് അർഹതയുണ്ടോ? ഉണ്ടെങ്കിൽ അത് ലഭിക്കുന്നതിന് ഞാൻ എന്ത് ചെയ്യണം?

○ ഒരു കലണ്ടർ വർഷം രണ്ട് ദിവസം എന്ന കണക്കിൽ രക്ത ദാനത്തിന് പ്രത്യേക കാഷ്വൽ ലീവിന് അർഹതയുണ്ട്. ഇതിന് രക്തദാനം സ്വീകരിച്ച ബ്ളഡ് ബാങ്കിലെ ഡോക്ടറുടെ സർട്ടിഫിക്കേററ് ആവശ്യമാണ്. കാഷ്വൽ ലീവ് അനുവദിക്കുന്ന ഉദ്യോഗസ്ഥന് ഇത്തരത്തിലുള്ള ലീവും പാസ്സാക്കാവുന്നതാണ്. Go (P) N. 234/ 89 Dated 4.5.1989 എന്ന ഗവ. ഉത്തരവിൻെറ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള അവധി അനുവദിച്ചിരിക്കുന്നത്

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697

# എകെപിസിടിഎ അംഗങ്ങളുടെയും

സർവ്വീസിൽ നിന്ന് വിരമിച്ച എകെപിസിടിഎ അംഗങ്ങളുടെയും മുൻകാല പ്രവർത്തകരുടെയും സംഗമം കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ വെച്ച് 5-10-11 ന് നടന്നു. കണ്ണൂർ, കാസർകോഡ്, വ. യനാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നായി 55 അധ്യാപകർ സംഗമത്തിൽ പങ്കടുത്തു. 2006ന് ശേഷവും, അതിനു മുമ്പും സർവ്വീസിൽ നിന്ന് വിരമിച്ച അധ്യാപകരുടെ പെൻഷൻ നിർണ്ണയുവുമായ ബന്ധപ്പെട്ട വിഷയങ്ങൾ വിശധമായി യോഗത്തിൽ ചർച്ച ചെയ്തു. വർത്തമാനകാല സംഘടനാ പ്രവർത്തനങ്ങൾ സംബന്ധിച്ച് മുൻകാല പ്രവർത്തകരുമായി വിശദമായ ചർച്ചകൾക്ക് സംഗമം സാക്ഷിയായി. സംഘടനയുടെ മുൻ പ്രസിഡണ്ടും, ജനറൽ സെക്രട്ടറിയുമായിരുന്ന പ്രൊഫ. വി. നാരായണൻകുട്ടി സംഗമം ഉത്ഘാടനം ചെയ്തു. സംസ്ഥാന പ്രസി. പ്രൊഫ. പി.മമ്മദ് അധ്യക്ഷനായിരുന്നു. പെൻഷൻ ഫിക്സേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രൊഫ. കെ.എസ്. ജയചന്ദ്രൻ അവതരിപ്പിച്ചു. പ്രിൻസിപ്പൽ പ്രൊഫ.



ഗ്ലാഡിസ് പി.ഇ.ഐസക്, പ്രൊഫ. കെ.കെ. ബാലചന്ദ്രൻ, പ്രൊഫ.പ.വി.ചന്ദ്രമോഹൻ, പ്രൊഫ. കെ.ശശിധരൻ, പ്രൊഫ.പി.പി. ജോൺ, പ്രൊഫ. ഹബീബ്, പ്രൊഫ. കെ.കെ. ദേവദാസൻ, പ്രൊഫ. എം,പി.ശ്രീധരൻ നായർ തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി, ഡോ.ഡി.കെ. ബാബു സ്വാഗതവും, ജില്ലാ സെക്രട്ടറി ഡോ.എൻ എം. സണ്ണി നന്ദിയും പറഞ്ഞു

## Government of Kerala

Abstract

Higher Education - Revised guidelines for the Scheme of Appointment/Honorarium of Guest Teachers of the UGC-approved - Orders issued.

**HIGHER EDUCATION (C) DEPARTMENT**

G.O. (P) No. 225/11/H.Edn. Dated. Thiruvananthapuram, .14-9-2011.

Read:- Letter no. F.10-1/2009 (PS) dated 5-2-2010 from B.K. Singh, Deputy Secretary, UGC.

### ORDER

In the letter read above, the Deputy Secretary UGC had conveyed the decision of the commission on the acceptance of recommendation of VI[th] Pay Review Committee regarding revised guidelines for scheme of appointment / honorarium of Guest / Part time teachers.

2. The Government have considered the above decision of the UGC and are pleased to approve the UGC guidelines for the scheme of appointment / honorarium of Guest/Part time teachers with certain modifications.
3. The Guest teacher who possess the minimum qualification for the post of an Assistant Professor shall be eligible Rs. 1000/- per lecture to a maximum of Rs. 25,000/- per month. Revised guide lines for the appointment of Guest /Part time are as detailed below.
   a. Guest/Part time teachers will be appointed only against sanctioned post.
   b. The qualifications for Guest/part time teacher should be same as those prescribed for the regular teachers of Universities/Colleges in UGC'S Regulation.
   c. Director of Collegiate Education will create a pool of qualified guest/contract faculties at the State/University level from which colleges can be permitted to appoint them as per requirement. Till such arrangements are made colleges shall appoint Guest teachers observing prescribed qualifications.
   d. Guest teachers may not be treated like regular teachers of the faculty for the purpose of voting rights for becoming the members of the Board of Studies.
   e. In the absence of qualified youth candidates, retired teachers may be considered for appointment as Guest teacher.
   f. Guest teachers may not be given the benefit of allowances, pension, gratuity etc.
   g. Guest teacher should all the works assigned to the sanctioned post; subject to the existing stipulations in UGC Regulations regarding work load. The date of revision will be w.e.f. 01-1-2010

By Order of the Governor Tom Jose
Principal Secretary to Government

# മുൻകാല പ്രവർത്തകരുടെയും സംഗമം

സർവ്വീസിൽ നിന്ന് വിരമിച്ച എകെപിസിടിഎ അംഗങ്ങളുടെയും മുൻകാല പ്രവർത്തകരുടെയും സംഗമം കോട്ടയം ബസേലിയസ് കോളജിൽ വച്ച് 6-10-11 ന് നടന്നു. കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിന്ന് അധ്യാപകർ സംഗമത്തിൽ പങ്കെടുത്തു. പ്രൊഫ. കെ. സദാശിവൻനായർ, പ്രൊഫ.





തോമസ്ജോസഫ്, ഡോ. വി. രാജേന്ദ്രൻനായർ, ഡോ. കെ. പി. സുകുമാരൻനായർ, ടൊമ്മിച്ചൻ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

# ഡോക്ടറേറ്റ്



മാൻഗ്ലൂർ സർവ്വകലാശാലയിൽ നിന്നും അപ്ലൈഡ് ബോട്ടണിയിൽ ഡോക്ടറേറ്റ് നേടിയ നിലമേൽ എൻ.എസ്.എസ് കോളജ് ബോട്ടണി വിഭാഗം അദ്ധ്യാപിക **പി. അമ്പിളിക്കുട്ടിയമ്മ.** Utilization of Cocoa By Products for Production of Mycological Culture Media and for Mass Multiplication of Bio-control Agents എന്ന വിഷയത്തിൽ കാസർഗോഡ് സി.പി.സി. ആർ.ഐയിലെ ഡോ. ആർ. ചന്ദ്രമോഹനന്റെ മേൽനോട്ടത്തി ലായിരുന്നു ഗവേഷണം



എം. ജി സർവ്വകലാശാലയിൽ നിന്നും പരിസ്ഥിതി ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് രസതന്ത്ര വിഭാഗം അധ്യാപകൻ **കെ. ജെ. ആന്റണി.** ക്രൈസ്റ്റ് കോളജ് ഭൗമപരിസ്ഥിതി ശാസ്ത്ര വകുപ്പുമേധാവി ഡോ. എ.വി.ജോർജ്ജിന്റെ മേൽനോട്ടത്തിൽ ആയിരുന്നു ഗവേഷണം

## ഐഫക്ടോ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു

2011-13 വർഷത്തെ ഐഫക്ടോയുടെ സൗത്ത് സോൺ സെക്രട്ടറിയായി എ.കെ.പി.സി.ടി.എയുടെ മുൻ ജനറൽ സെക്രട്ടറിയും പ്രവർത്തകസമിതി അംഗവും കേരള സർവ്വകലാശാല സിൻഡിക്കേറ്റംഗവുമായ **പ്രൊഫ. പി. രഘുനാഥിനെ** തെരഞ്ഞെടുത്തു.





2011-13 വർഷത്തെ ഐഫക്ടോയുടെ ദേശീയ സെക്രട്ടറിയായി എ.കെ.ജി.സി.ടി യുടെ ജനറൽ സെക്രട്ടറി **പ്രൊഫ. കെ. ജയകുമാറിനെ** തെരഞ്ഞെടുത്തു.

## സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കുന്ന സർക്കാർ നടപടിയ്ക്കെതിരെ









R.No. 36025/81
No. 231

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2009-2011
Rs. 11/- NOVEMBER 2011

With the best compliments from

# AKPCTA Branches

## Bishopmoore College
Mavelikkara

## Christian College
Chenganoor

## NSS College
Cherthala

## Sree Ayyappa College
Eramallikara

Edited , Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar